# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 2 മകരം - 1193 ഫെബ്രുവരി 2018



# 2018 ലെ എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവം....














എറണാകുളം കരയോഗം നടത്തുന്ന വേദാന്ത പഠനക്ലാസ്സിന്റെ 4-ാം വാർഷികാഘോഷം......
13.01.2018ൽ ടി.ഡി.എം ഹാളിൽ നടന്ന ചടങ്ങിൽ കരയോഗം പ്രസിഡന്റ് ശ്രീ.കെ.പി.കെ.മേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് ആഘോഷപരിപാടികൾ ജസ്റ്റീസ് ശ്രീ.എം.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ആചാര്യൻ ശ്രീ.കെ.ആർ.നമ്പ്യാർ സംസാരിച്ചു.

## എഡിറ്റോറിയൽ

# ഇന്ധനവില കുതിച്ചുയരുമ്പോൾ...

പെട്രോളിന്റെ വില കേരളത്തിൽ 76 രൂപയ്ക്ക് മുകളിലായിരിക്കുന്നു. ജനം അന്ധാളിച്ചു നില്ക്കുന്നു. വണ്ടി ഓടിച്ച് ജീവിക്കുന്നവർ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ നെട്ടോട്ടം ഓടുന്നു. കേന്ദ്രസർക്കാരും കേരളസർക്കാരും പരസ്പരം പഴിചാരി ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ജൂലൈ മാസം ഒന്നാം തീയതി ജി.എസ്.റ്റി നടപ്പാക്കിയപ്പോൾ ജനം വലിയ പ്രതീക്ഷയിലായിരുന്നു. നിത്യോപയോഗ വസ്തുക്കളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്നും ജീവിതഭാരത്തിന് അല്പമെങ്കിലും ആശ്വാസം ലഭിക്കുമെന്നുമായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ അതിനുശേഷം എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിക്കുകയാണുണ്ടായത്.നിത്യേന വിലവർദ്ധന എന്ന ആ പ്രതിഭാസം ഇന്നും നടന്നുകൊണ്ടേയിരിക്കുന്നു. വിലനിലവാരം കുതിച്ചുയരുമ്പോൾ ജനങ്ങളുടെ ജീവിതനിലവാരം സ്വാഭാവികമായി താഴേയ്ക്കു പതിക്കും. ഈ വില വർദ്ധനവിന്റെ പ്രധാനകാരണം ജി.എസ്.റ്റി നടപ്പാക്കിയതിലെ അപാകതയാണ്. പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.റ്റി യുടെ പരിധിയിൽ കൊണ്ടു വരാത്തതാണ് ഉപഭോഗ സംസ്ഥാനമായ കേരളത്തിന് ഏറ്റവും വലിയ തിരിച്ചടി. ഇന്ധനവിലവർദ്ധന അനുസരിച്ച് ചരക്ക് കടത്തുകൂലി വർദ്ധിക്കുന്നു; സാധനങ്ങളുടെ വിലയും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. മറ്റുള്ള സകല സാധനങ്ങളേയും ജി.എസ്.റ്റി യുടെ പരിധിയിലുൾപ്പെടുത്താതെ പെട്രോളിയം ഉത്പന്നങ്ങൾ മാത്രം ജി.എസ്.റ്റിയുടെ പരിധിയിൽ കൊ

# ഉള്ളടക്കം

വാല്യം 11 | ലക്കം 02 | ഫെബ്രുവരി 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 18 |
| മാരത്തോൺ മാട്രിമോണി ഡോട്ട് കോം | 21 |
| ഒരു റാന്തലിന്റെ വിഷാദ ചിന്തകൾ | 25 |
| തിരുമലപുണ്യം | 26 |
| കുലസ്ത്രീ | 27 |
| ഭൂമിക്കൊരു സങ്കീർത്തനം | 32 |
| ചരമവാർഷികം | 34 |
| ഹരിസുധാലഹരി | 36 |
| ആരോഗ്യവും നല്ല ശീലങ്ങളും | 40 |
| പാതഞ്ജലയോഗദർശനം | 44 |
| കൃഷിഗീത കാർഷിക വിജ്ഞാനത്തിലെ നിധി | 45 |
| ശ്വാസോച്ഛ്വാസം | 48 |
| ഐതിഹ്യമാല | 51 |
| എറണാകുളം കരയോഗം | |
| പി.എസ് ഗോപിനാഥൻ നായർ അവാർഡ് | 52 |
| മാസഫലം | 54 |
| മാട്രിമോണിയൽ | 55-65 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ണ്ടുവന്നാലും മതി കേരളം രക്ഷപ്പെടും. എന്നാൽ ഏറ്റവും പ്രതിഷേധാർഹമായ കാര്യം പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.റ്റിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരണമെന്നുള്ള നിർദ്ദേശത്തെപ്പറ്റി ജി.എസ്.റ്റി കൗൺസിലിൽ ചർച്ച നടന്നപ്പോൾ കേരളത്തിലെ ജനങ്ങൾക്കേറെ പ്രയോജനം ലഭിക്കുമായിരുന്ന ആ നിർദ്ദേശത്തിനെതിരായാണ് കേരള സർക്കാർ നിലപാടെടുത്തത് എന്നുള്ളതാണ്. പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.റ്റിയുടെ പരിധിയിൽ കൊണ്ടുവന്നാൽ ഇന്ധനവിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്നുള്ളതും അതിനനുബന്ധമായി സാധന വില കുറയുമെന്നുള്ളതും തർക്കമറ്റ വസ്തുതയാണ്. എന്നിട്ടും എന്തേ കേരള സർക്കാർ എതിർത്തത്. ജനം വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടിയാലും കുഴപ്പമില്ല സർക്കാർ ഖജനാവ് വീർത്താൽ മതി എന്നാണോ? എന്തായാലും ഈ നിലപാട് തിരുത്തപ്പെടേണ്ടതാണ്.

ഇന്ധനവില നിശ്ചയിക്കുവാനുള്ള അധികാരം മുൻസർക്കാർ എണ്ണക്കമ്പനികളെ ഏല്പിച്ചുകൊടുത്തതുമുതൽ തുടങ്ങിയതാണ് ജനങ്ങൾക്ക് ഈ ദുരിതം. ജനോപകാരപ്രദമായ ഒട്ടേറെ പരിപാടികൾ നടപ്പാക്കിയ നിലവിലെ കേന്ദ്രസർക്കാരും ഈ ജനദ്രോഹനിയമം ഇന്നോളം മാറ്റിയില്ല എന്നതും ഖേദകരമാണ്. ജനദ്രോഹപരമായ നിയമങ്ങളെ മാറ്റി ജനക്ഷേമം ഉറപ്പാക്കുന്നതിന് പല പ്രതിലോമശക്തികളുടേയും എതിർപ്പിനെ അവഗണിച്ച് ധീരമായ നടപടികൾ കൈക്കൊണ്ട കേന്ദ്രസർക്കാർ അടിയന്തിരമായിത്തന്നെ ഇക്കാര്യത്തിലും വേണ്ടതു ചെയ്യണം. ഇന്ധനവില നിശ്ചയിക്കുവാനുള്ള അവകാശം മുൻപത്തേതുപോലെ സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കുംവിധം വീണ്ടും നിയമം മാറ്റപ്പെടണം.

ഇന്ധനവില സർക്കാർ നിശ്ചയിക്കുക, പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.റ്റിയുടെ പരിധിയിൽ കൊണ്ടുവരിക ഇതുമാത്രമാണ് വിലക്കയറ്റം പിടിച്ചു നിർത്തുവാനുള്ള ഏക പോംവഴി. രാഷ്ട്രീയവ്യത്യാസം മറന്ന് കേരളസർക്കാരും കേന്ദ്രസർക്കാരും ഈ രണ്ട് കാര്യങ്ങളിലും അനുകൂലതീരുമാനമെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉത്തമൻമാരെ വേണം**
**സേവിച്ചുകൊള്ളുവാനും**
**മദ്ധ്യമന്മാരെക്കാര്യകാലേ സേവിക്ക വേണ്ടു.**
**സേവിച്ചീടരുതധമന്മാരെയൊരിക്കലും**
**ഭാവിച്ചീടരുതവരോടഭിമുഖ്യം പോലും.**

*-എഴുത്തച്ഛൻ*


# സ്ഥലം വിൽപ്പനയ്ക്ക്

**തൃപ്പൂണിത്തുറ കളിക്കോട്ട പാലസിന് സമീപം, കോട്ടപ്പുറത്ത് റോഡിന്റെ വലതുവശത്ത് എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള, 16 സെന്റ് 870ച.ലിങ്ക്സ് സ്ഥലം വിൽക്കുവാനുണ്ട്. താല്പര്യമുള്ളവർ രേഖാമൂലം എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**
**എറണാകുളം കരയോഗം**
**ടി ഡി എം ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്,**
**കൊച്ചി 682 016, ഫോൺ: 0484 2361160, Extn 22**

*NB:വിൽപ്പന ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും. Brokers Excuse.*

# ജനറൽ സെക്രട്ടറിയുടെ പംക്തി

ഗുരുവായൂർ അതിഥി മന്ദിരം നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പൈലിങ്ങ് ജോലികൾ പൂർത്തിയായി. ഗുരുവായൂരപ്പന്റെ കൃപയാൽ സമയബന്ധിതമായി നിർമ്മാണ ജോലികൾ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവർത്തനത്തിന്റെ ആവശ്യത്തിലേക്കായി ധനസമാഹരണം നടത്തുന്ന ഘട്ടത്തിലാണ് നാമിന്ന്. 2015 മാർച്ച് 1, 2015 ജൂൺ 28, 2017 ജൂൺ 25 എന്നീ പൊതുയോഗങ്ങളുടെ തീരുമാനമനുസരിച്ച് തൃപ്പൂണിത്തുറയിലുള്ള കരയോഗം വക 16 സെന്റ് 870 ച.ലിങ്ക്സ് സ്ഥലം ആവശ്യമെങ്കിൽ വിൽക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കരയോഗം അംഗങ്ങളുടെയും മറ്റും നിർലോഭമായ സഹകരണത്തോടെ '750 പ്രിവിലേജ് കാർഡുകൾ' നൽകുവാൻ കഴിഞ്ഞാൽ ആയത് വലിയ ഒരു സഹായം ആവുമെന്ന് പറയേണ്ടതില്ലല്ലോ. ആയതിന് എല്ലാ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാവണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

പ്രിവിലേജ് കാർഡ് സംബന്ധിച്ച് കുറച്ചു കൂടി ലളിതമായി അംഗങ്ങൾക്ക് മനസ്സിലാവുന്ന രീതിയിൽ ഇവിടെ രേഖപ്പെടുത്തട്ടെ. 2019 ഡിസംബർ 25-ഓടെ അതിഥി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായി വരുമ്പോൾ ഒരു എയർ കണ്ടീഷന്റ് ഡബിൾ റൂമിന് ഏകദേശം 2500-3000 രൂപ വരെ ദിവസ വാടക നൽകേണ്ടി വരും. ഈ സൗകര്യം മുൻകൂറായി 120 ദിവസത്തേക്ക് 1 ലക്ഷം രൂപ നൽകുന്നവർക്ക് പ്രിവിലേജ് എന്ന നിലയിൽ (1 ലക്ഷം ÷ 120 = 833)എണ്ണൂറ്റി മുപ്പത്തി മൂന്നു രൂപയായി മാത്രമേ ഒരു ദിവസം നൽകേണ്ടി വരുന്നുള്ളൂ.താമസിക്കാൻ വരുന്നവർക്ക് റൂം വാടക നൽകാതെ (ടാക്സ്,അമിനിറ്റീസ് നൽകേണ്ടി വരും) താമസിക്കുവാനും സാധിക്കും. സുരക്ഷിതവും ആധുനിക രീതിയിലുള്ളതുമായ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കരയോഗാംഗങ്ങൾ പരമാവധി ശ്രമിക്കണം. ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത് ഇപ്പോൾ കരയോഗാംഗങ്ങൾക്കാണ്. ആയത് പ്രയോജനപ്പെടുത്തുവാനും പരമാവധി മറ്റു കുടുംബാംഗങ്ങളേയും സഹപ്രവർത്തകരേയും ഈ വിവരം അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഒരു പക്ഷെ അതിഥി മന്ദിര നിർമ്മാണത്തിന്റെ 2-ാം ഘട്ടത്തിൽ 1 ലക്ഷം എന്നത് 1.5-2 ലക്ഷം ആകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ട് അംഗങ്ങൾ ഒരിക്കൽ കൂടി സൗജന്യ നിരക്കിൽ ലഭിക്കുന്ന ഈ പ്രിവിലേജ് കാർഡിന്റെ ഗുണം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അവസരം പാഴാക്കാതെ എറണാകുളം കരയോഗം നവതി സ്മാരക അതിഥി മന്ദിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിങ്ങളോരാരുത്തരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരി 17 ശനിയാഴ്ച വൈകുന്നേരം 5.00ന് 'മദർ ഇന്ത്യ' സിനിമ, ടിഡിഎം ഹാൾ കാവേരിയിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.


എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ഫെബ്രുവരി 23, വെള്ളിയാഴ്ച വൈകുന്നേരം 6.30ന് 'കൂടിയാട്ടം -ജടായുവധം' അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ 31-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ബ്രഹ്മശ്രീ വയപ്പുറം വാസുദേവ പ്രസാദ് ആചാര്യനായി 2018 ഫെബ്രുവരി 18 മുതൽ 25 വരെ ടി.ഡി.എം. ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസപരിപാടിയിൽ ഫെബ്രുവരി 27 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് 'ഉത്തരാസ്വയംവരം' കഥകളി ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു●

*ജനറൽ സെക്രട്ടറി*




**എറണാകുളം കരയോഗത്തിന്റെ പാലാരിവട്ടത്ത് സൗത്ത് ജനതാ റോഡിൽ സ്ഥിതി ചെയ്യുന്ന പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡിൽ പ്രായമുള്ള അമ്മമാർക്കായി ഡേ കെയർ സൗകര്യം ലഭ്യമാണ്. രാവിലെ 9 മണി മുതൽ 6 മണി വരെ, കൂടുതൽ വിവരങ്ങൾക്ക് : 0484 2345061, 2534743, 9446749829**

# എറണാകുളം കരയോഗം
## 16.2.2018 മുതൽ 15.03.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 17.2.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് സിനിമപ്രദർശനം മദർ ഇന്ത്യ (കാവേരി ഹാൾ) |
| 18.2.2018 | ഞായർ | 3.30 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം സമാരംഭം |
| 19.2.2018 | തിങ്കൾ | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം രണ്ടാം ദിവസം |
| 20.2.2018 | ചൊവ്വ | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം മൂന്നാം ദിവസം |
| 21.2.2018 | ബുധൻ | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം നാലാം ദിവസം |
| 22.2.2018 | വ്യാഴം | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം അഞ്ചാം ദിവസം |
| 23.2.2018 | വെള്ളി | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ആറാം ദിവസം |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി: കൂടിയാട്ടം - ജടായു വധം |
| 24.2.2018 | ശനി | 6.30 a.m 6.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ഏഴാം ദിവസം |
| 25.2.2018 | ഞായർ | 1.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം സമാപനം |
| 27.2.2018 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ് അവതരിപ്പിക്കുന്ന കഥകളി |
| | | | : ഉത്തരാസ്വയംവരം |
| 28.2.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വുമൺസ് ഫോറം യോഗം-Social Evening വിവിധ പരിപാടികൾ |
| 1.3.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.3.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.3.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 8.3.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.3.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 11.03.2018 | ഞായർ | 10.00 a.m | : പാർക്കിൻസൺസ് രോഗചികിത്സ (ഇകെഎൻഎം പോളിക്ലിനിക്) |
| 14.3.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 15.3.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |

## വുമൺസ് ഫോറം
## 2018 ഫെബ്രുവരി മാസത്തെ പരിപാടി

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 28.02.2018 | Social Eveing<br>കൂട്ടായ്മ-വിവിധ പരിപാടികൾ | 4.00 P.M. |

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതിയ വർഷത്തിൽ എല്ലാവരും അവരവരുടെ കൂട്ടുകാർക്കെല്ലാം സ്നേഹം നിറഞ്ഞ പുതുവത്സര സന്ദേശങ്ങൾ നല്കിയിരിക്കുമല്ലോ?

വർഷത്തിലെ ഓരോ ദിവസവും പ്രധാനമാണ് കേട്ടോ. അതുകൊണ്ടു തന്നെ സമയം പാഴാക്കാതെ കൂട്ടുകാർ പുതിയതായി എന്തെങ്കിലുമൊക്കെ പഠിക്കാൻ ശ്രമിക്കണെ. പാഠപുസ്തകങ്ങൾ മാത്രമല്ല ഇവിടെ ഉദ്ദേശിച്ചത്. കരവിരുതോ, എഴുത്തോ, വായനയോ എന്തുമാവട്ടെ. ഇഷ്ടമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്തോളു. കൂട്ടുകാരോടൊപ്പം പ്രയോജനപ്രദമായ എന്തെങ്കിലും കാര്യങ്ങളിൽ വ്യാപൃതരാവുക. സമയം എത്ര വേഗത്തിലാണ് നീങ്ങുക എന്നത് കൂട്ടുകാർ ഓർക്കാറുണ്ടാവില്ല.

കളിയോടൊപ്പം മനസ്സും വളരണ്ടേ?

കൂട്ടുകാർ ജീവിതത്തിൽ എന്നും നമുക്ക് പ്രധാനമാണ് കേട്ടോ.. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന് കേട്ടിട്ടില്ലേ?

നല്ല കൂട്ടുകാർ എന്നും, എവിടെയും പരസ്പരസഹായികളായി വർത്തിക്കുന്നവരാണ്..കൃഷ്ണന്റെയും കുചേലന്റെയും കഥ തന്നെ ഇതിനു ഉദാഹരണമാണ് കേട്ടോ..

സുദാമാവും, (കുചേലൻ) ശ്രീകൃഷ്ണനും ആത്മസുഹൃത്തുക്കളായിരുന്നു എന്ന കാര്യം കൂട്ടുകാർ കേട്ടിരിക്കുമല്ലോ? ദാരിദ്ര്യദു:ഖം സഹിക്കാൻ പറ്റാതെ കുചേലപത്നിയുടെ അപേക്ഷ അനുസരിച്ച് കുചേലൻ ശ്രീകൃഷ്ണനെ കാണാൻ ഒരിക്കൽ ദ്വാരകയിലേക്കു പോയി. തന്റെ ഉറ്റ സുഹൃത്തായ ഭഗവാനെ കാണാൻ പോയ കുചേലനെ ദ്വാരപാലകന്മാർ കളിയാക്കി. 'ശ്രീകൃഷ്ണനെ കാണാനോ?' അതെ ഞങ്ങൾ സഹപാഠികളും ആത്മസുഹൃത്തുക്കളുമാണ് സുദാമാവ് പറഞ്ഞു. 'ഇതോ സഹപാഠി' അവർ വീണ്ടും കളിയാക്കി. എങ്കിലും ഭഗവാനോട് ഒന്ന് പറയൂ എന്നായി കുചേലൻ അവർ പോയി ഭഗവാനോട് വിവരം ഉണർത്തിച്ചു. ഉടനെതന്നെ ഭഗവാൻ സപ്രമഞ്ചത്തിൽ നിന്ന് ചാടി എഴുന്നേറ്റു കുചേലന്റെ അടുത്തെത്തി അദ്ദേഹത്തെ ഗാഢമായി ആശ്ലേഷിച്ചു. കക്ഷത്തിലിരുന്ന് അവൽപൊതി പിടിച്ച് വാങ്ങി തുറന്നു ഒരു പിടി വായിലിട്ടു. അമൃതെന്നപോലെ ഭഗവാൻ അതുകഴിച്ചു.

തന്റെ വിഷമങ്ങളെക്കുറിച്ച് ഭഗവാനോട് സൂചിപ്പിച്ചപ്പോൾ ഭഗവാൻ പറഞ്ഞു. 'അങ്ങു എന്താണ്, ആദിപൂജിതനായ ഗണേശനെ ഇതുവരെ പൂജിക്കാതിരുന്നത്? അതുകൊണ്ടല്ലേ ഇത്ര ദാരിദ്രം അനുഭവിക്കേണ്ടി വന്നത് കേട്ടിട്ടില്ലേ ബ്രഹ്മാ വിഷ്ണു, മഹേശ്വരന്മാർപോലും ഗണേശനെയാണ് ആദ്യം ആരാധിക്കുക. സമസ്ത ദേവന്മാരും ഋഷികളും, വേദജ്ഞന്മാരും ബ്രാഹ്മണരും സദാസമയവും അദ്ദേഹത്തെ പൂജിക്കുക വ്രതം അനുഷ്ഠിക്കുകയും ചെയ്യുന്നു. പ്രാർത്ഥിക്കുന്നവർക്ക് എല്ലാം നൽകുന്ന വരദായകനാണ് ഗണേശൻ.

ഭഗവാന്റെ ഉപദേശം കേട്ട് എല്ലാം കൈക്കൊണ്ടാണ് കുചേലൻ സ്വഗൃഹത്തിലേക്കു മടങ്ങിയത്. ഭഗവാൻ കുചേലന് വേണ്ട അനുഗ്രഹങ്ങൾ നല്കുകയും ചെയ്തു. ഗണേശവ്രതം ആദ്യമായി അനുഷ്ഠിച്ചത് ബ്രഹ്മാവത്രെ..

ഇനി ഒരു ഗണേശസ്തുതി കൂടി പഠിച്ചോളൂ

ഖർവം ലംബോദരം സ്ഥൂലം
ജ്വലന്തം ബ്രഹ്മതേജസാ
ഗജവക്ത്രം വഹ്നിവർണ
ഏകദന്തമനന്തകം
ശരണാഗതദീനാർത്ത-
പരിത്രാണപരായണം.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

രാഗപരിചയം

# നർത്തകി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

28-ാമത്തെ മേളകർത്താരാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണ് നർത്തകി.

ആരോഹണം : സ രി ഗ പ ധ നി സ

അവരോഹണം : സ നി ധ പ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി രിഷഭം, അന്തരഗാന്ധാരം, പഞ്ചമം, ചതു:ശ്രുതി ധൈവതം, കൈശികി നിഷാദം.

ചതു:ശ്രുതി രിഷഭത്തിനു പകരം ശുദ്ധരിഷഭം ആലപിച്ചാൽ മലയമാരുതം എന്ന രാഗം കേൾക്കാവുന്നതാണ്. അതുപോലെ കൈശികി നിഷാദത്തിനു പകരം കാകളി നിഷാദം വന്നാൽ സുധാകല്ല്യാണി എന്ന രാഗവും ആകുന്നു.

പഞ്ചമം, നിഷാദം എന്നീ സ്വരങ്ങൾ ശ്രുതിഭേദം ചെയ്താൽ യഥാക്രമം ഓംകാരി (സരിഗമപധസ-സധപമഗരിസ-ഖരഹരപ്രിയയുടെ ജന്യരാഗം), കല്ല്യാണദായിനി (സരിഗമധനിസ-സനിധമഗരിസ-കല്ല്യാണിയുടെ ജന്യരാഗം) എന്നീ രാഗങ്ങൾ ലഭിക്കും.

നർത്തകി ഒരു ഷാഡവ രാഗമാണ്. (ആറു സ്വരങ്ങൾ മാത്രം വരുന്നതിനാൽ). ഒരു മദ്ധ്യമവർജ്ജ്യരാഗം കൂടിയാണിത്. ഈ രാഗത്തിൽ കൃതികൾ വിരളമായേ കാണപ്പെടുന്നുള്ളു. ഗണപതി സച്ചിദാനന്ദ സ്വാമികൾ രചിച്ചതായി പറയുന്ന കൃതികൾ:

1. ഭാവയ ചിത്തേഭക്തി - ഏകതാളം
2. ഹരം ആശ്രയേ - ഖണ്ഡനട ആദി
3. ദത്ത ദിഗംബര - ആദി
4. മാരസ്യമാര മാംപാഹി - ആദി

## ഈ രാഗത്തിലുള്ള ചലച്ചിത്രഗാനങ്ങൾ

1. നളചരിതത്തിലെ നായകനോ - പൊന്നാപുരം കോട്ട
2. പൊന്നിൽ കുളിച്ച രാത്രി - സിന്ദൂരചെപ്പ്
3. അല്ലിയാമ്പൽപ്പൂവുകളെ - കല്ല്യാണരാത്രിയിൽ
4. താരകപ്പൂവന - ജ്വാല
5. ഗുരുപവനപുരെ വാഴും കൃഷ്ണാ - ഹരിശ്രീപ്രസാദം
6. തായ് തന്ത പിച്ചയിലേ വളർന്തേൻ അമ്മാ - സരസ്വതീശപഥം

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ഫെബ്രുവരി മാസം 11-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**


***ജനറൽ സെക്രട്ടറി***

വാസ്തു

# കന്നിമൂല

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

എറണാകുളത്തിനടുത്ത് പണി തീരാത്ത ഒരു വീട് പരിശോധിക്കാനിടയായി. വീട് നില്ക്കുന്നത് ഉദ്ദേശം 2 ഏക്കർ സ്ഥലത്താണ്. വീട് പണിതുടങ്ങിയിട്ട് 8 കൊല്ലമായി എങ്കിലും Structural work മാത്രമാണ് തീർന്നിരിക്കുന്നത്. കൈവശം പണം ഉണ്ടെങ്കിലും പല കാരണങ്ങളാൽ വീട് പണി നീണ്ടു നീണ്ടു പോയികൊണ്ടിരിക്കുന്നു. വാതിലും ജനാലകളും പണികഴിഞ്ഞെങ്കിലും, തേപ്പു പണി തുടങ്ങാൻ കഴിഞ്ഞില്ല. വീടിന്റെ മുൻവശത്തെ റോഡ് വടക്കുനിന്നും, തെക്കോട്ട് ചെരിവാണ്. പറമ്പിന്റെ വടക്കു-കിഴക്കുമൂല 10 അടി ഉയർന്നാണ് നില്ക്കുന്നത്. തെക്കുപടിഞ്ഞാറെ മൂല 20 അടി താഴ്ന്നും നില്ക്കുന്നു. പറമ്പിന്റെ വടക്കു-കിഴക്കും, തെക്കു പടിഞ്ഞാറെ മൂല തമ്മിൽ 30 അടി വ്യത്യാസം ഉണ്ട്.




വീടിന് സമാന്തരമായി തെക്കും-പടിഞ്ഞാറും ഒരു കുട്ടി മതിൽ കെട്ടി 24 സെ.മീ. ഉയരത്തിൽ (Sketch A-B-C) അതിനകത്തുള്ള ഭൂമി നിരപ്പാക്കി ചെറിയ slop വടക്കു കിഴക്കേ മൂലയിലേക്ക് ആക്കണം.

വടക്കുകിഴക്കു മൂല ഉയർന്ന് നില്ക്കുന്നതുകൊണ്ട്, വടക്കുവശത്ത് 24 സെ.മീറ്റർ ഉയരത്തിൽ ഒരു കുട്ടിമതിൽ കെട്ടി വടക്കു കിഴക്ക് ഉയർന്നു നില്ക്കുന്ന ഭാഗം ഒഴിവാക്കിയിടണം ഇപ്പോൾ വീട് നില്ക്കുന്ന സ്ഥലം മാത്രം പ്രത്യേക പറമ്പായി എല്ലാം പെയ്ത്ത് മഴവെള്ളം കിഴക്കുഭാഗത്തു വന്ന് വടക്കു കിഴക്കു ഭാഗത്ത് മഴവെള്ളസംഭരണി ഉണ്ടാക്കണം.

കേരളത്തിൽ എവിടെ വീട് പണി ചെയ്താലും പറമ്പിന്റെ തെക്കുപടിഞ്ഞാറെ മൂല പൊങ്ങിയും, വടക്കു കിഴക്ക് മൂല താഴ്ന്നും ഇരിക്കണം. എപ്പോഴും വെള്ളത്തിന്റെ ഒഴുക്ക് വടക്കോട്ടോ, കിഴക്കോട്ടോ ആയിരിക്കണം.

ഇതിനോടൊപ്പമുള്ള Sketch കാണുക

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## അഭിനന്ദനങ്ങൾ



**കേന്ദ്ര വനിത-ശിശുക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ വിവിധ മേഖലകളിൽ കഴിവു തെളിയിച്ച ആദ്യ വനിതകൾക്കുള്ള ദേശീയ പുരസ്കാരം ഇൻഡ്യയിലെ ആദ്യവനിത സൈബർ ക്രൈം ഇൻവെസ്റ്റിഗേറ്റർ എന്ന നിലയ്ക്ക് ഡോ.പാട്ടത്തിൽ ധന്യ മേനോന് ലഭിച്ചു.**

**രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ശ്രീ.രാംനാഥ് കോവിന്ദിൽ നിന്നുമാണ് ഡോ.പാട്ടത്തിൽ ധന്യമേനോൻ പുരസ്കാരം ഏറ്റുവാങ്ങിയത്.**

**ശ്രീമതി ധന്യമേനോന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### അല്ലാമപ്രഭു

വീരശൈവ പണ്ഡിതന്മാരിൽ ബസവേശ്വരൻ കഴിഞ്ഞാൽ അല്ലാമപ്രഭുവിനാണ് പ്രമുഖസ്ഥാനം. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹത്തെ അനുയായികൾ ആദരപൂർവ്വം പ്രഭുദേവ എന്ന് വിളിച്ചുപോന്നു. ധനപുഷ്ടിയുള്ള ഒരു ബ്രാഹ്മണ കുടുംബത്തിലാണ് അല്ലാമപ്രഭു ജനിച്ചത്. വേദം, ഉപനിഷത്ത്, പുരാണം, അദ്വൈതസിദ്ധാന്തം മുതലായ വിഷയങ്ങളിൽ അഗാധമായ ജ്ഞാനം നേടിയ അദ്ദേഹം 'അനുഭവമണ്ഡല'ത്തിലെ മുഖ്യാചാര്യനായിത്തീർന്നു.ബസവേശ്വരന്റെ വീരശൈവപ്ര സ്ഥാനത്തിന്റെ അനുയായി എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. എന്നാൽ ബസവേശ്വരനെ സംബന്ധിച്ചിടത്തോളം പ്രഭുദേവ ഗുരുസ്ഥാനീയനായിരുന്നു.കാമലത എന്ന അതിസുന്ദരിയായ ഒരു ബ്രാഹ്മണ കന്യകയെ പാണിഗ്രഹണം ചെയ്ത് പ്രഭുദേവ സന്തോഷകരമായ ദാമ്പത്യം നയിച്ചു. എന്നാൽ പത്നിയുടെ അകാലനിര്യാണം അദ്ദേഹത്തെ ദുഃഖത്തിലാഴ്ത്തി. ഈ സംഭവം അല്ലാമപ്രഭുവിന്റെ ജീവിതത്തിൽ പരിവർത്തനമുണ്ടാക്കി. അദ്ദേഹം സന്യാസത്തിലേക്കു തിരിഞ്ഞു. വർഷങ്ങളോളം നീണ്ട ധ്യാനവും അദ്ധ്യയനവും അദ്ദേഹത്തിന്റെ കണ്ണു തുറപ്പിച്ചു. മനുഷ്യ ജീവിതത്തിന്റെ നശ്വരതയും ജനിമൃതികളുടെ ആത്മീയതത്വവും തിരിച്ചറിഞ്ഞതോടെ അദ്ദേഹം ഈശ്വരചിന്തയിൽ സായൂജ്യം കണ്ടെത്തി. ഏതാണ്ട് ഇതേ സമയത്താണ് കർണ്ണാടകയിൽ വീരശൈവ പ്രസ്ഥാനം രൂപം കൊണ്ടത്. ലിംഗരൂപിയായ ഭഗവാൻ ശിവനാണ് തന്റെ ഈശ്വരൻ എന്ന് അല്ലാമപ്രഭുവിനു ബോധ്യമായി. അദ്ദേഹം നാട്ടിലുടനീളം സഞ്ചരിച്ച് വചനപ്രഘോഷണം നടത്തി. സംസ്കൃതത്തിന്റെ അതിപ്രസരമുള്ള പ്രഭുവചനങ്ങൾക്ക് പക്ഷെ സാധാരണക്കാരെ വശീകരിക്കാനായില്ല. ശിവനെയും ശിവലിംഗത്തെയും, കുണ്ഡലസംഗമേശ്വരനെയും മല്ലികാർജ്ജുനനെയും പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം കൃതികൾ രചിച്ചു. സുദീർഘമായ ഒരു ജീവിതം നയിച്ചതിനുശേഷം അല്ലാമപ്രഭു നിര്യാതനായി.

### അക്ക മഹാദേവി

12-ാം നൂറ്റാണ്ടിൽ കർണ്ണാടകത്തിൽ അലയടിച്ച വീരശൈവഭക്തി പ്രസ്ഥാനത്തിന്റെ പതാകാവാ ഹകരിൽ പ്രമുഖയായിരുന്നു അക്ക മഹാദേവി എന്നറിയപ്പെട്ട മഹാദേവിയക്കൻ. 'അക്ക' എന്നാൽ ജേഷ്ഠത്തി എന്നർത്ഥം. നീതിബോധകസിദ്ധാന്തത്തിലധിഷ്ഠിതമായ അവരുടെ വചനങ്ങൾ കന്നഡ ഭക്തി സാഹിത്യത്തിലെ വലിയ മുതൽക്കൂട്ടാണ്. അക്കയുടേതായി 430 വചനങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. സമകാലികരായ മറ്റു കർണ്ണാടക ഋഷികവികളുടേതിനെക്കാൾ തുലോം കുറവാണ് ഇത്. പക്ഷെ കന്നഡ ഭാഷയിൽ ആദ്യമായി വചനങ്ങൾ രചിച്ച വനിത എന്ന പദവി അക്കയ്ക്കു മാത്രം സ്വന്തം.

ബസവണ്ണ, ചെന്ന ബസവണ്ണ, കിന്നരി ബൊമ്മയ്യ തുടങ്ങിയ വീരശൈവ ആദ്ധ്യാത്മികാചാര്യന്മാരാണ് മഹാദേവിയെ ആദരപൂർവ്വം 'അക്ക' എന്നു സംബോധന ചെയ്യാൻ തുടങ്ങിയത്. കർണ്ണാടകദേശത്തിന്റെ ചരിത്രത്തിലും കന്നഡസാഹിത്യത്തിന്റെ ചരിത്രത്തിലും അക്ക മഹാദേവിക്ക് വലുതായ സ്ഥാനം കൽപ്പിച്ചുകാണാം. അക്കയുടെയും ആണ്ടാളുടെയും മീരയുടെയും ജീവിതങ്ങൾ തമ്മിൽ തുലനം ചെയ്തുകൊണ്ട് നിരവധി ഗവേഷണപഠനങ്ങൾ നടന്നിട്ടുണ്ട്.

ശിവമോഗ (ഷിമോഗ) ജില്ലയിലെ ശിവപുര താലൂക്കിൽ പുരാതന നഗരമായ ബനവാസിക്കടുത്ത് ഉഡുഗനി എന്ന ഗ്രാമത്തിലാണ് മഹാദേവിയുടെ ജനനം. ശിവഭക്തരായ നിർമൽഷെട്ടിയും സുമതിയുമായിരുന്നു മാതാപിതാക്കൾ. ബാല്യത്തിൽ തന്നെ ഭഗവാൻ ശിവനിൽ ഭക്തിയുറച്ച മഹാദേവി സൗന്ദര്യത്തിന്റെയും ബുദ്ധിയുടെയും ആൾരൂപമായി വളർന്നു. കൗമാരമെത്തിയതോടെ അവരുടെ കാവ്യപ്രതിഭ തെളിഞ്ഞു പ്രകാശിച്ചു. ചന്നമല്ലികാർജുനൻ എന്ന നാമധേയത്തിലേറിയപ്പെടുന്ന പരമേശ്വരരൂപത്തെ ഉപാസിച്ചുകൊണ്ട് ആത്മാന്വേഷണത്തിൽ വ്യാപൃതയായ മഹാദേവിയുടെ ആദ്ധ്യാത്മികദർശനങ്ങൾ കവിതകളായി വിരിഞ്ഞു. പതിനാറാം വയസ്സിൽ അവർ ലിംഗാരാധനയിൽ

ആകൃഷ്ടയായി. മാതാപിതാക്കളെപ്പോലെ, ശൈവസമ്പ്ര ദായത്തിലെ ഗുരു/ലിംഗ /ജംഗമ ദർശനം അവരെ സ്വാധീനിച്ചു. അന്നത്തെ സാമൂഹ്യവ്യവസ്ഥിതി ലിംഗാരാധനയിൽ നിന്ന് സ്ത്രീകളെ വിലക്കിയിരുന്നു. എന്നാൽ ആത്മാന്വേഷണത്തിൽനിന്നു സ്ത്രീയെ വിലക്കാൻ ആർക്കുമാവില്ലെന്ന് അക്ക തന്റെ ജീവിതം കൊണ്ടു തെളിയിച്ചു. ചന്നമല്ലികാർജുനനെ മനസിൽ പതിസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ട് അവർ ആത്മീയജീവിതം നയിച്ചു. മഹാദേവിയുടെ അനുപമ സൗന്ദര്യത്തിലും കേശസമൃദ്ധിയിലും ആകൃഷ്ടനായ കൗശികൻ എന്ന ജൈനരാജൻ നിർമൽ ഷെട്ടിയോട് പുത്രിയെ തനിക്കു വധുവായി നൽകുക എന്നു കൽപ്പിച്ചു. രാജകോപം ഭയന്ന് ഷെട്ടി പുത്രിയെ കൗശികരാജാവിന് പാണിഗ്രഹണം ചെയ്തുകൊടുത്തു. മാതാപിതാക്കൾക്കു വേണ്ടി മാത്രം വിവാഹത്തിനു വഴങ്ങിയ മഹാദേവിക്ക് ദാമ്പത്യജീവിതവുമായി പൊരുത്തപ്പെടാനായില്ല. ഭർതൃഗൃഹത്തിൽ മഹാദേവിയുടെ രീതികൾ ഏറെ വിമർശനമുയർത്തി. ഈ സാഹചര്യത്തിൽ കൊട്ടാരവും ആഡംബരങ്ങളുമുപേക്ഷിച്ച് അവർ ഭക്തിമാർഗത്തിലേക്കിറങ്ങി. സർവ്വസ്വതന്ത്രയായെങ്കിൽ മാത്രമേ ഈശ്വരസായൂജ്യം ലഭിക്കു എന്ന തത്വചിന്തയിൽ, ഉടുവസ്ത്രം പോലും വേണ്ടെന്നുവെച്ചു. കനത്ത കേശസമൃദ്ധികൊണ്ടു നഗ്നത മറച്ചു.

ഒരു നീണ്ട യാത്രയുടെ തുടക്കമായിരുന്നു ഇത്. ദേശാടനത്തിനിടെ അക്ക ശൈവഭക്തിയുടെ മുഖ്യകേന്ദ്രമായ 'കല്ല്യാണ' എന്ന ദിക്കിലെത്തി. ശിവയോഗികളായ അനേകം സന്യാസികൾ തടിച്ചു കൂടുന്ന തീർത്ഥാടനകേന്ദ്രമായിരുന്നു കല്ല്യാണ. അലഞ്ഞുതിരിഞ്ഞ്, ഭിക്ഷുകിയായി കയറിവന്ന മഹാദേവിയെ അംഗീകരിക്കാൻ സന്യാസിമാർ മടിച്ചു. അനുഭവമണ്ഡലത്തിൽ വെച്ച് ലിംഗായത് ശരണാചാര്യന്മാരായ അണ്ണ (ബസവേശ്വര), പ്രഭു (അല്ലാമ) എന്നിവരുമായുണ്ടായ വാദപ്രതി വാദത്തിൽ മഹദേവിയുടെ ആത്മജ്ഞാനം വെളിപ്പെട്ടു. എല്ലാ അർത്ഥത്തിലും യഥാർത്ഥശിവ യോഗിയാണു മുന്നിലിരിക്കുന്നത് എന്ന വാസ്തവം ബോദ്ധ്യപ്പെട്ട ബസവേശ്വരണ്ണയും അല്ലാമപ്രഭുവും മഹാദേവിയെ 'അക്കാ' എന്നു സംബോധനചെയ്തു. തുടർന്നുണ്ടായ ആത്മീയസുഭാഷിതത്തിലൂടെ അക്കാ അനുഭവമണ്ഡപത്തിൽ തടിച്ചു കൂടിയ ഭക്തജനങ്ങളെ ഉദ്ബുദ്ധരാക്കി. അവിടെ നിന്ന് നേരെ ശ്രീശൈലത്തിലേക്കു തിരിച്ചു. ശ്രീശൈലനാഥനായ തന്റെ പതിയുമായി സംഗമിക്കുക എന്നതായിരുന്നു ഉദ്ദേശം. ഇതിനോടകം അക്കായുടെ അനുയായികളായി ത്തീർന്ന ഭക്തജനങ്ങൾ ശ്രീശൈലത്തേക്ക് തങ്ങളുടെ ആത്മീയഗുരുവിനെ അനുഗമിച്ചു.

ശ്രീശൈലപുരത്തെ കദളീവനം അക്കായുടെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. ഇതാണു തന്റെ പതിയുടെ പൂങ്കാവനം എന്നുറപ്പിച്ചുകൊണ്ട് അവിടെയുള്ള ഒരു ഗുഹയിൽ അക്കാ ധ്യാനത്തിലിരുന്നു. താമസിയാതെ അവർ നിർഗുണോപാസനയുടെ ആന്തരികശക്തി നേടി. കാണുന്ന വൃക്ഷങ്ങളെല്ലാം കല്പ്പവൃക്ഷങ്ങളാണെന്നും, ചെടികളെല്ലാം സഞ്ജീവനിയാണെന്നും, കരകളെല്ലാം തീർത്ഥങ്ങളാണെന്നും, ജലാശയങ്ങളെല്ലാം അമൃതവാപികളാണെന്നും, ജീവികളെല്ലാം സ്വർണ്ണമൃഗങ്ങളാണെന്നും, ഓരോ പാറക്കല്ലും ചിന്താമണിയാണെന്നുമുള്ള തിരിച്ചറിവിൽ അക്കായുടെ ദിവ്യവചനങ്ങൾ പിറന്നു. താനും ഭഗവാനും രണ്ടല്ല ഒന്നുതന്നെയെന്ന ദിവ്യബോധം അക്കായെ ഐക്യസ്ഥാനത്തേക്കുയർത്തി. (ലിംഗായത്ത് സമ്പ്രദായത്തിലെ പരമോന്നതമോക്ഷസ്ഥാനം) ചന്നമല്ലികാർജുനന്റെയും ഭ്രമരാംബികയുടെയും ആസ്ഥാനമായ കദളീവനത്തിൽ വെച്ച്, തന്റെ ഗുഹയിൽ ധ്യാനനിമഗ്നയായിരിക്കെ അക്കമഹാദേവിയുടെ ദേഹി ഭഗവാൻ ശിവനിൽ വിലയം പ്രാപിച്ചു.

## സിദ്ധരാമ

പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണ്ണാടകയിലെ വീരശൈവ പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചവരിൽ സിദ്ധരാമയുടെ പേര് പ്രത്യേക പരാമർശമർഹിക്കുന്നു. ബസവേശ്വരന്റെ അനുയായികളിൽ പ്രമുഖനായ സിദ്ധരാമ സാധുക്കളെയും അഗതികളെയും സഹായിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ സന്യാസിമഠത്തിൽ ആർക്കും പ്രവേശനമുണ്ടായിരുന്നു. അക്കാരണംകൊണ്ടു തന്നെ സിദ്ധരാമക്ക് ധാരാളം അനുയായികളുണ്ടായി. മഹാരാഷ്ട്രയുടെ ഭാഗമായ ഷോണാലിഗെ (ഇന്നത്തെ ഷോലാപൂർ) എന്ന ഗ്രാമമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലം. സിദ്ധരാമയുടെ സേവനങ്ങൾ മൂലം ഗ്രാമം വികസനത്തിന്റെ പാതയിലൂടെ മുന്നേറി. അദ്ദേഹം ഒരു ക്ഷേത്രം നിർമിച്ച് അതിൽ ശിവനെ പ്രതിഷ്ഠിച്ചു. ക്ഷേത്രത്തോടു ചേർന്ന് പൊതുജനങ്ങൾക്കുവേണ്ടി ഒരു ജലസംഭരണിയും നിർമിച്ചു. മനുഷ്യനു മാത്രമല്ല കന്നുകാലികൾക്കും പക്ഷികൾക്കും പ്രയോജനപ്പെടും വിധത്തിലായിരുന്നു ഇതിന്റെ നിർമിതി. ഇന്നും ഷോലാപൂരിൽ ഈ സംഭരണി കാണാം. അന്യന്റെ കണ്ണീർ തുടക്കുക എന്ന ലക്ഷ്യത്തോടെ സിദ്ധരാമ സമൂഹത്തിൽ വ്യാപരിച്ചു. ആവശ്യക്കാർക്ക് കയ്യയച്ചു സഹായങ്ങൾ ചെയ്യുക, സ്ഥിരമായ ജീവിതമാർഗം ഒരുക്കികൊടുക്കുക എന്നിങ്ങനെ പല രീതിയിലായിരുന്നു അദ്ദേഹത്തിന്റെ ജനസേവനം. പണച്ചിലവു കുറക്കാനായി അദ്ദേഹം ക്ഷേ

ത്രാങ്കണത്തിൽ വെച്ച് സമൂഹവിവാഹങ്ങൾ സംഘടിപ്പിച്ചുപോന്നു. സിദ്ധരാമ യെക്കുറിച്ചു കേട്ടറിഞ്ഞ അല്ലാമപ്രഭു അദ്ദേഹത്തെ അന്വേഷിച്ചു കണ്ടെത്തി. അതോടെ ലിംഗാരാധനയിലേക്ക് ആകർഷിക്കപ്പെട്ട സിദ്ധരാമ തന്റെ ശിഷ്ടജീവിതം വീരശൈവപ്രസ്ഥാനത്തിനായി നീക്കിവെച്ചു.

## ശ്രീ മദ്ധ്വാചാര്യർ

ദ്വൈതവേദാന്തപ്രവാചകനായ മദ്ധ്വാചാര്യർ കർണ്ണാടകഭൂമിയുടെ സന്താനമാണ്. തത്വചിന്താമണ്ഡലത്തിന് ഈ പുണ്യജന്മം ഒരു വരദാനമായി ത്തീർന്നു. വായുദേവന്റെ മൂന്നാമത്തെ അവതാരമായാണ് കർണ്ണാടകക്കാർ മദ്ധ്വാചാര്യരെ ആരാധിക്കുന്നത്.

പ്രഥമോ ഹനുമാൻ നാമ
ദ്വീതിയോ ഭീമ ഏവച
പൂർണ്ണ പ്രജ്ഞസ്തൃതീയസ്തു
ഭഗവത്കാര്യസാധകഃ

(ഭഗവാനായ ശ്രീനാരായണന്റെ കാര്യം സാധിക്കുവാൻ ആദ്യം ഹനുമാനായും രണ്ടാമത് ഭീമനായും മൂന്നാമത് പൂർണ്ണപ്രജ്ഞനായും വായുദേവൻ അവതരിച്ചു.) എന്ന ശ്ലോകമാണ് ഈ പാരമ്പര്യവിശ്വാ സത്തിന് ആധാരം.

കർണ്ണാടകത്തിലെ 'ബൊല്ലെ' എന്ന ഗ്രാമത്തിലെ പ്രകൃതിമനോഹരമായ 'പാജെ' എന്ന പ്രദേശത്താണ് മദ്ധ്വാചാര്യർ ജനിച്ചതത്രേ! പിൽക്കാലത്ത് ഈ പ്രദേശം പാജകക്ഷേത്രം എന്ന പേരിൽ പ്രസിദ്ധിനേടി. മാതാപിതാക്കളുടെ കൃത്യമായ പേരുകൾ ഒരിടത്തും രേഖപ്പെടു ത്തിക്കാണുന്നില്ല. പാരമ്പര്യവിശ്വാസമനുസരിച്ച് മദ്ധ്വാചാര്യരുടെ പിതാവ് നടില്ലായ നാരായണഭട്ടരും മാതാവ് വേദവതിയുമാണ്. ജനനവർഷത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്നു.എങ്കിലും പതിമൂന്നാം നൂറ്റാണ്ടിലാണ് മദ്ധ്വാചാര്യർ ജനിച്ചത് എന്നു ഗവേഷകർ അനുമാനിയ്ക്കുന്നു. ഭഗവാൻ അനന്തേശ്വരന്റെ പരമഭക്തരായിരുന്നു നാരായണഭട്ടരും വേദവതിയും. പുത്രലാഭത്തിനായി ഏറെക്കാലം ഭഗവത്ഭജനം നടത്തിയതിന്റെ ഫലമായുണ്ടായ പുത്രനാണ് മദ്ധ്വാചാര്യർ. പുത്രന്റെ തേജോരൂപം കണ്ട് വിസ്മയഭരിതനായ ഭട്ടർ അവന് വസുദേവൻ എന്നു നാമകരണം ചെയ്തു. കുട്ടിയുടെ അസാധാരണമായ പെരുമാറ്റം മാതാപിതാക്കളെ വിഷമിപ്പിച്ചു. ഒരിക്കൽ മാതാപിതാക്കൾക്കൊപ്പം തിഡിയൂരിൽ ഒരു ചടങ്ങിൽ സംബന്ധിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് വസുദേവൻ അപ്രത്യക്ഷനായി. പല ദിക്കിലും അന്വേഷിച്ചു നടന്നതിനുശേഷം ഉഡുപ്പിയിലെത്തിയ നാരായണഭട്ടർ അൽഭുതകരമായ ഒരു കാഴ്ചകണ്ടു. വസുദേവൻ കൂപ്പുകൈകളോടെ അനന്തേശ്വരലിംഗത്തിനു മുമ്പിൽ നിൽക്കുന്നു!

''നീ ഇവിടെ വരെ എങ്ങനെ തനിച്ചു വന്നു.'' എന്ന് ഭട്ടർ ചോദിച്ചു.

''അച്ഛാ ഞാൻ ഒറ്റക്കല്ല വന്നത്. ഭഗവാൻ എന്റെയൊപ്പമുണ്ടായിരുന്നു. അവിടുന്ന് ആദ്യം എന്നെ കനജിയിൽ കൊണ്ടുപോയി. അവിടെ ഞാൻ ശങ്കരനാരായണനെ വന്ദിച്ചു. അവിടെ നിന്നും ഞങ്ങൾ തലൈക്കോട്ടയിലെത്തി മഹാലികേശ്വരനെ വന്ദിച്ചു. പിന്നീട് ഇവിടേക്കു വന്നു ചന്ദ്രമൗലീശ്വരനെ വന്ദിച്ചു. ഈ ശിവലിംഗത്തിൽ ഞാൻ നാരായണനെ കണ്ടു. യാത്രയിലുടനീളം സഹചാരിയായിരുന്ന ഭഗവാനാണ് എനിക്കു വഴി കാണിച്ചു തന്നത്''കുട്ടി മറുപടി പറഞ്ഞു.

പ്രതിഭാശാലിയായ ബാലൻ പ്രാഥമികവിദ്യാഭ്യാസത്തിനൊപ്പം പുരാണങ്ങളും വശമാക്കി. പുരാണകഥാപ്രഭാഷണങ്ങൾ കേൾക്കാൻ അവൻ പ്രത്യേകം താൽപര്യം കാട്ടി. ഒരിക്കൽ ശിവഭട്ടർ എന്ന പ്രസിദ്ധനായ പൗരാണികന്റെ പ്രഭാഷണത്തിൽ തെറ്റു കടന്നുകൂടിയപ്പോൾ വസുദേവൻ ധൈര്യപൂർവ്വം അതു ചൂണ്ടിക്കാട്ടുകയും തിരുത്തുകയും ചെയ്തു. മറ്റൊരവസരത്തിൽ, പുരാണ പ്രഭാഷണത്തിനിടെ സ്വപിതാവിനു മറവി പറ്റിയപ്പോൾ വസുദേവൻ അദ്ദേഹത്തെയും തിരുത്തി.

ഏഴാംവയസിൽ ഉപനയനം കഴിഞ്ഞയുടൻ വസുദേവൻ വേദാദ്ധ്യയന ത്തിനായി 'തോത്തന്തില്ലായ' എന്ന ഗുരുവിന്റെ പാഠശാലയിലെത്തി. പഠിക്കുന്ന സമയമൊഴിച്ച് ബാക്കി സമയമത്രയും ക്രീഡാങ്കണത്തിൽ സഹപാഠികൾക്കൊപ്പം വിനോദത്തിൽ ഏർപ്പെട്ടുപോന്ന വസുദേവനിൽ ഗുരുവിനു നീരസം തോന്നി. സാമാന്യത്തിലേറെ ശരീരപുഷ്ടിയുണ്ടായിരുന്ന ബാലൻ എല്ലാ കളികളിലും മുന്നിട്ടുനിന്നു. അവന്റെ കായികശക്തികണ്ട് അൽഭുതപരതന്ത്രരായ സഹപാഠികൾ ബഹുമാനപുരസ്സരം വസുദേവനെ ഹനുമാനെന്നും ഭീമനെന്നും വിളിച്ചു. ശിഷ്യനു പഠനത്തിൽ ശ്രദ്ധപോരെന്നു തോന്നിയ ഗുരു അവനെ ശാസിച്ചു. എന്നാൽ വസുദേവൻ ചമ്രം പടിഞ്ഞിരുന്ന് നല്ല വ്യക്തമായി തെറ്റുകൂടാതെ വേദസൂക്തങ്ങൾ പാരായണം ചെയ്തു കേൾപ്പിച്ചതോടെ അദ്ദേഹം സംപ്രീതനായി.

പതിനൊന്നാം വയസ്സിൽ വസുദേവൻ ഉഡുപ്പിയിൽ വെച്ച് അച്യുതപ്രജ്ഞർ എന്ന സന്യാസിയെ കണ്ടുമുട്ടി. ആദ്യദർശനത്തിൽ തന്നെ ബാലൻ സന്യാസിയുടെ ശിഷ്യനായി. മാതാപിതാക്കൾ ആവു

ന്നത്ര ശ്രമിച്ചെങ്കിലും സന്യാസം സ്വീകരിക്കുന്നതിൽ നിന്ന് ഏകപുത്രനെ പിന്തിരിപ്പിക്കാനായില്ല.

വാർദ്ധക്യത്തിൽ തങ്ങൾക്കു തുണയില്ലാതാകുമല്ലോ എന്നോർത്ത് അവർ കണ്ണീരണിഞ്ഞു. നിങ്ങൾക്കു മറ്റൊരു പുത്രനുണ്ടായതിനു ശേഷമേ ഞാൻ പൂർണ്ണ സന്യാസം വരിക്കൂ എന്ന് വസുദേവൻ വാക്കു നൽകി. അടുത്ത വർഷം വേദവതി രണ്ടാമത്തെ പുത്രന് ജന്മം നൽകി. (ഈ മകൻ മാതാപിതാക്കളെ അവസാനം വരെ ശ്രുശ്രൂഷിച്ചു. അവരുടെ കാലശേഷം ജേഷ്ഠനിൽ നിന്നു സന്യാസം സ്വീകരിക്കുകയും വിഷ്ണുതീർത്ഥൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.) മാതാപിതാക്കളുടെ സമ്മതത്തോടെ പന്ത്രണ്ടാം വയസ്സിൽ വസുദേവൻ സന്യാസം വരിച്ചു. ഗുരുനൽകിയ 'പൂർണ്ണപ്രജ്ഞൻ' എന്ന ദീക്ഷാനാമത്തിൽ അറിയപ്പെട്ടു. ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് പൂർണ്ണപ്രജ്ഞൻ തികഞ്ഞ സന്യാസിയായിത്തീർന്നു.ഒരിക്കൽ മഹാപണ്ഡിതന്മാരെ ശാസ്ത്രവാദ ത്തിൽ തോൽപ്പിച്ചുകൊണ്ട് ബാലനായ പൂർണ്ണപ്രജ്ഞസന്യാസി ഏവരേയും അമ്പരപ്പിച്ചു. മറ്റൊരവസരത്തിൽ അദ്ദേഹം ഒരു ബൗദ്ധപണ്ഡിതനെയും, മറ്റൊരു പണ്ഡിതനായ വാദിസിംഹ നെയും തത്വശാത്രപരമായ വാദത്തിൽ പരാജിതരാക്കി. ഇതോടെ സന്തുഷ്ടനായ ഗുരു അച്യുതപ്രജ്ഞൻ ശിഷ്യനെ വേദാന്തസാമ്രജ്യത്തിന്റെ അധിപനായി വാഴിക്കുകയും ആനന്ദതീർത്ഥൻ എന്ന പേർ നൽകുകയും ചെയ്തു. വസുദേവൻ മധ്വൻ എന്ന വൈദികദീക്ഷാനാമം കൂടി സ്വീകരിച്ചു. ഇതേ പേരിലാണ് അദ്ദേഹം പ്രസിദ്ധനായത്.

മധ്വാചാര്യർ പിന്നീടുള്ള തന്റെ ജീവിതം പൂർണ്ണമായും വൈദികമായ തത്വശാസ്ത്രം പ്രചരിപ്പിക്കാനായി സമർപ്പിച്ചു.മധുരവചനങ്ങൾകൊണ്ട് ഏവരേയും വശീകരിച്ചതുകൊണ്ടു കൂടിയാകാം അദ്ദേഹം മധ്വാചാര്യർ എന്നറിയപ്പെട്ടത്.

അദ്ദേഹം ആരെയും വാദത്തിനായി പ്രേരിപ്പിച്ചിരുന്നില്ല. പക്ഷേ ഇങ്ങോട്ടു വാദത്തിനു വന്നവരെ സ്വന്തം വാദഗതികൾ കൊണ്ടു നിശ്ശേഷം തോൽപ്പിച്ചു. അഹങ്കാരികളായ ഒട്ടേറെ പണ്ഡി തന്മാർ മധ്വാചാര്യന്മാരുടെ മുമ്പിൽ പരാജയപ്പെട്ടു മടങ്ങിയിട്ടുണ്ട്. ഇത്തരം വിജയഗാഥകളെ വിവരിക്കുന്ന കൃതിയാണ് 'ശ്രീമധ്വവിജയം.' സന്യാസം സ്വീകരിച്ചതിനുശേഷം അദ്ദേഹം ദക്ഷിണ ഭാരതത്തിലുടനീളം സഞ്ചരിച്ച് തത്വവാദം പ്രചരിപ്പിച്ചു. അനന്തശയനം (തിരുവനന്തപുരം), കന്യാകുമാരി, രാമേശ്വരം, ശ്രീരംഗം മുതലായ പ്രധാനതീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചു. പ്രഭാഷണങ്ങളിലൂടെ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. കേരള പര്യടനത്തിനിടയിൽ വിഷ്ണു മംഗലത്തുവെച്ച് അദ്വൈതാചാര്യനായ ത്രിവിക്രമപണ്ഡിതനെ ഒരു ദീർഘസംവാദത്തിലൂടെ തോൽപ്പിച്ചു ശിഷ്യനാക്കി. വിദ്യാശങ്കരസ്വാമികൾ തുടങ്ങിയ അദ്വൈതവാദികളെയും സംവാദത്തിൽ മുട്ടുകുത്തിച്ചു. പഴയ ചില വിശ്വാസങ്ങളെ മധ്വാചാര്യർ യുക്തിപൂർവ്വം ഖണ്ഡിച്ചു. ആദ്ധ്യാത്മികതയെ അന്ധവിശ്വാസങ്ങളുമായി കലർത്തി ജനങ്ങളെ തെറ്റായ വഴിയിലൂടെ നടത്തരുതെന്ന് അദ്ദേഹം നിർദേശിച്ചു. ഇത് കടുത്ത യാഥാസ്ഥിതിക വർഗത്തിന്റെ വിദ്വേഷത്തിനും എതിർപ്പിനും വഴിവെച്ചു. ആചാര്യർ സുധീരം എതിർപ്പുകളെ നേരിട്ടു. ഭീഷണികൾ അദ്ദേഹം വകവെച്ചതേയില്ല. ഉഡുപ്പിയിൽ മടങ്ങിയെത്തിയ അദ്ദേഹം ഭഗവത്ഗീതയുടെ ഭാഷ്യം രചിച്ചു.ഉത്തരഭാരതത്തിലും അദ്ദേഹം തീർത്ഥയാത്രചെയ്തു. സുഭാഷിതങ്ങളിലൂടെ അദ്ദേഹം അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കാനും സനാതനമായ സത്യത്തെ ഉൾക്കൊള്ളാനും ജനങ്ങളെ ഉദ്ബോധിപ്പിച്ചു. നരനാരായണതപോവനം, വ്യാസാശ്രമം മുതലായ പുണ്യസ്ഥാനങ്ങളുടെ കേന്ദ്രമായിരുന്ന ബദരികാശ്രമത്തിലെത്തിയ ആചാര്യർ തന്റെ ഗീതാഭാഷ്യം വ്യാസദേവന്റെ പാദകമലങ്ങളിൽ സമർപ്പിച്ചു.ശിഷ്യസമ്പത്തുകൊണ്ട് അനുഗ്രഹീതനായിരുന്നു മധ്വാചാര്യർ. ബദരികാ ശ്രമത്തിൽ നിന്നു മടങ്ങിയെത്തിയ അദ്ദേഹം 'ബ്രഹ്മസൂത്രഭാഷ്യം' രചിക്കാൻ നിശ്ചയിച്ചു. അദ്ദേഹം സ്വന്തം കൈപ്പടയിലെഴുതിയിരുന്നില്ല. ഗുരു പറഞ്ഞു കൊടുക്കുന്നതെല്ലാം സത്യതീർത്ഥൻ എന്ന ശിഷ്യൻ താളിയോലകളിൽ പകർത്തിയെഴുതുകയായിരുന്നു പതിവ്. ശോഭനഭട്ടൻ എന്ന അദ്വൈത പണ്ഡിതനായിരുന്നു മധ്വാചാര്യരുടെ മറ്റൊരു പ്രമുഖ ശിഷ്യൻ. പത്മതീർത്ഥൻ എന്നൊരു ശിഷ്യനും മധ്വാചാര്യരുടെ അനുയായികളിൽ പ്രമുഖനായിരുന്നു. ആചാര്യന്റെ ഗ്രന്ഥരചനയിൽ ഇവരെല്ലാവരും സഹകരിച്ചു പോന്നു.ഭാഗവതതാൽപര്യം, ഋഗ്ഭാഷ്യം, തിഥിനിർണ്ണയം, പ്രമാണലക്ഷണം, കഥാലക്ഷണം തുടങ്ങിയ ഒട്ടനവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് മധ്വാചാര്യർ. കൃഷ്ണാമൃതമഹാർണവം ആചാര്യരുടെ മറ്റൊരു പ്രശസ്തകൃതിയാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ക്രോഡീകരിച്ച് കർമ്മനിർണ്ണയം എന്ന പേരിൽ പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടുണ്ട്.സാധാരണ ജനങ്ങൾക്ക് പാടാനുതകുന്ന ആചാര്യരുടെ ചില സ്തോത്ര കൃതികൾ മാധ്വഗൃഹങ്ങളിൽ ഇന്നും മറ്റൊലി കൊള്ളുന്നുണ്ട്. യാത്രാവസരങ്ങളിൽ ഗുരുവിനെ അനുഗമിച്ചിരുന്ന ശിഷ്യന്മാർ ആലപിച്ചു പോന്നിരുന്ന കൃതികളാണ് ഇവ.മുഹമ്മദീയരായ ഭരണാധികാരികൾപോലും മധ്വാചാര്യരുടെ സുഭാഷിത ങ്ങളിൽ ആകൃഷ്ടരായിരുന്നു. മലപ്പുടവ മണ്ഡേശ്വരത്ത് ബലരാമവിഗ്രഹം പ്രതിഷ്ഠിച്ചതും

ഉഡുപ്പിയിൽ ശ്രീകൃഷ്ണവിഗ്രഹം പ്രതിഷ്ഠിച്ചതും മധ്വാചാര്യരാണ്. ഈ അവസരത്തിൽ ഏറെ പ്രസിദ്ധമായ 'ദ്വാദശസ്തോത്രം' രചിച്ചു. ഉഡുപ്പി ശ്രീകൃഷ്ണക്ഷേത്രത്തോട് ആചാര്യർക്കു സവിശേഷമായ താൽ പര്യമുണ്ടായിരുന്നു. അവിടത്തെ പൂജാദികാര്യങ്ങൾ നിർവ്വഹിക്കാനായി മധ്വഗുരു സന്യാസം നൽകി എട്ടു ബാലബ്രഹ്മചാരികളെ ഏർപ്പെടുത്തി. ഋഷീകേശതീർത്ഥർ, നരസിംഹതീർത്ഥർ, ജനാർദ്ദന തീർത്ഥർ, ഉപേന്ദ്രതീർത്ഥർ, വാമനതീർത്ഥർ, വിഷ്ണുതീർത്ഥർ, രാമതീർത്ഥർ, അധോക്ഷജതീർത്ഥർ എന്നീ നാമങ്ങളിൽ അറിയപ്പെട്ട ഇവർ മധ്വപരമ്പരയിലെ എട്ടു മഠങ്ങളുടെയും പ്രതിനിധികളായി. ഈ ഗുരുപരമ്പര വികസിച്ച് അനുയായികളിലൂടെ ഇന്നും സജീവമായ വൈദിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുപോരുന്നു. ദേശസ്ഥമഠത്തിലെ ശ്രീപത്മനാഭതീർത്ഥർ, നൃഹരിതീർത്ഥർ എന്നിവരും മധ്വവിജയത്തിന്റെ വ്യാഖ്യാതാവായ വിശ്വപതിതീർത്ഥരും 'അണുമധ്വവിജയ'ത്തിന്റെ വ്യാഖ്യാതാവായ രഘുവര്യ തീർത്ഥരും മധ്വശിഷ്യന്മാരിൽ അഗ്രഗണ്യരാണ്. മധ്വാചാര്യരുടെ ജീവിതകാലത്തുതന്നെ ക്രിസ്തുമതം പ്രചരിച്ചു തുടങ്ങിയിരുന്നു. ഉത്തരഭാരതത്തിൽ ഇസ്ലാംമതം വേരുറപ്പിച്ചു കഴിഞ്ഞിരുന്നു. കർണ്ണാടകത്തിൽ ജൈനമതവും വീരശൈവമതവും പുഷ്ടി പ്രാപിച്ചിരുന്നു. ഇത്തരത്തിൽ മറ്റുമതങ്ങളുടെ കുത്തിയൊഴുക്കിൽ വൈദികമതത്തിനു മങ്ങലേറ്റ കാലഘട്ടത്തിലാണ് അതിനെ പുനരുജ്ജീവിപ്പിക്കേണ്ട കർത്തവ്യം ആചാര്യർ ഏറ്റെടുത്തത്. സംസ്കൃതശാസ്ത്രങ്ങളെ അധികരിച്ച് അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ പണ്ഡിതന്മാർ ഇരുകൈകളും നീട്ടി സ്വീകരിച്ചു.. മധ്വാചാര്യർ മികച്ച വ്യാഖ്യേയകാരൻ കൂടിയായിരുന്നു. കന്നഡഭാഷയിൽ കീർത്തനങ്ങൾ രചിച്ച് അദ്ദേഹം സ്വന്തം ശിഷ്യരെക്കൊണ്ടും സംഗീതജ്ഞരായ ഗായകരെക്കൊണ്ടും പാടി പ്രചരിപ്പിച്ചു. വ്യാസതീർത്ഥൻ, വാദിരാജൻ, രാഘവേന്ദ്രസ്വാമികൾ എന്നിങ്ങനെ ഈ സംഗീതപരമ്പര തുടർന്നു പോന്നു. രാഘവേന്ദ്രസ്വാമികൾ സംഗീതജ്ഞനും മികച്ച വീണാവാദ കനുമായിരുന്നു. കർണ്ണാടകത്തിലെ പുരന്ദരദാസൻ, കനകദാസൻ, വിജയദാസൻ, ഗോപാലദാസൻ എന്നിവർ ഈ ശിഷ്യപരമ്പരയിലെ പ്രമുഖരാണ്. ഇലവങ്കട്ടെ, ഗിരിയമ്മ തുടങ്ങിയ പ്രശസ്ത ഗായികമാരും ഈ കൂട്ടത്തിലുണ്ടായിരുന്നു. വൈദികസന്ദേശം ജനസാമാന്യത്തിനിടയിൽ എത്തിക്കുന്ന ദൗത്യം ഇവർ നിർവഹിച്ചു. അങ്ങനെ ദേശസാഹിത്യഗംഗയുടെ പ്രവാഹംകൊണ്ട് കന്നഡസാഹിത്യം കൂടുതൽ ഉജ്ജ്വലമായിത്തീർന്നു.

എഴുപത്തൊമ്പതു വർഷത്തെ കർമ്മനിരതമായ തന്റെ ജീവിതം ഭഗവൽപാദത്തിങ്കൽ സമർപ്പിക്കാറായി എന്നു മനസ്സിലാക്കിയ ആചാര്യർ ഉത്തരവാദിത്തവും തത്വവാദപാരമ്പര്യവും തുടർന്നുകൊണ്ടുപോകാൻ ശിഷ്യന്മാരെ ചുമതലപ്പെടുത്തിയതിനുശേഷം ബദരികാശ്രമത്തിലേക്കു തിരിച്ചു. എ.ഡി. 1317 ൽ ശിഷ്യരെ പഠിപ്പിക്കുന്നതിനിടയിൽ ആചാര്യർ പെട്ടെന്ന് അപ്രത്യക്ഷനായെന്ന് അനുയായികൾ വിശ്വസിക്കുന്നു. മാഘമാസത്തിൽ വെളുത്തപക്ഷത്തിലെ നവമിതിഥിയിലായിരന്നു ഈ സമാധിയുണ്ടായത്. ഇന്നും ആ ദിവസം മാധ്വനവമിയായി ആഘോഷിച്ചു വരുന്നു.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇതോടൊപ്പം 2000 രൂപ ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

*ജനറൽ സെക്രട്ടറി*

ക്ഷേത്രങ്ങളിലൂടെ

# മലയാലപ്പുഴ ദേവീക്ഷേത്രം

ഇന്ദിരാഭായി (ഫോൺ:8078552892)

പുരാതനകാലം മുതൽക്കു തന്നെ ഹൈന്ദവർ ക്ഷേത്രങ്ങളെ അവരുടെ ജീവിതാടിസ്ഥാനമാക്കി കരുതിപ്പോരുന്നു. ക്ഷേത്രാചാരങ്ങളും പൂജകളും അതാതു ക്ഷേത്രപരിസരത്തുള്ള ആളുകളെയും അവരുടെ ജീവിതക്രമങ്ങളെയും നിയന്ത്രിക്കുന്നു. ക്ഷേത്രത്തിലെ ദേവശക്തി ഭക്തരിലും ദേശവാസികളിലും അനുഗ്രഹമായി പ്രതിഫലിക്കുന്നു.




പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ക്ഷേത്രമാണ് മലയാലപ്പുഴ ദേവീക്ഷേത്രം. മലയാലപ്പുഴ എന്നു കേൾക്കുമ്പോൾ ഈ സ്ഥലത്തിന് ആലപ്പുഴയുമായി എന്തെങ്കിലും സാമ്യമുണ്ടാകും എന്നു തോന്നിയേക്കാം. എന്നാൽ ഈ രണ്ടു പ്രദേശങ്ങളും തമ്മിൽ യാതൊരു സാമ്യവുമില്ല. ആലപ്പുഴ തീരദേശവും മലയാലപ്പുഴ മലയോരപ്രദേശവുമാണ്. പത്തനംതിട്ടയിൽ നിന്നും കുമ്പഴ വഴി എട്ടുകിലോമീറ്റർ സഞ്ചരിച്ചാൽ കുന്നിൻമുകളിലെ ഈ ക്ഷേത്രത്തിലെത്താം. നൂറ്റിയെട്ടു ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നാണ് മലയാലപ്പുഴ ദേവീക്ഷേത്രം. ചുറ്റുമുള്ള അഞ്ചു മലകൾക്കു നടുവിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

മലമുകളിൽ നിന്നുരുണ്ടു വീഴുന്ന കാറ്റിന്റെ ആത്മീയ താളത്തിൽ ലയിച്ച് മലയാലപ്പുഴ ദേവീക്ഷേത്രത്തിലേയ്ക്കൊഴുകിയെത്തുന്ന ഭക്തജനങ്ങൾ ആദ്യം ദർശിക്കുന്നത് ക്ഷേത്രത്തിനുമുന്നിലെ ആൽത്തറയും ഭീമൻ ആൽമരവുമാണ്. ഇത് മലമട സ്വാമിത്തറ എന്നാണറിയപ്പെടുന്നത്. മലയാലപ്പുഴ ദേവീക്ഷേത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന അഞ്ചു മലകളിലും വച്ചാരാധിക്കുന്ന മലദൈവങ്ങളുടെ ആസ്ഥാനമാണ് മലമട സ്വാമിത്തറ. ഈ തറയിൽ നില്ക്കുന്ന അരയാൽ വൃക്ഷത്തിൽ നിരവധി ഔഷധ സസ്യങ്ങളും മറ്റു വൃക്ഷങ്ങളും ലയിച്ചു ചേർന്ന് ധ്യാനനിരതരായി നിൽക്കുന്ന കാഴ്ച ഒരു അപൂർവ്വ ദർശനം തന്നെയാണ്. മലമട സ്വാമിത്തറയ്ക്കു മുന്നിൽ ഭക്തജനങ്ങൾ അടക്കയും വെറ്റിലയും കറുത്ത വസ്ത്രവും നേർച്ചയായി സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ക്ഷേത്രാചാരങ്ങളിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ദ്രാവിഡ സംസ്കൃതി ഇപ്പോഴും നിലനില്ക്കുന്നത് ഇത്തരം നേർച്ച സമർപ്പണങ്ങളിലൂടെ നമുക്കു കാണാൻ കഴിയുന്നതാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് മൂകാംബിക ദേവിയുടെ ഭക്തനായ ഒരു നമ്പൂതിരി മൂകാംബികാദേവി സന്നിധിയിലെത്തി. അദ്ദേഹം അനേകകാലം ദേവീപ്രാർത്ഥനയും ധ്യാനവുമായി ദേവീസന്നിധിയിൽ തന്നെ കഴിഞ്ഞുപോന്നു. പിന്നീടദ്ദേഹം തെക്കൻ ദേശത്ത് മരുത്വാമലയിൽ തപസ്സനുഷ്ടിച്ച് ശിഷ്ടകാലം കഴിയുവാനാഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഭക്തിയിൽ സന്തുഷ്ടയായ ദേവി അദ്ദേഹത്തെ അനുഗ്രഹിക്കുകയും നമ്പൂതിരിയുടെ തേവാര വിഗ്രഹമായ സാളഗ്രാമത്തിലേക്ക് ദേവിയെ ആവാഹിക്കുവാൻ അനുവദിക്കുകയും ചെയ്തു. ദേവി അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടത് രാത്രികാലത്തായിരുന്നതിനാൽ അഷ്ടകാളീശ്വരി ഭാവത്തിലായിരുന്നു. തന്റെ സാളഗ്രാമത്തിലാവാഹിച്ച ദേവിയേയും കൊണ്ട് ഓലക്കുടയുമായി സഞ്ചരിച്ച നമ്പൂതിരി യാത്രയ്ക്കിടയിൽ വല്ലാതെ ക്ഷീണിതനായി. യാത്രാക്ഷീണം തീർക്കുന്നതിനായി നമ്പൂതിരി ദേശപ്രമാണിയുടെ സഹായം തേടി. അദ്ദേഹം നമ്പൂതിരിക്കു വേണ്ട സഹായങ്ങൾ നൽകി എത്ര കാലം വേണമെങ്കി

ലും അവിടെ താമസിച്ചുകൊള്ളുവാൻ അനുവാദവും നൽകി. കുറെ നാളുകൾക്കുശ്ശേഷം നമ്പൂതിരി തന്റെ ലക്ഷ്യത്തിലേക്കുള്ള യാത്ര പുറപ്പെടാൻ തീരുമാനിച്ച് തന്റെ ഓലക്കുടയും സാളഗ്രാമവും സൂക്ഷിച്ചിരുന്ന സ്ഥലത്തെത്തി. അദ്ദേഹത്തിന് സാളഗ്രാമം അവിടെ നിന്നും എടുക്കാൻ സാധിച്ചില്ല. അന്നു രാത്രി അദ്ദേഹത്തിന് സ്വപ്നദർശനമുണ്ടായി. ഞാൻ ഈ മലനാട്ടിൽ തന്നെ വസിക്കുവാനാഗ്രഹിക്കുന്നു. അധികം വൈകാതെ നിങ്ങൾ ഇഹലോകവാസം വെടിഞ്ഞ് എന്നിൽ തന്നെ വന്നു ചേരും എന്ന് ദേവി പറയുന്നതായാണ് സ്വപ്നം കണ്ടത്. സ്വപ്നംപോലെ തന്നെ അധികം വൈകാതെ നമ്പൂതിരി മരിച്ചു. അദ്ദേഹത്തിന്റെ കാലശ്ശേഷം പൂജകളും മുടങ്ങി. പൂജകൾ മുടങ്ങിയതോടെ പല അനർത്ഥങ്ങളും കണ്ടു തുടങ്ങി. ഒരു ദിവസം നമ്പൂതിരിക്ക ഭയം നൽകിയ കുടുംബത്തിലെ ദേവീഭക്തനായ ഒരാൾക്ക് ദേവീദർശനമുണ്ടാകുകയും അതനുസരിച്ച് നമ്പൂതിരിയുടെ സാളഗ്രാമം ഉറച്ച സ്ഥലത്ത് ക്ഷേത്രം പണിയുകയും ചെയ്തു. ഇന്നു ക്ഷേത്രം കാണുന്ന സ്ഥലത്തു നിന്നും നാലര കിലോമീറ്റർ അകലെയുള്ള പാറയുടെ മുകളിലായിരുന്നു ക്ഷേത്രം പണിതത്. കിഴക്കോട്ടു ദർശനമായാണ് ദേവിയെ പ്രതിഷ്ഠിച്ചത്. അച്ചക്കണ്ണാമല, ഊട്ടുപാറമല, ചെറുകുന്നത്തുമല, പുലിപ്പാറമല, ഉപ്പിടുംപാറമല എന്നീ അഞ്ചുമലകൾക്കിടയിൽ വസിക്കുന്ന ദേവിയാണ് മലയാലപ്പുഴദേവി. ഈ മൂലസ്ഥാനപ്രതിഷ്ഠക്ക് രണ്ടായിരത്തി അഞ്ഞൂറിലേറെ വർഷങ്ങളുടെ പഴക്കമുണ്ട്.

മലകയറിച്ചെന്ന് ദേവിയെ ദർശിക്കുവാൻ സാധിക്കാതെ വന്നപ്പോൾ കുടുംബക്കാരണവർ ക്ഷേത്രം പണിത് മാറ്റി പ്രതിഷ്ഠിച്ചതാണ് ഇന്നു കാണുന്ന മലയാലപ്പുഴ ദേവിക്ഷേത്രം. മലയുടെ താഴ്വാരത്തുള്ള സർപ്പക്കാവു നിന്നിരുന്ന സ്ഥലത്താണ് ക്ഷേത്രം പണിത് ദേവിയെ കുടിയിരുത്തിയത്. പാറമുകളിലെ മൂലസ്ഥാനത്ത് ഇന്നും ഭക്തജനങ്ങൾ ദർശനം നടത്താറുണ്ട്. എല്ലാ മലയാള മാസം ഒന്നാം തീയതിയും മൂല സ്ഥാനത്ത് വിശേഷാൽ പൂജകളും ഉണ്ട്. മലയാലപ്പുഴ ദേവിയുടെ ഉത്സവകാല എഴുന്നള്ളത്ത് മറ്റു ക്ഷേത്രങ്ങളിലേതിൽ നിന്നു വ്യത്യസ്ഥമായി ഇടത്തോട്ടു തിരിഞ്ഞാണ് പ്രദക്ഷിണമായി തിരിയുക. ഇടത്തോട്ടു തിരിഞ്ഞു പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടാകാം മലയാലപ്പുഴ ദേവിയെ ഇടത്തിട്ട ദേവിയെന്നും അറിയപ്പെടുന്നു. ഇവിടുത്തെ ദേവിവിഗ്രഹം കടുശർക്കരയോഗത്തിൽ നിർമ്മിച്ചതാണ്. അഞ്ചടി ഉയരത്തിൽ എട്ടുകൈകളോടും കൈകളിൽ ആയുധങ്ങളോടു കൂടിയും വേതാളത്തിന്റെ പുറത്ത് ഒരുകാൽ പിന്നിലും ഒരുകാൽ മുന്നിലുമായി ദാരികവധത്തിനുശ്ശേഷം നില്ക്കുന്ന രൗദ്രഭയാനക ഭാവത്തിലാണ് മലയാലപ്പുഴദേവിയുടെ വിഗ്രഹം കാണപ്പെടുന്നത്. എന്നാൽ ശത്രുനിഗ്രഹയായ ദേവിയുടെ കണ്ണുകളിൽ മാത്രം ഭക്തരക്ഷകയുടെ കരുണാദ്രഭാവമാണ് കാണപ്പെടുന്നത്. ശ്രീമൂകാംബികാ ദേവിയുടെ അംശാവതാരമായതിനാലും ഭദ്രയാണെങ്കിലും ജഗത്ജനനിയും ക്ഷിപ്രപ്രസാദിനിയുമായതിനാലാകാം ഈ ക്ഷേത്രം 108 ദുർഗ്ഗാക്ഷേത്രങ്ങളിൽ ഉൾപ്പെട്ടത് എന്നാണ് കരുതുന്നത്. കടുശർക്കരയോഗത്തിലുള്ള വിഗ്രഹമായതിനാൽ മൂല വിഗ്രഹത്തിൽ പുഷ്പാഞ്ജലി മാത്രമേ പതിവുള്ളു. പണ്ട് പന്ത്രണ്ട് വർഷത്തിലൊരിക്കൽ വിഗ്രഹം മാറ്റി പുതിയതു പ്രതിഷ്ഠിക്കുന്ന പതിവുണ്ടായിരുന്നു. ഒരിക്കൽ വിഗ്രഹം ഇളക്കാൻ നോക്കിയിട്ട് സാധിക്കാതെ വരികയും വിഗ്രഹം ഇളക്കി പ്രതിഷ്ഠ പാടില്ല ഇപ്പോഴുള്ള വിഗ്രഹത്തിൽ പൂജ തുടർന്നാൽ മതിയെന്നും ദേവിയുടെ അരുളപ്പാടുണ്ടാവുകയും ചെയ്തു. ആ വിഗ്രഹമാണ് ഇന്നും മലയാലപ്പുഴ ദേവീക്ഷേത്ര ശ്രീകോവിലിൽ കാണുന്ന അഷ്ടകാളീശരിദേവിയുടെ വിഗ്രഹം. ക്ഷേത്രക്കൊടിമരം കഴിഞ്ഞ് തൂണുകളുള്ള ഇടനാഴി കഴിഞ്ഞാണ് ക്ഷേത്രത്തിന്റെ അകത്തളത്തിലെത്തുക. ഇടതുഭാഗത്തുള്ള തൂണിന്റെ വടക്കുഭാഗത്ത് ഒരു വീരഭദ്രരൂപം കൊത്തിവച്ചിരിക്കുന്നതു കാണാം. ദേവിയുടെ അംഗരക്ഷകനായതുകൊണ്ട് ഈ വീരഭദ്രന് മാന്യസ്ഥാനം നൽകിയിരിക്കുന്നു. ദേവിയുടെ ശ്രീകോവിലിനോടു ചേർന്നു കന്നിമൂലയിൽ പാർവ്വതി ദേവിയുടെ മടിയിലിരിക്കുന്ന ഉണ്ണിഗണപതിയേയും കാണാം.

ഈ ക്ഷേത്രനടയിലും പരിസരങ്ങളിലും ധാരാളം തേനീച്ചകളെ കാണാം. ഇവ തൊഴുതു നിൽക്കുന്ന ആളുകളുടെ ഇടയിലെല്ലാം പറന്നു നടക്കും. തേനീച്ചകൾ അമ്മയുടെ സന്ദേശവാഹകരാണെന്നും. ഇവർ ഫലം പറയുമെന്നും വിശ്വസിക്കുന്നു. ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി ദേവിയുടെ നടയിൽ വഴിപാടുകളർപ്പിച്ചു പ്രാർത്ഥിക്കുമ്പോൾ തേനീച്ചകൾ ശ്രീകോവിലിലേക്കു പറന്നു പോകുന്നതും അതുപോലെ തിരികെ വരുന്നതും കാണാം. അങ്ങനെ തിരികെ വന്നാൽ കാര്യസാദ്ധ്യം ഉറപ്പാണെന്നും അങ്ങനെ തിരികെ വന്നില്ലായെങ്കിൽ കാര്യസാദ്ധ്യത്തിനായി അമ്മയുടെ മുന്നിൽ വീണ്ടും വരേണ്ടിവരും എന്നുമാണ് ഭക്തജനങ്ങൾ വിശ്വസിക്കുന്നത്. ഉഗ്രരൂപിണിയായ മലയാലപ്പുഴ അമ്മയുടെ സന്നിധിയിൽ രൗദ്രാചാരങ്ങളായ ജന്തുബലിയും മറ്റും പണ്ടുകാലത്തു നടന്നിരുന്നു. പിന്നീട് അതു നിർത്ത

ലാക്കി. ഇപ്പോൾ കോഴിയെ പറപ്പിക്കുക എന്നത് ഒരു ആചാരമായി നിലനിർത്തുന്നു. രൗദ്രരൂപിണിയായ ദേവിക്ക് രക്തപുഷ്പാഞ്ജലി ഇഷ്ടവഴിപാടാണ്. നഷ്ടപ്പെട്ടതോ കളവുപോയതോ ആയ വസ്തുക്കൾ കണ്ടുകിട്ടുന്നതിനായി മലയാലപ്പുഴ ദേവീ ക്ഷേത്രത്തിൽ നൂറ്റാണ്ടുകളായി ഒരു വഴിപാടു നടത്താറുണ്ട് ഇത് ശർക്കരത്തോണിയരിപ്പായസം എന്നാണറിയപ്പെടുന്നത്. പ്രത്യേക പൂജകളോടും ശംഖുവിളികളോടും കൂടി അരിയളന്നെടുത്ത് പായസമുണ്ടാക്കി ദേവിക്കു നിവേദിക്കുന്നതാണ് ശർക്കരത്തോണിയരിപ്പായസ വഴിപാട്. ഉച്ചപൂജക്കാണ് ഈ പായസം നിവേദിക്കുന്നത്. ചതുശ്ശതം വഴിപാടും പ്രധാനമാണ്. കുംഭമാസത്തിലെ തിരുവാതിരനാൾ ദേവിക്ക് പട്ടും താലിയും സമർപ്പിക്കുന്നത് മംഗല്യഭാഗ്യത്തിനുത്തമമെന്നു വിശ്വസിക്കുന്നു. കുംഭമാസത്തിലെ തിരുവാതിര നാൾ കൊടിയേറി പതിനൊന്നു ദിവസമാണ് മലയാലപ്പുഴ ദേവിക്ഷേത്രത്തിലെ ഉത്സവം.

ഇന്ന് മലയാലപ്പുഴ ദേവീക്ഷേത്രമിരിക്കുന്ന സ്ഥലം പണ്ട് സർപ്പക്കാവായിരുന്നതിനാൽ കിഴക്കു ഭാഗത്തു പ്രതിഷ്ഠിച്ചിരിക്കുന്ന നാഗദേവതകൾക്ക് വളരെ പ്രാധാന്യമാണ് കല്പിച്ചിരിക്കുന്നത്. ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ ഒരു വലിയ മരം കാണാം ഇത് പാതിരിമരം എന്നാണറിയപ്പെടുന്നത്. പണ്ട് ഈ പ്രദേശത്ത് ഒരു ഭൂതം അധിവസിച്ചിരുന്നു ഈ ഭൂതം സ്ഥലവാസികൾക്കു പല ഉപദ്രവങ്ങളുമുണ്ടാക്കിയിരുന്നു. ഭൂതത്തിന്റെ ശല്യത്തിൽ നിന്നും രക്ഷനേടുന്നതിനായി ആളുകൾ ദേവിയെ ശരണം പ്രാപിച്ചു. ദേവി ആ ദുഷ്ട ഭൂതത്തെ ഒരു മരത്തിൽ പിടിച്ചു കെട്ടി. ഭൂതത്തെ പിടിച്ചു കെട്ടിയ മരം നിന്നിരുന്ന സ്ഥലം അവിശ്വാസികളായ പാതിരിയും കൂട്ടരും കയ്യടക്കി. അവർ മരം മുറിച്ചു വിൽക്കുകയും ചെയ്തു. മരം മുറിച്ചു വിറ്റവരും വാങ്ങിയവരും അകാല ചരമമടഞ്ഞു. പിന്നീട് ഒരു സായ്പ് തേയിലത്തോട്ടവുമുണ്ടാക്കുവാൻ വേണ്ടി ഈ സ്ഥലം ഏറ്റെടുത്തു. സായ്പ്പിനും പലവിധ കഷ്ടതകളുമുണ്ടായപ്പോൾ സായ്പ് ഈ സ്ഥലം ഉപേക്ഷിച്ചു പോവുകയും ചെയ്തു. പാതിരി മുറിച്ചു വിറ്റ മരത്തിന്റെ സ്ഥാനത്ത് പിന്നീടൊരു മരം വളർന്നു വലുതായി പൂത്തു നിൽക്കുന്നതാണ് ഇന്നു നാം കാണുന്ന മരം. ഈ മരം പാതിരിമരം എന്ന പേരിലാണറിയപ്പെടുന്നത്. ഒരു ആൽമരത്തറയിലാണ് ബ്രഹ്മരക്ഷസ്സിന്റെ സ്ഥാനം. ആൽത്തറയ്ക്കുമുന്നിൽ മാടസ്വാമിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ക്ഷേത്രത്തിനു തെക്കും പടിഞ്ഞാറുമുള്ള മലകളെ കന്നുകാലികളുടെ സംരക്ഷകരായ പുലിപ്പാറമലദേവനായും ഉപ്പിടുംപാറമലദേവനായും സങ്കല്പിക്കുന്നു ഇവർക്കു വഴിപാടുകളും നടക്കാറുണ്ട്.

നാഗത്തറയുടെ സമീപത്തായി വർഷത്തിലെ എല്ലാ ദിവസവും പൂക്കുന്ന ഒരു കണിക്കൊന്നമരം കാണാം. ഈ കൊന്ന മരച്ചുവട്ടിലാണ് മഹാദേവന്റെ സ്വയംഭൂലിംഗം സ്ഥിതിചെയ്യുന്നത്. കാടുവെട്ടിത്തെളിച്ചപ്പോൾ ചോരകണ്ട് ചൈതന്യം തിരിച്ചറിഞ്ഞതായാണ് ശിവലിംഗത്തെപ്പറ്റിയുള്ള ഐതീഹ്യം. ശിവലിംഗത്തിന് നിത്യവും പുഷ്പാർച്ചന നടത്തുന്നതിനെന്നോണം ഈ കൊന്നയിൽ എന്നും പൂക്കളുണ്ടാകുന്നു. ശിവലിംഗത്തിനടുത്ത് പടിഞ്ഞാറു ദർശനമായി വടയക്ഷിണി പ്രതിഷ്ഠയുമുണ്ട്. മലയാലപ്പുഴ ദേവീക്ഷേത്രത്തിൽ നിന്നും അരകിലോമീറ്ററകലെയായി കാനന ഭംഗിയാർന്ന ഒരു കാവുണ്ട്. ഇത് ശ്രീകണ്ഠേശ്വരി മൂർത്തീക്കാവ് എന്നാണറിയപ്പെടുന്നത്. ഭഗവതിയുടെ ഇവിടേയ്ക്കുള്ള വരവിനു വഴിയൊരുക്കുകയും ദേവിയെ സംരക്ഷിക്കുകയും ചെയ്ത യോഗീശ്വരനാണ് ഇവിടുത്തെ പ്രധാനമൂർത്തി. ഈ മൂർത്തിയെ തൊഴുതശ്ശേഷം ദേവിയെ തൊഴുതു പ്രാർത്ഥിച്ചാൽ ദേവി വേഗം പ്രസാദിക്കും എന്നാണ് വിശ്വാസം.

കളമെഴുതാതെയാണ് മലയാലപ്പുഴ ദേവീ ക്ഷേത്രത്തിൽ കളമെഴുത്തുപാട്ടു നടക്കുന്നത്. അരിപ്പൊടി മഞ്ഞപ്പൊടി തുടങ്ങിയ വർണ്ണപ്പൊടികൾ കൊണ്ട് ദേവിയുടെ രൂപം കളത്തിലെഴുതി ദേവീ ചരിതം പാടുന്ന പതിവ് ഈ ക്ഷേത്രത്തിലുണ്ടായിരുന്നു. ഒരിക്കൽ കളമെഴുത്തു പാട്ടു നടക്കുന്ന സമയം ദേവീചരിതം പാടികൊണ്ടിരുന്നയാൾ ഉറഞ്ഞുതുള്ളി എന്റെ മുന്നിൽ കളം എഴുതി പാടണ്ട ഞാൻ പാട്ടു കേൾക്കുന്നുണ്ട് എന്നരുളിച്ചെയ്തു. അന്നു മുതൽ കളമെഴുതാതെയാണ് ഇവിടെ കളമെഴുത്ത് പാട്ടു നടക്കുന്നത്. തിരുവിതാംകൂർ രാജവംശത്തിന്റെ വകയായും ഇന്നും ഇവിടെ വൃശ്ചികപ്പാട്ടു നടന്നുവരുന്നു.

കാർഷികമേഖലയായ ഈ പ്രദേശത്തെ ഭൂരിഭാഗം ആളുകളും കൃഷിക്കാരാണ്. കൃഷിക്കാർ അവരുടെ കാർഷികവിളകളെ മോഷ്ടാക്കളിൽ നിന്നും പ്രകൃതിക്ഷോഭത്തിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി മലയാലപ്പുഴ അമ്മയെത്തന്നെ ആശ്രയിക്കുന്നു. ഇങ്ങനെ വിളകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വഴിപാടാണ് മലയാലപ്പുഴ 'തൂപ്പ്' എന്നത്. വിളകളിൽ ഒരംശം ദേവിക്കു സമർപ്പിച്ചു കൊള്ളാമെന്ന് ദേവിയുടെ നടയിൽ തൊഴുതു പ്രാർത്ഥിച്ച് ദേവിയുടെ അനുമതി വാങ്ങുന്നു. ദേവിയുടെ ഉടയാട പോലുള്ള വസ്തുക്കൾ ക്ഷേത്രത്തിൽ നിന്നും വാ

(ശേഷം 24-ാം പേജിൽ)

തുടർച്ച

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

## അയോമുഖി

സീതയെ അന്വേഷിച്ച് നടന്ന രാമലക്ഷ്മണന്മാർ മതംഗാരണ്യത്തിനു മുമ്പ് പാതാളം പോലെ ആഴമേറിയ ഒരു ഗുഹ കണ്ടു. ഈ ഗുഹയുടെ സമീപം കണ്ട രാക്ഷസിയാണ് അയോമുഖി. മൃഗങ്ങളെ ഭക്ഷിച്ചു കൊണ്ടിരുന്ന ഈ രാക്ഷസി ലക്ഷ്മണനെ കയറി പിടിച്ചു തന്റെ കൂടെ കഴിയാനായി ക്ഷണിച്ചു. ഇതു കേട്ടു ദേഷ്യം വന്ന ലക്ഷ്മണൻ അവളുടെ ചെവിയും മൂക്കും അറുത്തു. അലമുറയിട്ട് ആ രാക്ഷസി അവിടെനിന്നും ഓടിപ്പോയി. അധർമ്മത്തിന്റെയും സമൂഹധർമ്മമറിയാൻ പാടില്ലാതെ ജീവിച്ചു വന്ന ഈ രാക്ഷസി അധമ ആഹാരം ഭക്ഷിക്കുന്നവരുടെ സ്വഭാവമാണ് കാണിച്ചത് എന്നതിൽ സംശയമില്ല. ഒരുപക്ഷെ രാക്ഷസസംസ്കാരം മനുഷ്യരുടെ സംസ്കാരത്തിൽനിന്നും വിഭിന്നമാണെന്നു വർണ്ണിക്കുവാൻ കൂടിയായിരിക്കും വാല്മീകി ഇത്തരം സൃഷ്ടികൾ നടത്തിയത്.

## ധന്യമാലിനി

രാവണന്റെ പത്നിമാരിലൊരാൾ. സീതയെ തന്റെ ഇംഗിതത്തിനു ലഭിക്കില്ലായെന്നു മനസി ലാക്കിയ രാവണൻ രാക്ഷസികളോടു സീതയെ പ്രലോഭിപ്പിച്ച് വശംവദയാക്കാൻ പറഞ്ഞു. അപ്പോൾ ധന്യമാലിനി സീതക്ക് ഈ ഭാഗ്യം വിധിച്ചിട്ടില്ലായെന്നും കാമമില്ലാത്തവളെ കാമിക്കുന്നവന്റെ ഉടൽ കാമാഗ്നിയിൽ വെന്തുപോകുമെന്നു പറഞ്ഞ് സീതയിൽനിന്നു പിൻതിരിപ്പിക്കാനുള്ള ശ്രമം നടത്തുന്ന രാക്ഷസിയാണ് ധന്യമാലിനി.

## ശൂർപ്പണഖ

ലങ്കാധിപനായ രാവണന്റെ സഹോദരിയാണ് ശൂർപ്പണഖ. ലങ്കയുടെ നാശത്തിനു കാരണഭൂതയായ സ്ത്രീ എന്നു നമുക്കു പറയുവാൻ കഴിയും. യാദവനെ വിവാഹം ചെയ്തതിൽ രാവണന് കോപം ഉണ്ടായിരുന്നു. പക്ഷെ ഭാര്യയുടെ ഉപദേശത്താൽ സഹോദരീഭർത്താവിനെ നിഗ്രഹിച്ചില്ല. പക്ഷെ ക്ഷേമാന്വേഷണത്തിനായി ചെന്ന രാവണനെ പരിഹസിച്ചു. അങ്ങനെ അയാൾ വധിക്കപ്പെട്ടുവെന്നും പറയപ്പെടുന്നു. കോപാകുലയായ ശൂർപ്പണഖയെ സമാധാനിപ്പിക്കുവാൻ രാവണൻ സഹോദരനായ ഖരനോടൊപ്പം ദണ്ഡകാരണ്യത്തിൽ സുഖമായി താമസിക്കുവാൻ സൗകര്യം ചെയ്തുകൊടുത്തു. അങ്ങനെ ദണ്ഡകാരണ്യത്തിൽ സ്വൈരവിഹാരം ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് രാമലക്ഷ്മണന്മാരെ ശൂർപ്പണഖ കാണുന്നത്. അവരിൽ ആകൃഷ്ടയായ ശൂർപ്പണഖ തന്നെ വിവാഹം കഴിക്കണമെന്നാവശ്യപ്പെട്ടു. കൂടാതെ വികൃതയും വിരൂപയുമായ സീത രാമന് ചേർന്നവളല്ലെന്നുകൂടി പറഞ്ഞു. രാമന്റെ വാക്കുകേട്ട് ലക്ഷ്മണനേയും അവൾ സമീപിച്ചു. രണ്ടുപേരും അവളുടെ ആവശ്യം നിഷേധിച്ചപ്പോൾ സീതയാണിതിനു കാരണക്കാരിയെന്നു ധരിച്ച് സീതയുടെ നേർക്ക് ക്രൂദ്ധയായി ചെന്നു. ഈ സമയം സീതയുടെ ജീവൻ രക്ഷിക്കണമെന്ന രാമന്റെ വാക്കുകേട്ട് ലക്ഷ്മണൻ വാളൂരി അവളുടെ കാതും മൂക്കും ഛേദിച്ചു. വിരൂപയും ഘോരാകാരയുമായ രാക്ഷസി മഴക്കാലത്തെ ഇടിനാദമെന്ന പോലെ അലറിയെന്നാണ് വാല്മീകി വിവരിക്കുന്നത്. ഖരന്റെ അടുത്തുചെന്ന് ശൂർപ്പണഖ പോരിൽ രണ്ടു പേരുടേയും അവളുടേയും രക്തം കുടിക്കണ മെന്നാവശ്യപ്പെടുന്നു. യുദ്ധംചെയ്യാൻ പുറപ്പെട്ടവരുടെ കൂടെചെന്ന് എല്ലാവരേയും കാണിച്ചുകൊടുത്തു. ആദ്യം പോയ രാക്ഷസരെല്ലാം വധിക്കപ്പെട്ടപ്പോൾ ശൂർപ്പണഖ വീണ്ടും ഖരന്റെ അടുത്തുവന്നു കരഞ്ഞു. ദണ്ഡകാരണ്യത്തിൽ വസിക്കുന്ന രാമനെ കൊലചെയ്യാനായി അവൾ അധിക്ഷേപവാക്കുകൾ പ്രയോഗിച്ചു. ശൂർപ്പണഖയുടെ വാക്കുകേട്ട് ഖരൻ യുദ്ധത്തിനായി പുറപ്പെട്ടു. ഖരനും സംഘവും വധിക്കപ്പെട്ടു. അതിനുശേഷം ശൂർപ്പണഖ രാവണന്റെ സമീപമെത്തി. രാജസഭയിൽ കടന്ന് രാവണനോടു പരുഷവാക്കുകൾ പറഞ്ഞു. സ്ത്രീവധം വേണ്ടെന്നുകരുതിയാവാം തന്നെ വധിക്കാത്തതെന്നും മറ്റും പറഞ്ഞു. രാമലക്ഷ്മണന്മാരെ വിവരിക്കുകയും കൂട്ടത്തിൽ സീതയുടെ അംഗലാവണ്യം വർണ്ണിക്കുകയും ചെയ്തു. സുന്ദരിയും സുശീലയുമായ സീത രാവണനു ചേരും എന്നും പൊതുവേ സ്ത്രീകളോടു താല്പര്യമുള്ള രാവണനെ സീതയുടെ സൗന്ദര്യം വർണ്ണിച്ച് ഭ്രമിപ്പിക്കാനും ശൂർപ്പണഖ ശ്രമിച്ചു.

വിശ്രുവസിന്റെ ഇളയ പുത്രിയായ ശൂർപ്പണഖക്ക് മീനാക്ഷി എന്ന നാമമാണ് മാതാപിതാക്കൾ

നൽകിയിരുന്നത്. ബ്രഹ്മവൈവൃതപുരാണത്തിൽ ശൂർപ്പണഖ രാമനെ ലഭിക്കുവാൻ ബ്രഹ്മാവിനെ തപസിൽ കൂടി ധ്യാനിച്ചുവെന്നും പറയുന്നു. അതുപോലെതന്നെ ശ്രീകൃഷ്ണാവതാരത്തിൽ മധുരയിൽ കൂനിയെ (കുബ്ജ)സുന്ദരിയാക്കിയതായി ഒരു കഥയുണ്ട്. അത് ശൂർപ്പണഖയായിരുന്നുവെന്നും പറയപ്പെടുന്നു.

ഏതായാലും രാമരാവണയുദ്ധത്തിന്റെ പ്രേരകയും രാവണവധത്തിന്റെ മുഖ്യവർത്തിയായി കാണുന്നതും ശൂർപ്പണഖയേയാണ്. ശൂർപ്പണഖ ഇല്ലായിരുന്നുവെങ്കിൽ വേറെ ദിശയുണ്ടാകേണ്ടി വരുമായിരുന്നു.

### ശബരി

സീതാപഹരണശേഷം ജടായുവിന്റെ മരണാനന്തരകർമ്മങ്ങൾ നടത്തി സീതാന്വേഷണത്തിനു പുറപ്പെട്ട രാമലക്ഷ്മണന്മാർ കബന്ധൻ എന്ന രാക്ഷസനെ കണ്ടു. ശാപത്താൽ കബന്ധനായ ഗന്ധർവ്വനെ വധിച്ചശേഷം ശാപമോക്ഷം നേടിയ കബന്ധൻ സീതയെ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ രാമന് പറഞ്ഞുകൊടുത്തു. സുഗ്രുവസഖ്യം കാര്യസാധ്യത്തിനുതകുമെന്നും പറഞ്ഞു. പോകുന്ന വഴിയിൽ മതംഗമഹർഷിയുടെ ആശ്രമത്തേക്കുറിച്ചും പറഞ്ഞു. അദ്ദേഹത്തിന്റെ ശിഷ്യന്മാരവിടെ യില്ലെന്നും അവരുടെ പരിചാരികയായ ശബരി എന്ന വൃദ്ധയായ തപസ്വിനിയേക്കുറിച്ചും പറയുന്നു. ധർമ്മനിഷ്ടയോടുകൂടി കർമ്മം ചെയ്ത് എല്ലാവരുടേയും ആരാധനാപാത്രമായ അവർ രാമനെ കണ്ടുകഴിഞ്ഞാൽ സ്വർഗ്ഗത്തിൽ പോകുമെന്നുകൂടി പറഞ്ഞു. മതംഗവനത്തിലെത്തിയാൽ ക്ലേശങ്ങൾ ഇല്ലാതാകുമെന്നു കൂടി പറഞ്ഞ് കബന്ധൻ വിട വാങ്ങി. കബന്ധൻ പറഞ്ഞ വഴികളിലൂടെ നടന്ന അവർ പമ്പാനദിയുടെ പടിഞ്ഞാറു ഭാഗത്ത് ശബരിയുടെ ആശ്രമം കണ്ടു. ശബരിയേയും കണ്ടു. തപസ്സിദ്ധിയുള്ള ശബരി അവരെ മനസിലാക്കി. പാദങ്ങൾ തൊട്ടു നമസ്കരിച്ചു. ശബരിയുടെ സുഖവിവരങ്ങൾ അന്വേഷിച്ചപ്പോൾ എന്റെ ജന്മം രാമദർശനത്താൽ സഫലമായെന്നും ഗുരുഭൂതന്മാർ സംപൂജ്യരായെന്നും പറഞ്ഞു. തന്റെ ഗുരുക്കന്മാർ രാമന്റെ വരവ് നേരത്തേ പ്രവചിച്ചിരുന്നതിനാൽ ഫലമൂലാദികൾ താൻ നേരത്തേ ശേഖരിച്ചുവെച്ചിരുന്നെന്നും മറ്റും പറഞ്ഞു. കബന്ധനിൽനിന്നും ശബരിയുടെ മാഹാത്മ്യകഥകൾ കേട്ട വിവരം രാമനും പറഞ്ഞു. സന്തോഷഭരിതയായ ശബരി തനിക്ക് ഗുരുക്കന്മാരായ മുനിവര്യരുടെ സമീപത്തേക്കുപോകണമെന്നു പറഞ്ഞു. രാമനനുഗ്രഹിച്ചു. ജ്ഞാനിയായ ശബരി അഗ്നിയിൽ സ്വയം ഹോമിച്ചു പുണ്യാത്മാക്കൾ വിഹരിക്കുന്നിടത്തേ ക്കുപോയിയെന്നും വാല്മീകി വിവരിക്കുന്നു.

ഇവിടെ നന്മയുടേയും ആത്മജ്ഞാനത്തിന്റേയും പ്രതീകമായി ശബരി എന്ന സ്ത്രീരത്നത്തെ വാല്മീകി വർണ്ണിക്കുന്നു. ആരു പ്രതിസന്ധിയിലായാലും കൊടുംകാട്ടിലായാലും ആത്മീയശക്തിയാൽ അവിടെ പ്രകാശപൂരിതമാക്കാനും ജന്തുജീവജാലങ്ങൾക്ക് സ്വൈരവിഹാരം നടത്തുവാനും സസ്യലതാദികൾ തഴച്ചു വളരാനും അങ്ങനെ സംശുദ്ധമായ ഒരു പ്രകൃതിയെ നമുക്കു ഉണ്ടാക്കാൻ സാധിക്കുമെന്നും ഈ വനത്തിന്റെ വർണ്ണനയിൽ നിന്നും നമുക്കു മനസിലാക്കാം. ഒരു ചെറിയ ജീവിതത്തിനുള്ളിൽ തനിക്കു ചെയ്യേണ്ടതായ കടമകൾ മുഴുവൻ നടത്തി തന്റെ പൂർവ്വികരുടെ സമീപത്തെത്താൻ ആഗ്രഹിക്കുന്ന ശബരി മനുഷ്യജന്മത്തിന് അനുകരിക്കാൻ പറ്റുന്ന ഒന്നായി ആണ് വാല്മീകിയുടെ വാക്കുകളിലൂടെ നാം മനസ്സിലാക്കുന്നത്. പുണ്യാത്മാക്കളുടെ വരവിനുവേണ്ടി സകല പഴങ്ങളും പറിച്ച് കാത്തിരിക്കുന്ന ഒരമ്മ. ആ കാലഘട്ടത്തിലും ആത്മീയമായ തപശ്ശക്തി നേടി മറ്റൊരാൾക്ക് സഹായമായി മാറുന്ന ഒരു സ്ത്രീരത്നത്തേയാണ് നാം ശബരിയിലൂടെ ദർശിക്കുന്നത്. അതിഥി ദേവോ ഭവഃ എന്ന ഭാരതീയ സംസ്കാരത്തന്റെ ഉത്തമ പ്രതീകമായ ശബരി. ബാഹ്യചക്ഷസ്സുകൾകൊണ്ട് കാട് മുഴുവൻ രാമന് കാട്ടിക്കൊടുക്കുവാൻ ശബരിക്കു കഴിഞ്ഞു. എല്ലാ വിവരങ്ങളും രാമന് നൽകിയാണ് ആ ആത്മീയശക്തി പിതൃലോകത്തേക്ക് യാത്രയായത്.

### താടക

വിശ്വാമിത്രന്റെ യാഗം നിർവിഘ്നം നടത്താൻ രാക്ഷസന്മാരെ വധിക്കേണ്ടതുണ്ട്. വിശ്വാമിത്രൻ ദശരഥനെ കണ്ട് രാമലക്ഷ്മണന്മാരെ കൂട്ടി വന്നു. വഴിയിൽ കാണുന്ന എല്ലാ വിവരങ്ങളും വിശ്വാമിത്രൻവഴി രാമൻ ഗ്രഹിച്ചു. അങ്ങനെയാണ് താടകയുടെ വിവരണം തുടങ്ങുന്നത്. ആയിരം ആനകളുടെ ബലമുള്ളവളും ഇഷ്ടംപോലെ രൂപംമാറാനും കഴിവുള്ള രാക്ഷസി സുന്ദരന്റെ ഭാര്യയാണ്. അവളുടെ മകനായ മാരീചൻ, ആശ്രമവാസികളേയും മറ്റും പീഡിപ്പിച്ചുകൊണ്ടിരുന്നു. ഈ രാക്ഷസി കാരണം ഒരാൾക്കും ഈ പ്രദേശത്തു പോകാൻ കഴിയില്ലായെന്നും വിശ്വാമിത്രൻ പറഞ്ഞു. പണ്ട് സുകേതു എന്ന ഒരു യക്ഷനുണ്ടായിരുന്നുവെന്നും മക്കളില്ലാതിരുന്ന അയാൾക്ക് ബ്രഹ്മാവ് താടകയെന്ന കന്യകയെ കൊടുത്തുവെന്നും കഥ. താടകക്ക് ആയിരം ആനകളുടെ ബലമുണ്ടായിരുന്നു. ഇവൾ വളർന്നു വന്നു. ജംഭപുത്രനായ സുന്ദനെ വിവാഹം കഴിച്ചു.

അവരുടെ പുത്രനായ മാരീചൻ അഗസ്ത്യമഹർഷി മൂലം മരിക്കാനിടയായ സുന്ദന്റെ ശരീരം കണ്ട് അഗസ്ത്യനെ വിഴുങ്ങാനായി ചെന്നു. മാരീചൻ രാക്ഷസനായി പോകട്ടേയെന്നും മനുഷ്യരെ ഭക്ഷിക്കുന്ന വികൃതരൂപിയായി തീരട്ടെയെന്നു താടകയേയും ശപിച്ചു. ഇവളെ വധിക്കാൻ രഘുനന്ദനനല്ലാതെ ആർക്കും സാധിക്കില്ലായെന്നും പറഞ്ഞു. സ്ത്രീയെ വധിക്കുന്നതിന്റെ ഔചിത്യമില്ലായ്മക്കു മറുപടിയായി ചാതുർവർണ്ണ്യധർമ്മപരിപാലനത്തിനായി കർത്തവ്യം ചെയ്യാനും വിശ്വാമിത്രൻ പറഞ്ഞു. പിതാവിന്റെ ആജ്ഞയെ അനുസരിക്കണമെന്ന വാക്കും മുനിയുടെ വാക്കുകളും പ്രമാണമാക്കി രാമൻ താടകയെ വധിക്കുവാൻ തീരുമാനിച്ചു. രാമൻ ഞാണൊലിയിട്ടു. ക്രൂധയായ താടക ശബ്ദം പുറപ്പെട്ട ദിക്കിലെത്തി. രാമൻ അവളുടെ വീര്യം കെടുത്താൻ കാതും മൂക്കും ചെത്തി വിടാമെന്നുറച്ചു. മായാജാലം പ്രകടിപ്പിച്ച താടകയുടെ രണ്ടു കയ്യും രാമൻ ഛേദിച്ചു. കാതും മൂക്കും ലക്ഷ്മണൻ അറുത്തു. അവൾ കല്ലുമഴ പെയ്യിച്ചു. സന്ധ്യയായാൽ അവളുടെ കരുത്തു വർദ്ധിക്കുമെന്നും അതുകൊണ്ടവളെ വധിക്കുകയെന്ന മുനിയുടെ വാക്കുകൾ കേട്ട് രാമൻ അമ്പെയ്ത് അവളെ വധിച്ചു. അങ്ങനെ അധർമ്മിയായ താടകയുടെ അന്ത്യം സംഭവിച്ചു.

ധർമ്മരക്ഷക്കായി പിറന്ന രാമനും അധർമ്മിയായ താടകയും രണ്ടു പ്രതീകങ്ങളാണ്. സ്ത്രീഹത്യ പാപമായികരുതിയിരുന്ന ഒരു കാലഘട്ടത്തിൽ ധർമ്മം പുനഃസ്ഥാപിക്കണമെന്നുള്ള രാമന്റെ ഉറച്ച തീരുമാനത്തിനു മാത്രമേ താടകയേ വധിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. സർവ്വഗുണ സമ്പന്നനും വിഷ്ണുവിന്റെ അവതാരവുമായ രാമനാൽ വധിക്കപ്പെട്ടപ്പോൾ രാത്രീഞ്ചരിയും അധർമ്മിയുമായി ജീവിച്ച താടകക്ക് പുണ്യലബ്ധിയാൽ സ്വർഗ്ഗം പൂകാനും കഴിഞ്ഞു.

### അഹല്യ

വിശ്വാമിത്രനെ രാക്ഷസന്മാരിൽ നിന്നും രക്ഷിച്ച രാമലക്ഷ്മണന്മാരെ കൂട്ടി വിശ്വാമിത്രൻ മിഥിലയിലേക്ക് യജ്ഞത്തിനായി പുറപ്പെട്ടു. വഴിയിൽ ഒരാശ്രമം കണ്ടു. എന്താണ് മുനിമാരിവിടെ ഇല്ലാത്തതെന്നു രാമൻ ചോദിച്ചു. അങ്ങനെ മുനി കഥ പറയാമെന്നേറ്റു.

ഈ ആശ്രമത്തിൽ ഗൗതമമഹർഷിയും ഭാര്യയായ അഹല്യയും താമസിച്ചിരുന്നു. ബ്രഹ്മാവിന്റെ പുത്രിയായ അഹല്യ സുന്ദരിയായിരുന്നു. ഇവളെ പാണിഗ്രഹണം ചെയ്യാൻ ഇന്ദ്രനും ദേവന്മാരും ആഗ്രഹിച്ചു. ആരാണോ ഭൂമിയേ മൂന്നുവട്ടം പ്രദക്ഷിണം വെച്ച് ആദ്യം വരുന്നത് അവർക്ക് അഹല്യയെ ലഭിക്കുമെന്ന് ബ്രഹ്മാവ്. ഗൗതമൻ നാരദന്റെ ഉപദേശപ്രകാരം കാമധേനുവിനെ മൂന്നുവട്ടം പ്രദക്ഷിണം വെച്ച് ആദ്യമെത്തി അഹല്യയെ വിവാഹം ചെയ്തു. ഒരു ദിവസം ഇന്ദ്രൻ വേഷം മാറി വന്ന് തന്റെ ഇംഗിതം അറിയിച്ചു. ഈ പ്രഛന്നവേഷത്തിലും അഹല്യ ഇന്ദ്രനെ തിരിച്ചറിഞ്ഞുവെന്നാണ് വാല്മീകി പറയുന്നത്. എന്തായാലും അവർ രണ്ടു പേരും സംഗമത്തിൽ ആഹ്ലാദം പൂണ്ടു. പുറത്തുകടന്ന വേഷപ്രഛന്നനായ ഇന്ദ്രനെ ഗൗതമൻ കണ്ടു, ശപിച്ചു. നീ നിർവീര്യനാകട്ടെയെന്നു ഇന്ദ്രനേയും, ആഹാരനിഹാരങ്ങളി ശിലയായി തീരട്ടെയെന്നും ഈ ശിലയെ എന്നെങ്കിലും ശ്രീരാമൻ വന്നനുഗ്രഹിക്കുമ്പോൾ പാപമുക്തയായി എന്റെയടുത്തു വരികയെന്നും ശപിച്ചു. പിന്നീട് ഗൗതമൻ ഹിമവത് ശിഖിരങ്ങളിൽ തപസു ചെയ്യാൻ പോയിയെന്നും കഥ.

അഹല്യ പ്രലോഭനങ്ങളിൽ വഴങ്ങിയെങ്കിലും ശിക്ഷ അനുഭവിച്ച് പശ്ചാത്താപം ചെയ്താൽ താൻ സ്വീകരിക്കാമെന്നും ഗൗതമൻ പറഞ്ഞു. രാമലക്ഷ്മണന്മാർ ആശ്രമത്തിൽ പ്രവേശിച്ചു. അങ്ങനെ അഹല്യ മോക്ഷം പ്രാപിച്ചു. ഗൗതമമഹർഷി അവിടെ വന്നുവെന്നും രാമനെ വിധിപോലെ പൂജിച്ചു പിന്നീട് തപസ്സു ചെയ്ത് ജീവിച്ചുവെന്നും വാല്മീകി വിവരിക്കുന്നു.

*(മിനിക്കഥ)*

## ഒരേ ജനുസ്സ്

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

ചിലപ്പോൾ അവളുടെ മുഖത്ത് പരിഭവത്തിന്റെ കാർമേഘം കാണാം. മറ്റു ചിലപ്പോൾ പ്രതിഷേധത്തിന്റെ ഇടിമിന്നൽ.അല്ലെങ്കിൽ സങ്കടത്തിന്റെ മഴത്തുള്ളികൾ. അതുമല്ലെങ്കിൽ നെടുവീർപ്പിന്റെ മഴത്തുള്ളികൾ. അതുമല്ലെങ്കിൽ നെടുവീർപ്പിന്റെ വെയിൽപ്പൊള്ളൽ. ഏറെ അസഹ്യം ശീതസമരത്തിന്റെ ഉരുണ്ടു കൂടൽ.

എന്നാണാവോ അവളുടെ മുഖത്ത് പ്രണയവസന്തം പൂക്കുക?

പ്രകൃതിയെക്കുറിച്ചാണോ സ്ത്രീയെക്കുറിച്ചാണോ പരാമർശം എന്ന് സംശയിക്കണ്ട. രണ്ടുമാവാം. രണ്ടും ഒരേ ജനുസ്സല്ലേ?

തുടർച്ച

# മാരത്തോൺ മാട്രിമോണി ഡോട്ട് കോം

അനുരാധ (ഫോൺ :9447035067)

മധു വന്നൂന്നറിഞ്ഞ് അവനെ കാണാൻ ബാലനിവിടെ വന്നിരുന്നു. മധൂന്റെ പെട്ടെന്നുള്ള രണ്ടാം വരവിന്റെ കാരണം ചോദിച്ചപ്പോൾ മധൂന്റെ അച്ഛൻ കാര്യങ്ങളെല്ലാം അയാളോട് പറഞ്ഞിട്ടുണ്ടാവും. മധൂന് യോജിച്ച പെൺകുട്ടിയെ തിരക്കി കണ്ടു പിടിക്കാൻ മധൂന്റെ അച്ഛൻ കമ്പ്യൂട്ടറിന് മുന്നിൽ തപസ്സു തുടങ്ങിയിട്ട് മാസങ്ങളായി. സുജാതയുടെ കാര്യം ഞാൻ ഇടയ്ക്കിടെ ഓർമിപ്പിക്കാറുണ്ടെങ്കിലും മധൂന്റെ വിദ്യാഭ്യാസയോഗ്യതക്കും ഉദ്യോഗത്തിനും കിടപിടിക്കാവുന്നത്ര നിലവാരമുള്ള ഒരു പെൺകുട്ടി തന്നെയാവണം അവന്റെ ഭാര്യയായി വരേണ്ടതെന്ന നിലപാടിൽ ഉറച്ച് നിൽക്കുകയാണ് മധൂന്റെ അച്ഛൻ. അങ്ങനെയൊരു പെൺകുട്ടിയെയാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നതത്രെ. പെണ്ണിന്റെ വീട്ടുകാരുമായി ഇമെയിലിൽ ജാതകം കൈമാറലും ഫോട്ടോ കൈമാറലും എല്ലാം എട്ടുപത്തു ദിവസം കൊണ്ട് നടന്നു. പെൺകുട്ടിയുടെ ഫോട്ടോ കണ്ടപ്പോൾ മധൂനും ഇഷ്ടമായി. വിവാഹം കഴിയുന്നത്ര വേഗം നടത്തിയാൽ കൊള്ളാമെന്ന് പെൺവീട്ടുകാർ പറഞ്ഞതുകൊണ്ട് മധൂനെ ഞാൻ പോലുമറിയാതെ പെട്ടെന്ന് ഇങ്ങോട്ട് വിളിച്ച് വരുത്തുകയായിരുന്നു. തിരുവനന്തപുരത്താണ് പെൺകുട്ടിയുടെ വീട്. കുട്ടിയുടെ പേര് മേഘന. ജോലി ബാംഗ്ലൂരിലെ ഒരു മൾട്ടിനാഷണൽ കമ്പനീലാ. പെണ്ണുകാണൽ ചടങ്ങ് ഇന്നുച്ചയ്ക്ക് നടത്താമെന്ന് പെൺകുട്ടിയുടെ വീട്ടുകാർ അറിയിച്ചതുകൊണ്ട് ഇന്ന് അച്ഛനും മകനും കൂടി രാവിലെ ഇന്റർസിറ്റിയിൽ തിരുവനന്തപുരത്തേക്ക് പോയി. ചടങ്ങ് കഴിഞ്ഞ് വൈകുന്നേരത്തെ വഞ്ചിനാട് എക്സ്പ്രസ്സിൽ മടങ്ങുമെന്നാണ് പറഞ്ഞത്. അധികം ലീവില്ലാത്തതുകൊണ്ട് മധൂന് ബുധനാഴ്ച രാത്രിയിലെ ഫ്ളൈറ്റിന് തന്നെ യു കേലേക്ക് മടങ്ങും വേണം. എനിക്ക് ഇതിലൊന്നും തീരെ താല്പര്യമില്ലെന്ന് അറിയാവുന്നതുകൊണ്ട് മധൂന്റെ അച്ഛൻ മിനിഞ്ഞാന്നുവരെ ഈ സംഗതികളൊന്നും എന്നെ അറിയിച്ചിരുന്നില്ല. ഏട്ടനിൽ നിന്ന് ഞാനീ സംഭവങ്ങളെല്ലാം മനപ്പൂർവ്വം മറച്ചുവച്ചതാണെന്ന് കരുതരുതേ. എല്ലാം വളരെ പെട്ടെന്നായിപ്പോയി.

'സാരമില്ല. മധൂന് ഈ ബന്ധം ഇഷ്ടപെട്ടുവെങ്കിൽ അത് നടക്കട്ടെ.'

'എന്റെ പഴയൊരു വാക്ക് പാഴ്‌വാക്കായി പോയല്ലോ, ഏട്ടനോടും കുസുമത്തിനോടും ഞാൻ ഇങ്ങനെയൊരു നെറികേട് ചെയ്തല്ലോ എന്നെല്ലാം ആലോചിക്കുമ്പോൾ.....മധുവും അവന്റെ അച്ഛന്റെ ആഗ്രഹത്തിന് വഴങ്ങിയപ്പോൾ എനിക്ക് വെറുമൊരു നോക്കുകുത്തിയായി നിൽക്കേണ്ടി വന്നു.'

ഭാഗീരഥിയുടെ കണ്ണുകൾ ഈറനാകുന്നത് ശ്രദ്ധിച്ചുകൊണ്ട് ആർദ്രതയോടെ സുധാകരൻ പറഞ്ഞു. 'വിധിയെ തടുക്കാൻ ആർക്കാവും ഭാഗി, ഒന്നും സാരമില്ല. ഞങ്ങൾക്കിതിൽ ഒരു പരാതിയുമില്ല. നീയിനി അതോർത്ത് വിഷമിക്കും വേണ്ട.'

മേഘനയുടെ അച്ഛൻ മാധവ് മനോഹറും അമ്മ മാലിനി മാധവും മകളുടെ വരവും പ്രതീക്ഷിച്ച് വഴിക്കണ്ണുമായി കാത്തിരിക്കയാണ്. തിങ്കളാഴ്ച രാവിലത്തെ ബാംഗ്ളൂർ ഫ്ളൈറ്റിന്റെ സമയം കഴിഞ്ഞ് മണിക്കൂറുകൾ കഴിഞ്ഞിട്ടും മേഘനയെ കാണാതായപ്പോൾ അവർ പരിഭ്രാന്തരായി. എയർപോർട്ടിലേക്ക് വിളിച്ച് അന്വേഷിച്ചപ്പോൾ ഫ്ളൈറ്റ് കൃത്യ സമയത്ത് എത്തിയിട്ടുണ്ടെന്നായിരുന്നു ലഭിച്ച വിവരം. എയർപോർട്ടിൽ നിന്ന് വീട്ടിലേക്ക് ഒരു മണിക്കൂർ ഡ്രൈവ് മതി. പക്ഷെ മേഘനയെവിടെ?

പെണ്ണുകാണൽ ചടങ്ങിന് ഏതാനും അടുത്ത ബന്ധുക്കളും എത്തിയിട്ടുള്ളതിനാൽ മാധവ് മനോഹറും മാലിനിയും ബെഡ്റൂമിന്റെ സ്വകാര്യതയിലേക്ക് മാറി നിന്നുകൊണ്ട് മേഘനയുടെ മൊബൈലിൽ പലതവണ വിളിച്ചെങ്കിലും ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കയാണ് എന്ന സന്ദേശമാണ് ലഭിച്ചത്.

'ശശിധരൻ നായരും മധുവും ഉച്ചക്ക് എത്തുമല്ലോ. നമ്മൾ അവരോട് എന്ത് സമാധാനം പറയും? മാലിനിയുടെ സ്വരത്തിൽ പരിഭ്രാന്തി കലർന്നിരുന്നു.

'അതാ ഞാനും ആലോചിക്കുന്നത്. ഈ വിവാഹാലോചനയുടെ എല്ലാ വിവരങ്ങളും വിശദമായി നമ്മളവളെ അറിയിച്ചിരുന്നതല്ലേ? ഇ-മെയിലിൽ മധുമോഹന്റെ ഫോട്ടോയും അയച്ചുകൊടുത്തു. അതവൾക്ക് ഇഷ്ടപ്പെട്ടാൽ മധുവും അവളും തമ്മിൽ

കാണുന്ന ചടങ്ങാണ് അടുത്തെന്ന് പറഞ്ഞപ്പോൾ ഈ ആലോചന അവൾക്ക് ഇഷ്ടമായെന്നും ചടങ്ങ് എന്നാണെന്ന് അറിയിച്ചാൽ അന്ന് രാവിലത്തെ ഫ്ളൈറ്റിന് ഇങ്ങോട്ട് എത്തിക്കോളാമെന്നും അവൾ സമ്മതിക്കൂം ചെയ്തിരുന്നല്ലോ. തിങ്കളാഴ്ചയാണ് പെണ്ണുകാണൽ ചടങ്ങെന്ന് പറയാൻ ഞാൻ വ്യാഴാഴ്ച വിളിച്ചപ്പോൾ അവൾ പൂനയിലായിരുന്നു. ഇന്നലെ, അതായത് ഞായറാഴ്ച ഉച്ചതിരിഞ്ഞ് ബാംഗ്ലൂരിലേക്ക് പുറപ്പെടുമെന്നും ഇന്ന് രാവിലത്തെ ഫ്ളൈറ്റിന് ഇവിടെ എത്തിക്കോളാമെന്നും അവൾ ഉറപ്പ് തന്നതാണ്. ഒരു മീറ്റിങ്ങിലായതുകൊണ്ട് അവൾ പെട്ടെന്ന് ഫോൺ ഡിസ്കണക്റ്റ് ചെയ്യുകയും ചെയ്തു. നമ്മുടെ ഭാഗത്തു നിന്നും ഒരു ഉപേക്ഷയും ഉണ്ടായിട്ടില്ല എന്ന് തീർത്തുപറയാം. എന്നിട്ടും അവൾ എന്താണിങ്ങോട്ടെത്താഞ്ഞത് എന്നറിയില്ല. അവളെ വിളിച്ചിട്ട് കിട്ടുന്നുമില്ലല്ലോ.'

'അവൾ പൂനേന്ന് ഇന്നലെയേ ബാംഗ്ലൂരിൽ എത്തുകയുള്ളു എന്നല്ലേ പറഞ്ഞത്?. അവളീ ചടങ്ങിന്റെ കാര്യം ജോലിത്തിരക്കിനിടയിൽ വിട്ടുപോയതാണോ എന്നാണെന്റെ സംശയം. ഈയിടെയായി നമ്മളോട് തികച്ച് നാലുവാക്ക് സംസാരിക്കാൻ പോലും അവൾക്ക് സമയമില്ലല്ലോ. എപ്പോഴും ടൂറും മീറ്റിങ്ങും ഒക്കെയായി തിരക്കോട് തിരക്കല്ലേ?. ശശിധരൻനായരോട് നമ്മളെന്ത് സമാധാനം പറയും? മധു മോഹൻ അവളെ പെണ്ണുകാണാൻ മാത്രമായിയു കേന്ന് ഇവിടെവരെ വന്നതല്ലേ?'

'ഇനിയിപ്പോൾ ഒന്നേ ചെയ്യാനുള്ളു. അവളെത്താതിരുന്നതിന് വിശ്വസനീയമായൊരു കാരണം കണ്ടുപിടിക്കണം. ചടങ്ങ് മുടങ്ങിയത് മേഘനയുടെ അനാസ്ഥകൊണ്ടാണെന്ന് മധുവിന് സംശയം തോന്നിയാൽ ഈ വിവാഹാലോചനയും അലസിപിരിഞ്ഞേക്കാം. മാധവ് മനോഹർ ആത്മഗതമെന്ന പോലെ പറഞ്ഞു

'വയസ്സ് ഇരുപത്തെട്ട് കഴിഞ്ഞില്ലേ അവൾക്ക്. പയ്യൻ ഉയർന്ന ബിരുദവും ഉദ്യോഗവും ഉള്ള ആളാവണം. കാണാൻ സുന്ദരനായിരിക്കണം. നല്ല ഉയരവും അതിനൊത്ത വണ്ണവും വേണം; അവൾക്കങ്ങനെ കുറെ കണ്ടീഷൻസും ഉണ്ടല്ലോ. എത്ര കേസ് നോക്കീട്ട് ഒത്തുവന്നതാണീ ആലോചന. ഇതും നടക്കാതെ പോയാൽ........'

'അതൊന്നും ആലോചിച്ച് വിഷമിക്കാനുള്ള സമയമല്ലിപ്പോൾ. എത്രയും വേഗം ഈ ഊരാക്കുടുക്കീന്ന് രക്ഷപ്പെടാനുള്ള വഴി കണ്ടെത്തിയേ മതിയാകൂ.' ഏതാനും നിമിഷങ്ങൾ ചിന്താമൂകനായി ഇരുന്നശേഷം മാധവ് മനോഹർ പറഞ്ഞു. 'ട്രാഫിക് ബ്ളോക്ക് കാരണം അവൾക്ക് എയർപോർട്ടിൽ സമയത്തിന് എത്താൻ കഴിഞ്ഞില്ലെന്ന് അവളിങ്ങോട്ട് അറിയിച്ചെന്ന് പറയാം. ഇങ്ങോട്ടുള്ള മറ്റ് ഫ്ളൈറ്റുകളിലൊന്നും ടിക്കെറ്റ് കിട്ടിയില്ലെന്നും പറയാം'.

'അതൊരു നല്ല ഉപായമാണ്. ബാംഗ്ലൂരിൽ ട്രാഫിക് ബ്ളോക്ക് സാധാരണമാണല്ലോ. എല്ലാരുമത് വിശ്വസിക്കും. മേഘന നിരപരാധി ആണെന്ന് മധൂന് തോന്നൂം ചെയ്യും. ഈ ചടങ്ങ് ഇനി എന്ന് നടത്താമെന്നും ആലോചിക്കണ്ടേ?' മാലിനി ചോദിച്ചു

'അത് മേഘനയോടും മധൂനോടും ആലോചിച്ചിട്ട് വേണമല്ലോ. മധൂന് എന്നാണിനി ലീവ് കിട്ടുക എന്നാർക്കറിയാം.'

'കഷ്ടമായിപ്പോയി. മേഘനയെ ഒരിക്കൽ കൂടി വിളിച്ചു നോക്കൂ. എന്താണവൾ ഇങ്ങോട്ട് വരാഞ്ഞതെന്ന് അറിയാമല്ലോ. അവൾക്ക് അസുഖമെന്തെങ്കിലും ഉണ്ടോ എന്തോ'

ഇപ്പോഴതൊന്നും ആലോചിക്കണ്ട. തല്ക്കാലം നമുക്കീ നാണക്കേടീന്ന് തലയൂരാൻ നോക്കാം. ട്രാഫിക് ബ്ളോക്കിൽ പെട്ടുപോയതിനാൽ അവൾക്ക് സമയത്തിന് എയർപോർട്ടിൽ എത്താൻ കഴിഞ്ഞില്ലെന്ന 'വിവരം' എല്ലാ ബന്ധുക്കളോടും പറയാം. ശശിധരൻ നായരും മധുവും വരുമ്പോഴേക്കും ഈ വാർത്തയുടെ ചൂടൊന്ന് ആറൂം ചെയ്യും. മാധവ് മനോഹർ നയം വ്യക്തമാക്കി.

ശശിധരൻ നായരും മധുമോഹനും കൃത്യസമയത്തു തന്നെ മേഘനയുടെ വീട്ടിലെത്തി. അവളുടെ മാതാപിതാക്കളും ബന്ധുക്കളും വളരെ ആതിഥ്യമര്യാദയോടു കൂടി അവരെ സ്വാഗതം ചെയ്യുകയും സല്ക്കരിക്കുകയും ചെയ്തെങ്കിലും മേഘനയുടെ അസാന്നിദ്ധ്യം അവരെ നിരാശപ്പെടുത്തുക തന്നെ ചെയ്തു.

മേഘനയുടെ ഒരു ഫോട്ടോ മധുവിന് സമ്മാനിച്ചുകൊണ്ട് അവളെത്താതിരുന്നതിന്റെ കാരണമായി 'ട്രാഫിക് ബ്ളോക്കിന്റെ കഥ'വളരെ തന്മയത്വത്തോടെ മാധവ് മനോഹർ വിശദീകരിച്ചു. ഉച്ചക്ക് ഗംഭീര സദ്യയൂണും കഴിഞ്ഞ് മടങ്ങുമ്പോൾ മേഘനയുടെ ബന്ധുക്കളുടെ ആഭിജാത്യവും, കുലീനതയോടെയുള്ള പെരുമാറ്റവും മറ്റും ശശിധരൻ നായർക്കും മധുവിനും വളരെ ഹൃദ്യമായി തോന്നി. മേഘനയെ മധു ഒന്നു നേരിൽ കാണുകകൂടി ചെയ്താൽ വിവാഹം ഉറപ്പിക്കാമെന്ന അഭിപ്രായമായിരുന്നു ശശിധരൻ നായർക്ക്.

തിരുവനന്തപുരത്ത് വണ്ടിയിറങ്ങിയശേഷം മേഘനയുടെ വീട്ടിലേക്ക് പോകുന്നതിന് മുമ്പ് ഡ്രസ്സ് മാറാനും മറ്റും എടുത്ത ഹോട്ടൽ റൂമിൽ തിരിച്ചെ

ത്തിയപ്പോൾ ശശിധരൻ നായർ തന്റെ ആഗ്രഹം മധുവിനോട് സൂചിപ്പിക്കുകയും ചെയ്തു. എന്തു കൊണ്ടും നിനക്ക് ചേരുന്ന ബന്ധമാണെന്നാണ് എനിക്ക് തോന്നുന്നത്. മേഘനയും കൂടി എത്തിയിരുന്നെങ്കിൽ കാര്യങ്ങൾക്ക് ഒരു തീരുമാനമായേനെ. ഇനിയിപ്പോൾ നിങ്ങൾ തമ്മിലൊന്ന് കാണാൻ..... അധികം വൈകാതെ നിനക്ക് ഒരിക്കൽക്കൂടി നാട്ടിലേക്ക് വരാൻ കഴിയോ?

'ഉള്ള ലീവെല്ലാം തീർത്തും എടുത്തിട്ടാണ് ഞാൻ രണ്ട് മാസം മുമ്പ് നാട്ടിലേക്ക് വന്നത്. ഒഴിച്ചുകൂടാനാകാത്ത ഒരത്യാവശ്യമുണ്ടെന്ന് എഴുതിക്കൊടുത്തിട്ടാണ് ഇപ്രാവശ്യം ലീവ് സാങ്ങ്ഷനായത്. ഓഫീസിൽ നല്ല തിരക്കുള്ള സമയമാണ്. ബുധനാഴ്ചത്തെ ഫ്ളൈറ്റിന് തന്നെ എനിക്ക് മടങ്ങും വേണം.'

അപ്പോൾ പിന്നെ ഈ ചടങ്ങിന് നിന്റെ അടുത്ത വരവ് കാത്തിരിക്കുകയേ നിവൃത്തിയുള്ളു എന്നർത്ഥം അല്ലേ? 'ശശിധരൻ നായരുടെ സ്വരത്തിൽ നിരാശ നിഴലിച്ചു.' ഞാനല്പം കിടക്കട്ടെ. നമുക്കെപ്പോഴാണ് സ്റ്റേഷനിൽ എത്തേണ്ടത്.?

ട്രേനിന്റെ സമയം ഉറപ്പുവരുത്താൻ പേഴ്സിൽ നിന്ന് ടിക്കെറ്റ് പുറത്തെടുത്ത് നോക്കുന്നതിനിടയിൽ അതിൽ നിന്ന് മേഘനയുടെ ഫോട്ടോ നിലത്തേക്ക് വീണു. അതെടുത്ത് വീണ്ടും ഭദ്രമായി പേഴ്സിനകത്തേക്ക് വെക്കുന്നതിനിടയിൽ മധുവിന്റെ കണ്ണുകൾ അവളുടെ മുഖശോഭയിൽ ഒരുനിമിഷം ഉടക്കി നിന്നു. ആ മോഹിപ്പിക്കുന്ന വശ്യസൗന്ദര്യം, അവളുടെ ജീവിതത്തിലേക്ക് തന്നെ മാടി വിളിക്കുകയാണ്.

സ്റ്റേഷനിലെത്തേണ്ട സമയം ശശിധരൻ നായരെ അറിയിച്ചശേഷം എന്തെല്ലാമോ തീരുമാനിച്ചുറത്തതുപോലെ മധു സന്തതസഹചാരിയായ ലാപ്ടോപ് തുറന്നു. പിറ്റേന്നു രാവിലത്തെ തിരുവനന്തപുരം – ബാംഗ്ലൂർ ഫ്ളൈറ്റിലും വൈകുന്നേരത്തെ ബാംഗ്ളൂർ-കൊച്ചി ഫ്ളൈറ്റിലും സീറ്റുണ്ട്. മധു ഉടനെ അത് രണ്ടും ബുക്ക് ചെയ്തു.

പിന്നെ ശശിധരൻ നായരെ തന്റെ തീരുമാനം അറിയിച്ചു 'അച്ഛാ, യു കേന്ന് വീണ്ടുമൊരു യാത്ര ഒഴിവാക്കാനുള്ള വഴി ഞാൻ കണ്ടെത്തിയിട്ടുണ്ട്.'

'എങ്ങനെ?'

'ഞാൻ ബാംഗ്ളൂരിലുള്ള മേഘനയുടെ ഓഫീസിൽ ചെന്ന് ആ കുട്ടിയെ കാണാം'.

'അതിനൊക്കെയിനി സമയമുണ്ടോ?'

'ധാരാളം. നാളെ ഇവിടെ നിന്നുള്ള ബാംഗ്ലൂർ ഫ്ളൈറ്റിലും നാളെ വൈകുന്നേരത്തെ ബാംഗ്ലൂർ -കൊച്ചി ഫ്ളൈറ്റിലും ഞാൻ ടിക്കറ്റും ബുക്ക് ചെയ്തു കഴിഞ്ഞു'

'നന്നായി. മറ്റു കാര്യങ്ങളെല്ലാം തീരുമാനമായാൽ കല്യാണത്തിന് രണ്ടോ മൂന്നോ ദിവസം മുൻപ് നീ ഇങ്ങോട്ട് എത്തിയാൽ മതിയല്ലോ.'

'അല്പം കഴിഞ്ഞ് ഞാൻ അച്ഛനെ സ്റ്റേഷനിൽ കൊണ്ടുപോയി വിടാം. മടക്കത്തിൽ എനിക്ക് രണ്ടു സെറ്റ് ഡ്രസ്സ് കൂടി വാങ്ങണം. ഇങ്ങനെയൊരു യാത്ര വേണ്ടി വരുമെന്ന് കരുതിയിരുന്നില്ലല്ലോ. രാത്രി ഈ മുറിയിൽ തന്നെ താമസിച്ച ശേഷം നാളെ രാവിലെ ഞാൻ ബാംഗ്ലൂർക്ക് തിരിക്കും.' മധു വിശദമാക്കി.

ശശിധരൻനായർ ചേർത്തലക്ക് മടങ്ങി. പിറ്റേന്ന് രാവിലെ ബാംഗ്ലൂർ എയർപോർട്ടിൽ നിന്ന് ടാക്സിയിൽ പതിനൊന്നുമണിയോടെ മധു മേഘനയുടെ ഓഫീസിലെത്തുകയും ചെയ്തു. വിദേശസ്ഥാപനങ്ങളോട് കിടപിടിക്കാവുന്ന കൂറ്റൻ ബഹുനിലകെട്ടിടത്തിലെ റിസപ്ഷനിലേക്ക് ചെന്ന് മധു റിസപ്ഷനിസ്റ്റിനോട് മനസ്സിൽ കരുതിവെച്ചിരുന്ന വാക്കുകൾ ആവർത്തിച്ചു. 'അയാം മേഘനാസ് കസിൻ. ഐ ഹാവ് കം ടു സീ ഹേർ (ഞാൻ മേഘനയുടെ കസിൻ ആണ്. ഞാനവളെ കാണാൻ വന്നതാണ്)' മാഡം ഈസ് ഓൺ ടൂർ, സർ, യെസ്റ്റെർഡേ ഷി വെന്റ് ടു ബോംബെ (മാഡം ടൂറിൽ ആണ്. ഇന്നലെ അവർ ബോംബെയ്ക്ക് പോയി)

റിസപ്ഷനിസ്റ്റിന്റെ വാക്കുകൾ ഏതാനും നിമിഷത്തേക്ക് മധുവിനെ വിഭ്രമാവസ്ഥയിലാക്കി.

'ഡു യു വാണ്ട് എനി ഹെല്പ് ഫ്രം മീ സർ)' (താങ്കൾക്ക് എന്നിൽ നിന്ന് എന്തെങ്കിലും സഹായം ആവശ്യമുണ്ടോ സർ) റിസപ്ഷനിസ്റ്റിന്റെ വിനയം തുളുമ്പുന്ന സ്വരം

'നോ താങ്ക്സ്' (ഇല്ല, നന്ദി) എന്ന് പറഞ്ഞെങ്കിലും അടുത്ത നിമിഷം അയാൾ ആവശ്യപ്പെട്ടു 'ഐ ഷാൽ സ്പീക്ക് ടു വൺ ഓഫ് ഹേർ കൊളീഗ്സ്'(ഞാൻ അവളുടെ ഏതെങ്കിലും സഹപ്രവർത്തകരോട് സംസാരിക്കാം)

'ഷുവർ സർ' (തീർച്ചയായും സർ)

റിസപ്ഷനിസ്റ്റ് ഇന്റെർകോമിൽ മുകൾനിലയിലെ ഏതോ നമ്പരിലേക്ക് വിളിച്ചശേഷം ഫോൺ മധുവിനെ ഏല്പിച്ചു. 'ഹലോ അയാം മധു മോഹൻ. മേഘനാസ് കസിൻ. റിസപ്ഷനിസ്റ്റ് ടോൾഡ് മി ഷി ഈസ് ഇൻ ബോംബെ'(ഞാൻ മധു മോഹൻ, മേഘനയുടെ കസിൻ. അവൾ ബോംബെയിലാണെന്ന് റിസപ്ഷനിസ്റ്റ് പറഞ്ഞു)

'യെസ്, യെസ്റ്റെർ ഡേ ഷി ലെഫ്റ്റ് ഫോർ ബോംബെ' (ശരിയാണ്, ഇന്നലെ അവർ ബോംബെയ്ക്ക് പോയി)

'ഓ കേ. താങ്ക്യൂ'

മധു ടാക്സിയിലേക്ക് കയറിയിരുന്നശേഷം ഡ്രൈവറോട് എയർ പോർട്ടിലേക്ക് മടങ്ങാൻ നിർദ്ദേശം നൽകി.

മേഘനയെ കാണാൻ കഴിയാതെ മടങ്ങേണ്ടി വന്നതുകൊണ്ടുള്ള നിരാശയെക്കാൾ മധുവിന്റെ മനസ്സിനെ അലട്ടിയിരുന്നത് മറ്റു ചില ആശങ്കകളായിരുന്നു.

മേഘന ഇന്നലെ തിരുവനന്തപുരത്തുള്ള അവളുടെ വീട്ടിൽ എത്താഞ്ഞതിന് അവളുടെ മാതാപിതാക്കൾ നൽകിയ വിശദീകരണം ട്രാഫിക് ബ്ളോക്കിൽ പെട്ടതുകൊണ്ട് അവൾക്ക് സമയത്തിന് ബാംഗ്ലൂർ എയർപോർട്ടിൽ എത്താനാകാത്തത് കൊണ്ടാണെന്നാണ്. എന്നാൽ അവളുടെ ബാംഗ്ലൂർ ഓഫീസിൽ നിന്ന് ലഭിച്ച വിവരം അവളിന്നലെ ബോംബേയ്ക്ക് പോയെന്നും. താനുമായുള്ള കൂടിക്കാഴ്ച അവൾ മനപ്പൂർവ്വം ഒഴിവാക്കിയതാണോ?എങ്കിൽ അതിന്റെ കാരണം?

ഒരു പക്ഷെ അവൾ മറ്റാരെങ്കിലുമായി പ്രണയത്തിലായിരിക്കാം. ആരും ആരാധനയോടെ നോക്കി നിന്നുപോകുന്നത്ര ആകാരസൌഷ്ഠവം ഉള്ളവളാണവൾ എന്നതിനാൽ അതിനുള്ള സാധ്യതയും ഏറെയാണ്. മറ്റാരെയെങ്കിലും പ്രേമിക്കുന്നുണ്ടെങ്കിൽ മാതാപിതാക്കളെ ധിക്കരിക്കനാകാതെ അവളീ വിവാഹത്തിന് സമ്മതം മൂളിയാൽത്തന്നെ ഈ ബന്ധത്തിന് എന്ത് പൂർണ്ണതയാണുണ്ടാകുക?

പെണ്ണുകാണൽ ചടങ്ങിന് അവളെത്താതിരുന്നതിന്റെ യഥാർത്ഥ കാരണമെന്തെന്ന് അന്വേഷിച്ചറിയണമെന്ന ഉറച്ച തീരുമാനവുമായാണ് മധു മോഹൻ ബാംഗ്ലൂർ എയർപോർട്ടിന് മുന്നിലിറങ്ങിയത്. ഒട്ടും സമയം പാഴാക്കാതെ അയാൾ അന്ന് വൈകുന്നേരത്തെ ബാംഗ്ലൂർ-ബോംബെ ഫ്ളൈറ്റിലും പിറ്റേന്ന് ഉച്ചക്കുള്ള ബോംബെ -കൊച്ചി ഫ്ളൈറ്റിലും ടിക്കറ്റ് ലഭ്യമാണോ എന്ന് തിരഞ്ഞു. ഭാഗ്യത്തിന് രണ്ടിലും സീറ്റൊഴിവുണ്ട്. ഉടനെ രണ്ടിലും ഓരോ ടിക്കറ്റ് ഉറപ്പാക്കിയശേഷം ബോംബെയ്ക്കുള്ള ഫ്ളൈറ്റും കാത്തിരുന്നു.

********* (തുടരും)

**മലയാലപ്പുഴ ദേവീക്ഷേത്രം**

(17-ാം പേജിൽ നിന്ന് തുടർച്ച)

ങ്ങിക്കൊണ്ടു പോയി വിളഭൂമിയിൽ എല്ലാവർക്കും കാണത്തക്കവിധത്തിൽ 'മലയാലപ്പുഴ ദേവി വക' എന്നെഴുതി കെട്ടിവയ്ക്കുന്നു. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു എങ്കിലും മലയാലപ്പുഴ തൂപ്പ് കെട്ടുന്നത് ഇന്നും തുടർന്നു പോരുന്നു. കൊഴിഞ്ഞു വീഴുന്ന ഒരിലപോലും ഈ സ്ഥലത്തു നിന്നും ആരും തൊടാറില്ല എന്നതാണ് സത്യം. ഇതിൽ നിന്നും ദേവിയുടെ ശക്തിയിൽ ദേശവാസികൾ എത്രത്തോളം വിശ്വസിക്കുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളു. മലയാലപ്പുഴ അമ്മയുടെ ശക്തിയെ എല്ലാ വിഭാഗം ആളുകളും ഒന്നുപോലെ വിശ്വസിക്കുന്നു.

മരിച്ചുപോയവരുടെ ആത്മശാന്തിക്കായി അപൂർവ്വമായ ഒരു ചടങ്ങ് മലയാലപ്പുഴ ദേവിക്ഷേത്രത്തിൽ നടക്കുന്നുണ്ട്. ഇത് 'ചാവിറക്ക്' എന്നാണറിയപ്പെടുന്നത്. മലയാലപ്പുഴ അമ്മയുടെ ഭക്തരായ ആളുകൾ പ്രത്യേക സാഹചര്യങ്ങളിൽ മരണപ്പെടുകയോ ദുർമ്മരണപ്പെടുകയോ ചെയ്താൽ ഈ ദേവീസന്നിധിയിൽ എത്തിച്ചേരുന്നു എന്നൊരു വിശ്വാസമുണ്ട്. അങ്ങനെ ഉള്ളതായി പ്രശ്നചിന്തയിൽ തെളിഞ്ഞാൽ പൂർവ്വികരെ യഥാസ്ഥാനത്തെത്തിക്കുന്നതിനായി ക്ഷേത്രത്തിൽ നിന്ന് ചന്ദനമുട്ടിയിൽ ആവാഹിച്ച് പട്ടിൽ പൊതിഞ്ഞു കൊണ്ടുപോകുന്ന ചടങ്ങാണ് ചാവിറക്ക് എന്നറിയപ്പെടുന്നത്.

ദേവിയുടെ ഭക്തരും വിശ്വാസികളുമായ എല്ലാവർക്കും മുന്നിൽ ഈ ദേവീക്ഷേത്ര നട തുറന്നു കൊടുക്കുന്നു. യഥാർത്ഥ ഭക്തിവിശ്വാസമുള്ള ആർക്കും ഇവിടെ പ്രവേശനം നിക്ഷേധിക്കുന്നുമില്ല. മലയാലപ്പുഴ അമ്മയെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചാൽ അമ്മയുടെ തിരുമുന്നിലെത്തി കണ്ടു വണങ്ങുവാൻ അവസരമുണ്ടാകും എന്നും ഭക്തജനങ്ങൾ വിശ്വസിക്കുന്നു. മലമുകളിലെ ഈ ദേവീക്ഷേത്രസന്നിധിയിലെത്തി ഇഷ്ടകാര്യഫലസിദ്ധിക്കായി ഭക്തിപൂർവ്വം തൊഴുതു പ്രാർത്ഥിച്ച് ഇഷ്ടവഴിപാടുകളും നടത്തി പ്രാർത്ഥനയുടെ ഫലമറിയിക്കുന്ന ദേവിയുടെ അനുയായികളെന്നറിയപ്പെടുന്ന തേനീച്ചകളേയും കണ്ട് മലയാലപ്പുഴ അമ്മയുടെ അനുഗ്രഹാശ്ശിസ്സുകൾ നേടുവാൻ എല്ലാ ഭക്തജനങ്ങൾക്കും സാധിക്കുമാറാകട്ടെ.

**സ്പഷ്ടം വിഭോ നിന്റെയുപാസനത്തി**
**ന്നിഷ്ടം സുഖം നീ മമ നല്കീടേണം.**
**അഷ്ടാംഗയോഗത്തെ വഹിച്ചു ഞാൻ നിൻ**
**തുഷ്ടിക്കു സൽഭംജനമായ് ഭവിക്കാം.**

***-ഭാഷാനാരായണീയം***

കവിത

# ഒരു റാന്തലിന്റെ വിഷാദ ചിന്തകൾ

പറവൂർ ബാബു (ഫോൺ:9961252196)

തറവാട്ടിലെ
പത്തായപ്പുരയിൽ
മച്ചിൽത്തറച്ച കൊളുത്തിൽ
തൂങ്ങിയാണ് കിടപ്പ്
മാറാല പിടിച്ച്
ഘോരതപസ്സിലെന്നപോലെ-
വരാറില്ലാരും
പണ്ടത്തേപ്പോൽ
സഹായം തേടി.
വിളവും വിത്തും കണ്ട
കാലം മറന്നു
പത്തായപ്പുര.
പത്തായത്തിലിന്നലെ
വെളുത്ത പൂച്ചപെറ്റു
നാലുകുഞ്ഞുങ്ങൾ.
സസ്യാഹാരിയായ്
സന്യാസിയമ്മയെപ്പോലെ
തള്ളപ്പൂച്ച.
ക്രോധം മറന്ന്
കരണ്ടും കട്ടു മുടിക്കുന്ന
മൂഷികരുടെ നല്ല കാലം.
പേടിയില്ലവയ്ക്ക്
പൂച്ചയമ്മയെം
ഇടക്ക് ചാടി വീഴും
ദേഹത്ത്.
പേടിക്കുമന്നേരം
വീണുടഞ്ഞെങ്കിലോ
എന്നോർത്ത്
അധികമാരും വരാറില്ല
പത്തായപ്പുരയിൽ,
വരാറുണ്ട്
നിഴലുപോൽ ചിലർ
ആണ്ടിലൊരിക്കൽ,
മാതാപിതാക്കളെ കാണാൻ
നാട്ടിലെത്തുന്ന മക്കളെപ്പോലെ.
വന്നാലും നിന്നാലും
നടിക്കില്ല കണ്ടാലും
കണ്ട ഭാവമൊന്നുമേ
തൂങ്ങിക്കിടക്കുന്നു
പൊടി പിടിച്ച്
കടവാവലുറങ്ങുന്ന പോലെ-
വന്നേക്കാം നാളെ
അന്വേഷിച്ചാരെങ്കിലും,
നാലാൾ കൂടുന്നിടത്ത്
തൂക്കിയിട്ട്
പഴമ്പുരാണം വിളമ്പാൻ.
അതുവരെയിരുട്ടിൽ
തനിച്ചിങ്ങനെ
തന്നോടു തന്നെ
ഓരോന്നു പറഞ്ഞ്.
ഇന്നലെ
വെളിച്ചം പകർന്നോരെ
ഇരുട്ടിൽ തള്ളും
കെട്ടകാലമെന്നേ പറയാവൂ.

കവിത

# തിരുമലപുണ്യം

**പറവൂർ രാജഗോപാൽ, ഫോൺ :9847291483**

ഉള്ളവന്റൂരിലേക്ക്
ഒന്നും ഇല്ലാത്തോർ എത്തിടുന്നു
നുള്ളി പെറുക്കി തന്നാൽ
ഞങ്ങൾക്കുള്ളം നിറയും പ്രഭോ!
ചന്ദനഗന്ധമകിൽക്കൂട്ടു-
കുങ്കുമ കസ്തൂരിച്ചാറണിഞ്ഞ
ചന്ദ്രികാ മന്ദഹാസാനുരൂപനാം
പത്മാവതി പ്രിയനെ,
കാലേ പുലർച്ചെയുണർന്നു-
കുളിച്ചു വന്നാദ്യം െ താഴുതിടുമ്പോൾ,
കാണാതെ, മറ്റാരും കാണാതെ
കാർവർണ്ണൻ കൈയിൽ തരുന്നു പുണ്യം;
കാലങ്ങളായ് മനം നീളേ കൊതിക്കുന്ന
കാമ്യവര പ്രസാദം!
ഉണ്ടായ നഷ്ടങ്ങൾക്കെല്ലാം ഉടമ്പടി
ചെയ്ത പ്രകാരം തന്നെ,
ഇഷ്ടാർത്ഥമായി കനിഞ്ഞങ്ങു നൽകി
തരുന്ന പ്രസാദമെല്ലാം
വാങ്ങി കരതലം തന്നിൽ പിടിച്ചാ-
ഗോവിന്ദനെ സ്തുതിക്കെ;
കണ്ണുനിറയുന്നു, കണ്ഠമിടറുന്നു
കാരുണ്യരൂപനാം ശ്രീവെങ്കിടേശനെ
കൂപ്പി വണങ്ങിടുന്നു.
മഞ്ഞമന്ദാരമാല്യങ്ങളാലതി-
ധന്യനായ് കാണും മൂർത്തീ പദ-
മിന്ദിരാ വല്ലഭൻ തന്റെ നിലയത്തിൽ
വന്നാദ്യം കണ്ടു നിൽക്കെ,
മോടിയിലാനന്ദ തേജ:സ്വരൂപനായ്
ശ്രീചക്രധാരിയായി,
ശംഖഗദാപത്മ കൗസ്തുഭകാന്തിയിൽ
പൂർണ്ണാവതാരമായി,
വേണ്ടതും, വേണ്ടതിനേക്കാളുപരിയാം
സർവ്വാർത്ഥ സമ്പത്തുമായ്,
ശ്രീനിവാസൻ വന്നനുഗ്രഹം നൽകുമ്പോൾ
എന്തു പറഞ്ഞിടാവൂ!
ഇക്കണ്ടവിശ്വത്തിൻ സർവ്വസമ്പന്നനാം
ഈശ്വരമൂർത്തീരൂപം
പ്രാർത്ഥിച്ചതൊക്കെ തരുന്ന നിമിഷങ്ങൾ
വൈകാതണഞ്ഞിടുമ്പോൾ,
തേടിയടുക്കും സുകൃതങ്ങളാൽ മനം
കോരിത്തരിച്ചിടുമ്പോൾ,
കാന്തിക ഭാവത്തിലാ രണ്ടു കണ്ണുകൾ
മായാതെ മിന്നിടുന്നു;
അയ്യനാർ തൻപദം കണ്ടു കുമ്പിട്ട-
തിലാരതി ചെയ്തിടുന്നു.
അഞ്ജനക്കല്ലിലകമ്പടി കൊള്ളുന്ന
സഞ്ചിത പുണ്യമായി,
അഞ്ജനാകാര സ്വരൂപനാം സ്വാമിയെ
കണ്ടുതൊഴുതു നിൽക്കെ,
കാതിൽ പകരുന്ന പീയുഷധാരയാ-
ലോതുന്നു സൂക്ഷ്മവാസി;
മേലിലാനന്ദം ഞങ്ങളെ തേടും വഴികളെ
ചൊല്ലി പറഞ്ഞുകാട്ടി!
ഉണ്മയുണർവ്വു ചൊരിയും തിരുപ്പതി-
തിരുമല സ്വാമിപാദം
കണ്ടുവണങ്ങുവാനാവതു തന്നെയീ-
ജന്മസുകൃതം പൊന്നേ;
ഏഴുമലകളും ഈരേഴുലോകവും
കണ്ടുകണ്ടങ്ങിരിക്കും, പത്മാവതി പ്രിയ-
സ്വാമിപാദം തരും
ദർശനാനന്ദം ഹരേ!

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

# കുലസ്ത്രീ

മൃണാളിനി ഫോ:9567763643

രാജലക്ഷ്മി തന്റെ ഡ്രൈവർക്കായി കാത്തു നിന്നു മണി മൂന്ന് അമ്പത്. നാലുമണിയ്ക്ക് അസ്സോസിയേഷനിൽ ചെല്ലാമെന്ന് ഏറ്റിരുന്നതാണ്. അയാളെ കാണുന്നില്ലല്ലോ? തനിക്കാണെങ്കിൽ ഡ്രൈവ് ചെയ്യാൻ പൂർണ്ണ വശമില്ല. ഇപ്പോഴും ഒരു ധൈര്യം വന്നിട്ടില്ല. നഗരവീഥികളിൽ തിങ്ങിനിറഞ്ഞൊഴുകുന്ന വാഹനങ്ങൾക്കിടയിലൂടെ തന്റെ സാമാന്യം വലിയ കാർ നുഴഞ്ഞു നീക്കണ്ടേ?. അവൾക്ക് അൽപം ആത്മനിന്ദ തോന്നി. അയാൾ ഇന്നു വന്നില്ലെങ്കിൽ അവൾക്ക് സാധാരണക്കാരന്റെ വാഹനമായ ഓട്ടോറിക്ഷയിൽ കയറി പോകേണ്ടി വരും. താനെന്നും സാധാരണക്കാരിയായിരുന്നല്ലോ എന്നോർത്ത് കൊണ്ട് അവൾ അതു തന്നെ മാർഗ്ഗമെന്ന് നിശ്ചയിച്ചു. ജോലിക്കാരിയോട് മുൻവശത്തെ വാതിലടയ്ക്കാൻ പറഞ്ഞിട്ട് ബാഗും കുടയുമെടുത്ത് ഇറങ്ങി.

വീടിനടുത്തു നിന്നു തന്നെ ഓട്ടോറിക്ഷ കിട്ടി. അസ്സോസ്സിയേഷനിൽ എത്തിയപ്പോൾ 4.30നോടടുത്തു. സാരമില്ല. പ്രമുഖ വ്യക്തികളൊന്നും എത്തിയിട്ടില്ല. രാജലക്ഷ്മിയെ കണ്ടു പുഞ്ചിരിക്കാനും വിശേഷങ്ങളറിയുവാനും ഒരുപാടു പരിചയക്കാരുണ്ടായിരുന്നു. വശത്തുള്ള ഒരു സീറ്റിൽ പോയിരുന്നു. അന്ന് ക്യാൻസർ രോഗികൾക്കുള്ള ചാരിറ്റി ഫണ്ടിലേയ്ക്ക് അംഗങ്ങളുടെ കലാപ്രകടനങ്ങൾക്കുള്ള പാസ്സു വച്ച പരിപാടിയാണ്. രാജലക്ഷ്മി തിരിഞ്ഞു നോക്കി. സാമാന്യം ആൾ തിരക്കുണ്ട്. 250 രൂപയാണ് പാസ്സിന്. ഭാരവാഹികൾ നേരത്തെ തന്നെ ഓരോ തുക സംഭാവന ചെയ്തിരുന്നു. പരിപാടികൾ തുടങ്ങുന്ന മട്ടു കാണുന്നില്ല. ഒരു പ്രാർത്ഥനാഗാനം പാടുന്ന ജോലിയേ തനിക്കുള്ളു. അടുത്തിരിക്കുന്ന വിമലാമേനോൻ തന്റെ പേൾമാലയും ഡിസൈനർ വളകളും പ്രദർശിപ്പിച്ചു കൊണ്ട് രാജലക്ഷ്മിയുടെ നേരെ തിരിഞ്ഞു. 'രാജലക്ഷ്മിയുടെ ബോംബെ ട്രിപ്പ് എങ്ങിനെയിരുന്നു? മകൾക്ക് വിശേഷം വല്ലതുമായോ?' ആ ചോദ്യത്തിൽ നിന്നും രാജലക്ഷ്മി ഉൾവലിഞ്ഞു. ആരു കണ്ടാലും വിടാതെ, ചോദ്യങ്ങൾ നേരിടാനാവാതെ, തന്നെ വലയ്ക്കുന്ന പ്രശ്നം. അനപത്യതാ ദു:ഖമാണ് ഏറ്റവും വലിയ ദു:ഖമെന്ന് അവർക്ക് തോന്നി.

വിശിഷ്ടാതിഥികളുടെ വരവ് അവരുടെ ചിന്തയുടെ ചരടു മുറിച്ചു. ഭാരവാഹികളും പ്രമുഖ വ്യക്തികളും സ്റ്റേജിൽ കയറിയപ്പോഴേയ്ക്കും അവർ എഴുന്നേറ്റു കർട്ടനു പിന്നിലെത്തി. സെക്രട്ടറി പോഡിയത്തിനടുത്തു ചെന്ന് പരിപാടികൾ അവതരിപ്പിച്ചു. ആദ്യമായി ഈശ്വര പ്രാർത്ഥന. രാജലക്ഷ്മി മുമ്പോട്ട് വന്ന് ഈണത്തിൽ പ്രാർത്ഥനാഗാനം ചൊല്ലി എല്ലാവരും എഴുന്നേറ്റു നിന്നു. രണ്ടു മിനിറ്റേ എടുത്തുള്ളു. ഈശ്വര പ്രാർത്ഥന കഴിഞ്ഞതും സെക്രട്ടറി തന്നെപ്പറ്റി നാലു വാക്കു പറഞ്ഞു. അശരണരായ ക്യാൻസർ രോഗികളുടെ ചികിത്സയും വേദന നിവാരണവും സംരക്ഷണവും നടത്തുന്ന പ്രശസ്ത ധർമ്മസ്ഥാപനമായ 'ശരണ്യ'യുടെ സ്ഥാപകയാണ് ശ്രീമതി എൽ.രാജലക്ഷ്മി എന്ന താൻ എന്ന വിവരണം. അവളുടെ കണ്ണുകൾ തന്റെ നേരെ തിരിയുന്നത് താനറിഞ്ഞു.

പ്രാർത്ഥനാ ഗാനം കഴിഞ്ഞ് രാജലക്ഷ്മി പിൻവാങ്ങി. പിന്നീട് പ്രമുഖ വ്യക്തികളുടെ പ്രസംഗങ്ങൾ. വിശിഷ്ടാതിഥി സാഹിത്യലോകത്തു പ്രസിദ്ധയായ വനിതയാണ്. ആദ്യമായാണ് രാജലക്ഷ്മി അവളെ നേരിൽ കാണുന്നത്. വാസ്തവത്തിൽ ഇന്നു വന്നതു തന്നെ അവളെ ഒന്ന് നേരിൽ കാണാനാണ്.

ഓർമ്മകൾ അവരെ പുറകോട്ട് കൊണ്ടു പോയി. താൻ സ്നേഹിച്ചിരുന്ന പുരുഷനു മറ്റൊരു വിവാഹം കഴിക്കേണ്ടി വന്നു. തനിക്ക് കുലമഹത്വം കുറഞ്ഞു പോയതു കൊണ്ടല്ല. അയാളുടെ ധനമോഹികളായ വീട്ടുകാർ അവളുടെ കുടുംബത്തിന്റെ പണപ്രതാപത്തിൽ മുങ്ങി കല്യാണം നിശ്ചയിച്ചു. അയാൾക്കു മാപ്പു സാക്ഷിയാകാനേ കഴിഞ്ഞുള്ളു. അയാൾ അവസാനമായി വിട പറയാൻ വന്നു. താൻ ഉമ്മറത്തെ തൂണും ചാരി കണ്ണീർ പൊഴിച്ചു കൊണ്ടു നിന്നു. 'എനിക്ക് മാപ്പ് തരണം' അയാൾ വിഫലമായി കെഞ്ചി. താൻ മാപ്പ് കൊടുത്തുവോ? പിന്നെങ്ങിനെയാണ് അയാൾ മൂന്ന് വർഷത്തിനുള്ളിൽ മരണപ്പെട്ടത്?

അതൊരു സാധാരണ മരണമായാണ് ചിത്രീകരിക്കപ്പെട്ടത്. പക്ഷേ രാജലക്ഷ്മിയുടെ മനസ്സ് സംശയത്തിന്റെ മുൾമുനയിലായിരുന്നു. താനറിയുന്ന രാജേട്ടൻ മദ്യം തൊടാറില്ല. സിഗരറ്റ് വലിയോ മറ്റു ദു:ശ്ശീലങ്ങളോ ഇല്ലായിരുന്നു. അതിലോലമായ ഹൃദ

യബന്ധമായിരുന്നു ഞങ്ങൾ തമ്മിൽ. അതിൽ നിന്നു പറിച്ചു മാറ്റിയപ്പോൾ മദ്യപാനം തുടങ്ങിയോ? അതോ ജീവിതത്തിന്റെ താളം തെറ്റിക്കുന്ന സത്യങ്ങളുടെ അനാവരണങ്ങളിൽ കാലിടറിയോ?

രാജലക്ഷ്മി സ്റ്റേജിൽ ശ്രദ്ധിച്ചു കൊണ്ടിരുന്നു. മുഖ്യാതിഥിയുടെ പ്രസംഗം കേൾക്കാൻ. ഒടുവിൽ മറ്റു പ്രാസംഗികരുടെ ആശംസാപ്രസംഗങ്ങൾക്കു ശേഷം മുഖ്യാതിഥി എഴുന്നേറ്റു. അവളിപ്പോഴും ചെറുപ്പമാണ്. കാലത്തിന്റെ കൈവിരൽ അവളുടെ മുഖകാന്തിയെ സ്പർശിച്ചിട്ടില്ല. സ്വതന്ത്രമായ ജീവിത രീതി, അതിൽ വന്നും പോയുമിരുന്ന പുരുഷന്മാർ, പിന്നെ ധാരാളിത്തത്തിലമരാൻ കുടുംബ സ്വത്ത്, പേരും പെരുമയും ഇതെല്ലാം ലഭിക്കുന്ന സ്ത്രീക്ക് എത്രത്തോളം ധാടിയും മോടിയുമാകാമോ അതിന്റെ മേമ്പൊടി അവളുടെ ഇരുപ്പിലും നടപ്പിലും രാജലക്ഷ്മി ദർശിച്ചു. ഒരു വേള, തന്റെ അസൂയയാണോ ഇങ്ങിനെ ചിന്തിക്കാൻ പ്രചോദനം? അവൾ സ്വയം ചോദിച്ചു. ഇല്ല തനിക്ക് അസൂയ തോന്നിയിട്ടില്ല. അവൾ എത്ര കണ്ടു നെഗളിച്ചാലും രാജശേഖന്റെ ഒരു കുട്ടിയെ പ്രസവിക്കാൻ അവൾക്ക് സാധിച്ചിട്ടില്ല. തനിക്കത് സാധിച്ചു.

സ്റ്റേജിൽ പ്രസംഗം തുടങ്ങി. അവൾ വളരെ വൈഭവത്തോടെ ക്യാൻസർ രോഗികൾ നേരിടുന്ന ദുരിതങ്ങളും അവർക്ക് പാലിയേറ്റീവ് കെയർ (വേദന നിവാരണ ചികിത്സ) കൊടുക്കേണ്ട ആവശ്യകതയെപ്പറ്റിയും മറ്റും അതിഗംഭീരമായി പ്രസംഗിച്ചു. ഒരു ക്യാൻസർ രോഗിയെയെങ്കിലും അവൾ കണ്ടിട്ടു പോലുമുണ്ടോ? ഏതായാലും തന്റെ ഭാവനാവിലാസവും വാഗ്മിത്വവും പ്രദർശിപ്പിച്ച് സദസ്സിന്റെ കയ്യടി വാങ്ങി.

തുടർന്ന് നന്ദി പ്രമേയത്തിന് ശേഷം കലാപ്രകടനങ്ങൾക്കായി സ്റ്റേജിലുള്ളവർ താഴേക്കിറങ്ങി. അവൾ തിരക്കഭിനയിച്ച് എല്ലാവരോടും യാത്ര പറഞ്ഞ് ലഭിച്ച പൂച്ചെണ്ടുമായി വാതിൽക്കലേയ്ക്ക് നീങ്ങി. വശത്തിരിക്കുന്ന തന്നെ കണ്ടപ്പോൾ അവളൊന്നു വിളറി. പിന്നെ ഗൗരവം വീണ്ടെടുത്ത് തന്നെ കടന്നു വാതിൽക്കൽ നിർത്തിയിരിക്കുന്ന കാറിൽ തിരിച്ചു പോയി.

കലാപ്രകടനങ്ങൾ തുടങ്ങി. അതു നോക്കിയിരിക്കുമ്പോൾ മനസ്സ് ഭൂതകാലത്തിലേയ്ക്ക് നീങ്ങി. രാജശേഖരന്റെ കുഞ്ഞ് തന്റെ ഉദരത്തിൽ വളരുന്നു എന്നറിയുമ്പോഴേയ്ക്കും അവരുടെ വിവാഹം കഴിഞ്ഞിരുന്നു. ആത്മവേദനക്കിടയിലും തന്റെ കുഞ്ഞിനെ രക്ഷിക്കണമെന്ന അഭിനിവേശം വളർന്നു. പുറത്താരുമറിഞ്ഞിട്ടില്ല. തന്റെ അമ്മയോടു പോലും പറയാൻ ധൈര്യപ്പെട്ടില്ല. താൻ സഹോദരനെപ്പോലെ കരുതിയിരുന്ന അമ്മവന്റെ മകനോട് മാത്രമേ തനിക്കു മനസ്സു തുറക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നുള്ളു. വിഷ്ണുവിനെ രഹസ്യമായി വിളിച്ചു കൊണ്ടു പോയി മുകളിലെ നിലയിലുള്ള ആട്ടുകട്ടിലിൽ ഇരുത്തി തന്റെ പ്രതിസന്ധി അവതരിപ്പിച്ചു. ചുമരും ചാരിനിന്ന് കൈകൾ കെട്ടി കീഴോട്ടു നോക്കി വിവരം പറയുമ്പോൾ കണ്ണുകൾ കെട്ടി നിൽക്കുന്ന കണ്ണീരു കൊണ്ടു തുടുത്തിരുന്നു. അണപൊട്ടിയൊഴുകുവാൻ വെമ്പുന്ന കണ്ണുനീർ.

നിനക്കയാളെ എങ്ങിനെ അറിയാമായിരുന്നു? ഇതായിരുന്നു വിഷ്ണുവിന്റെ ആദ്യത്തെ ചോദ്യം. കോളേജ് കാമ്പസിൽ കൗമാരക്കാലത്ത് തന്റെ ആരാധന മൂർത്തിയായിരുന്നു അദ്ദേഹം. താൻ ഒന്നാം വർഷ ബി.എക്കു പഠിക്കുമ്പോൾ രാജശേഖരൻ എം.എ വിദ്യാർത്ഥിയായിരുന്നു. കോളേജിലെ വോളിബോൾ ടീമിന്റെ ക്യാപ്റ്റൻ, പ്രാസംഗികൻ കോളേജ് മാഗസിന്റെ എഡിറ്റർ എന്നു വേണ്ട എല്ലാ തലങ്ങളിലും തന്റെ വ്യക്തി പ്രഭാവംകൊണ്ട് പ്രതിഭാശാലിയായി തിളങ്ങി. ഒരിക്കൽ കലാപരിപാടികളിൽ തന്റെ ഗാനാലാപനം ഉണ്ടായിരുന്നു. അന്നാണ് അദ്ദേഹം തന്നെ ശ്രദ്ധിച്ചത്. പിന്നീട് സൗഹൃദമായി. സൗഹൃദം വളർന്ന് പ്രണയമായി. കോളേജിന്റെ മുൻവശത്ത് വൃക്ഷങ്ങൾ തണൽ വിരിച്ച് നിൽക്കുന്ന ഉദ്യാനത്തിൽ കോൺക്രീറ്റ് ബെഞ്ചുകളിലിരുന്ന് തങ്ങളുടെ ഭാവിയെപ്പറ്റി സ്വപ്നങ്ങൾ നെയ്യുമായിരുന്നു. എനിക്ക് ധാടിയിലും മോടിയിലുമൊന്നും താൽപര്യമില്ല ഒരധ്യാപന ജീവിതമാണ് എന്റെ ലക്ഷ്യം. അദ്ദേഹം പറയുമായിരുന്നു. നീയും അധ്യാപന വൃത്തിയിൽ ഏർപ്പെട്ടാൽ നമുക്കു സുഖമായി ജീവിക്കാം. അവൾ എല്ലാം കേട്ടിരുന്നു. അദ്ദേഹം എം.എ കഴിഞ്ഞ് കോളേജ് അധ്യാപകനായപ്പോഴും എഴുത്തുകളിൽ കൂടി ബന്ധം തുടർന്നു കൊണ്ടിരുന്നു.

രണ്ടു മാസം മുമ്പ് ഒരു പുസ്തകം തരാമെന്ന് പറഞ്ഞ് താമസിക്കുന്ന ലോഡ്ജിലേയ്ക്ക് വിളിച്ചപ്പോൾ മറുചിന്തകളൊന്നുമില്ലാതെ താൻ പോയി. പുസ്തകം തന്ന് അതിനെപ്പറ്റി ബഡ്ഡിലിരുന്ന് വിശകലനം നടത്തിക്കൊണ്ടിരുന്നതിനിടയ്ക്ക് താൻ ചുറ്റുപാടും നോക്കി. ആകെ അലങ്കോലമായി കിടക്കുന്ന മുറി. താൻ രാജേട്ടനെ കളിയാക്കി. 'അതിന് അടുക്കി വച്ച് തരാനൊരാളു വേണ്ടേ?' എന്നു ചോദിച്ചു കൊണ്ട് തന്നെ പിടിച്ച് ദേഹത്തോട് ചേർത്തിരുത്തി. അപ്രതീക്ഷിതമായ പെരുമാറ്റത്തിൽ താൻ നിശ്ചിന്തിതയായി ഇരുന്നു. രാജേട്ടന്റെ ആലിംഗനത്തിൽ മുഴുകി താനലിഞ്ഞു ചേർന്നു. ആലിംഗനം തുടർന്നു ചുംബനമായി തന്നിലെ വികാരങ്ങളെ ഉണർത്തി. ദൃഢമായി പുണർന്നു. അതിരുകൾ വിട്ടു സ്ത്രീ പുരുഷ ബന്ധത്തിന്റെ രതിഭാവങ്ങളിൽ

കൂടി കയറി ഇറങ്ങി തങ്ങൾ തങ്ങളെ മറന്നു. എല്ലാം കഴിഞ്ഞ് അഴിഞ്ഞുലഞ്ഞ വസ്ത്രങ്ങൾ നേരെയാക്കി മുഖം കൊടുക്കാതെ പുസ്തകവുമെടുത്ത് അവിടെ നിന്ന് ഓടി.

വിഷ്ണുവിന് എന്ത് മറുപടി കൊടുക്കും? കോളേജിലെ പ്രണയം മൂത്ത് വഴിതെറ്റിയതാണെന്ന് പറഞ്ഞു. വാസ്തവത്തിൽ വഴി തെറ്റിയതു കൊണ്ടാണോ രാജേട്ടന് പിൻവാങ്ങാൻ മനശ്ചാഞ്ചല്യം തോന്നിയത്. സ്ത്രീക്ക് മാത്രം കൽപ്പിതമായ ചാരിത്രശുദ്ധിയിൽ താൻ വീഴ്ച വരുത്തി. പക്ഷേ അത് വിവാഹം കഴിക്കാൻ നിശ്ചയിച്ചിരുന്ന തന്റെ മാനസദേവനോടായിരുന്നു. വിഷ്ണുവിനോട് വീണ്ടും പറഞ്ഞു. 'അതിനിടെ വീട്ടുകാർ നിർബന്ധിച്ചു നടത്തിയ വിവാഹത്തിന് അയാൾ മാപ്പുസാക്ഷിയായി. അയാളുടെ കുഞ്ഞ് എന്റെ ഉദരത്തിലുണ്ട് എന്ന് അയാൾ അറിഞ്ഞിട്ടില്ല.'

വിഷ്ണു കുറെ നേരം ചിന്താമഗ്നനായി തൊഴുകൈയ്യിൽ മുഖമമർത്തി മൂകനായിരുന്നു. രാജലക്ഷ്മി തന്റെ വിധിക്കായി കാതോർത്തു. പെട്ടെന്ന് തല ഉയർത്തി വിഷ്ണു ചോദിച്ചു. 'നിനക്ക് എന്നെ വിവാഹം കഴിക്കാമോ?' താൻ ഞെട്ടി. അറിഞ്ഞു കൊണ്ട് ഒരാളുടെ കുഞ്ഞിനെ സ്വന്തം കുഞ്ഞായി ഏറ്റെടുക്കാൻ കഴിയുമോ? തന്റെ മനസ്സ് വായിച്ചതു പോലെ വിഷ്ണു പറഞ്ഞു. 'എനിക്ക് നീ എന്നും അഭികാമ്യയായിരുന്നു. ഒരിക്കലും പറയാനവസരം കിട്ടാതെ നീണ്ടു പോയതായിരുന്നു. ഇന്ന് ഈ സ്ഥിതിയിൽ നിന്നെ സമൂഹമദ്ധ്യത്തിൽ ആക്ഷേപവസ്തുവാക്കി തള്ളിയിട്ട് മറ്റൊരു ജീവിതത്തിലേയ്ക്ക് കടന്നു പോകാൻ എനിക്കാവില്ല. നിന്റെ കുട്ടി നമ്മളുടെ കുട്ടിയായി വളരും. പക്ഷെ അയാൾ ഒരിക്കലും ഈ സത്യമറിയരുത്. അയാൾ ഇനി നിന്റെ ജീവിതത്തിലേയ്ക്ക് കടന്നു വരരുത്. അതു നീ വാക്കു തരണം.' രാജലക്ഷ്മി കുനിഞ്ഞ് വിഷ്ണുവിന്റെ പാദത്തിൽ വീണു. മടിയിൽ തലപൂഴ്ത്തി തേങ്ങലോടെ ബാഷ്പാഞ്ജലി അർപ്പിച്ചു.

വീട്ടുകാരെയെല്ലാം വിളിച്ച് താൻ രാജലക്ഷ്മിയെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് പറഞ്ഞ് വിഷ്ണു തന്നെ വിവാഹം കഴിച്ചു. വിവാഹം വലിയ ആർഭാടമായല്ലെങ്കിലും മംഗളമായി നടന്നു. വിവരം രാജശേഖരന്റെ ചെവിയിൽ എത്തിയിരിക്കും.

രാജലക്ഷ്മിക്ക് ഒരു പുതുജീവൻ ലഭിച്ചു.തന്റെ കുഞ്ഞിന് ഒരു നാഥനുണ്ടായിരിക്കുന്നു. വിഷ്ണു തന്റെ മോഹങ്ങളെയെല്ലാം തളച്ചു വച്ച് രാജലക്ഷ്മിയെ ഒരനർഘവസ്തുവെ പോലെ കാത്തു. കുറച്ചു നാൾക്കകം ഗർഭിണിയായെന്നറിയിച്ചു. വിവാഹം കഴിഞ്ഞ് ഏഴുമാസമുള്ളപ്പോൾ കുഞ്ഞിനെ പ്രസവിച്ചു. അതിൽ അസാധരണത്വം ആരും കണ്ടില്ല ഒരാളൊഴിച്ച് – രാജശേഖരൻ. പെൺകുഞ്ഞാണ് പിറന്നത്. വിഷ്ണു കുഞ്ഞിനെ തോളിലേറ്റി നടന്നു. ഒരിക്കലും രാജലക്ഷ്മിക്കോ കുഞ്ഞിനോ അനാഥത്വം തോന്നിച്ചില്ല. വിവാഹം കഴിയുമ്പോൾ രാജലക്ഷ്മി എം. എയ്ക്കു പഠിക്കുകയായിരുന്നു. അത് താൽക്കാലികമായി നിർത്തി. കുഞ്ഞിന് ഒരു വയസ്സായപ്പോൾ വിഷ്ണു ഭാര്യയോട് നിർത്തി വച്ച പഠിത്തം തുടരാൻ പറഞ്ഞു. രാജലക്ഷ്മി റാങ്കോടെ പാസായി. കോളേജിൽ ലക്ചറർ പോസ്റ്റ് നേടി. ദാമ്പത്യ ജീവിതം സുഗമമായി ഒഴുകി.

അപ്പോഴാണ് ഒരു ആഘാതം പോലെ രാജശേഖരൻ മരിച്ച വിവരം അറിയുന്നത്. കുറച്ചു ദിവസത്തേയ്ക്ക് മനസ്സിൽ ഒരു ശൂന്യത അനുഭവപ്പെട്ടു. തന്റെ മോളുടെ അച്ഛനാണ് മരിച്ചിരിക്കുന്നത്. അവൾ ജനിച്ച ശേഷം ഒരു മദ്ധ്യവർത്തി മുഖേന തന്നെ ബന്ധപ്പെടുവാൻ ശ്രമിച്ചിരുന്നു. താൻ പിടികൊടുത്തില്ല. അവിടെ നിന്നാണോ മദ്യപാനം തുടങ്ങിയത്? വിഷ്ണുവിന് കൊടുത്ത വാക്ക് തനിക്ക് പരമപ്രധാനമായിരുന്നു. അവിടുന്ന് രണ്ടുവർഷം കഴിഞ്ഞിട്ടും ഒരു കുഞ്ഞിക്കാല് കാണാനുള്ള യോഗം അവൾ കൊടുത്തില്ല. രാജേട്ടന്റെ മരണം ആത്മഹത്യയായിരുന്നോ?

പക്ഷെ തന്റെ മനസ്സാക്ഷി പ്രതിക്കൂട്ടിലായിരുന്നില്ല. തന്നെ നിഷ്ക്കരുണം ഉപേക്ഷിച്ചുപോയയാൾ. വാസ്തവത്തിൽ അവളാണ് രാജേട്ടന്റെ ഘാതകി.

മരണവിവരം അറിഞ്ഞപ്പോൾ വിഷ്ണു ചോദിച്ചു. നിനക്ക് പോകണമെന്നുണ്ടോ? രാജേട്ടനെ അവസാനമായി കാണാൻ. 'ഇല്ല.' രാജലക്ഷ്മി തറപ്പിച്ചു പറഞ്ഞു. വിഷ്ണുവിന് കൊടുത്ത വാക്ക് തന്റെ ലക്ഷ്മണ രേഖയായിരുന്നു. മരണത്തിന് മുമ്പിൽ പോലും അത് മറികടക്കാൻ താൻ തയ്യാറല്ലായിരുന്നു. രാജലക്ഷ്മി ഭർത്താവിനോട് കൂടുതൽ അടുത്തു.

വിഷ്ണു പറഞ്ഞു 'നമ്മൾക്ക് ഈ ഒരൊറ്റ മകൾ മതി.' പൂമ്പാറ്റയെപ്പോലെ പാറി നടന്ന അവൾ എല്ലാവർക്കും കണ്ണിലുണ്ണിയായി.

വിധിക്കൊരു കൺക്കെട്ടു കളിയുണ്ട്. നാം നോക്കിയിരിക്കുമ്പോൾ ചിരിച്ചു കളിക്കാനവസരം തരും. അതിൽ ഉൻമത്തരായി സ്വയം മറന്ന് ആറാടുമ്പോഴാണ് വിധിയുടെ അലംഘനീയ പാശം നമ്മെ കെട്ടിവരിഞ്ഞ് മതിഭ്രമത്തിൽ നിന്നുണർത്തുന്നത്. രാജലക്ഷ്മിക്ക് വിഷ്ണുവിനോടും കുഞ്ഞിനോടുമൊപ്പമുള്ള ജീവിതം സാന്ദ്രമായ അനുഭൂതിയായിരുന്നു. കോളേജ്, വീട്, പിന്നെ സംഗീതം നാടകങ്ങൾ മകളെയും കൊണ്ട് പാർക്കിലും മറ്റും പോകൽ. വിഷ്ണു ഒരു കലാകാരനല്ലെങ്കിലും നല്ലൊരു ആസ്വാദകനായിരു

ന്നു. രാജലക്ഷ്മിയുടെ വായനശീലത്തിന് വേണ്ട പ്രചോദനം നൽകിയിരുന്നു. അവളെ പാടുവാനും പ്രേരിപ്പിച്ചിരുന്നു.

അങ്ങിനെ സന്തോഷത്തിൽ മുഴുകിയ നാളുകളിൽ ഒരു ദിവസം ആ അപ്രതീക്ഷിത ഖഡ്ഗം തലക്കു മുകളിൽ തൂങ്ങി നിന്നു. വിഷ്ണുവിന് ഒരു തലവേദനയായാണ് തുടങ്ങിയത്. ആദ്യം വേദന സംഹാരി ഗുളികകൾ കഴിച്ചു. പിന്നെയും വർദ്ധിച്ചപ്പോൾ മൈഗ്രേയ്നാണെന്ന് സ്ഥിരീകരിക്കപ്പെട്ടു. വിഷ്ണു അപ്പോഴേക്കും ബാങ്ക്മാനേജരായി കഴിഞ്ഞിരുന്നു. ബാങ്കിൽ പോകാൻ പറ്റാതായപ്പോൾ ആദ്യമൊക്കെ ഫയലുകൾ പലതും പ്യൂൺ വീട്ടിൽ കൊണ്ടു വന്ന് പഠിച്ചാണ് ഒപ്പിട്ടിരുന്നത്. പിന്നീട് അതിനും വയ്യാതായി. ലീവെടുത്തു. പലരും പല ഡോക്ടർമാരെയും നിർദ്ദേശിച്ചു. ന്യൂറോളജിസ്റ്റിനെ കാണിച്ചു. അന്നൊക്കെ വൈദ്യശാസ്ത്രം വികസിക്കുന്നതേയുള്ളു. കാണിച്ച ഡോക്ടർമാർക്കൊന്നും രോഗനിർണ്ണയം നടത്താനായില്ല. അപ്പോഴേയ്ക്കും വിഷ്ണു വി.ആർ.എസ്. എടുത്തിരുന്നു.

തലവേദന എന്ന രോഗത്തിന് പിന്നിൽ ക്യാൻസർ എന്ന മഹാരോഗം പാഞ്ഞടുക്കുകയായിരുന്നു എന്ന് വൈകിയാണറിഞ്ഞത്. രാജലക്ഷ്മി ആലംബഹീനയായി. ഈശ്വരനെ ശരണം പ്രാപിച്ചു. ഭഗവാന്റെ കാൽക്കൽ വീണ് കെഞ്ചി. തന്റെ വിഷ്ണുവിനെ തനിക്കു തിരികെ നല്കണെയെന്ന്. പക്ഷെ അചഞ്ചലമായ വിധിപാശം തങ്ങളെ അകറ്റി. രോഗചികിത്സ നിഷ്ഫലമായി. വേദനയുടെ ലോകത്തിൽ നിന്ന് വിഷ്ണു മൃത്യുവിൽ അഭയം തേടി. ഒരു പിൻവിളിക്കായി കാതോർക്കാതെ ഒരു യാത്രാമംഗളം ചൊല്ലാനിടം തരാതെ തന്നെ വിധവയാക്കി പിതൃലോകത്തിലേയ്ക്ക് യാത്രയായി. അന്ന് വിധുവിന് പത്ത് വയസ്സുണ്ട്. അവൾ അച്ഛനില്ലാത്ത ലോകത്ത് അനാഥയായി തീർന്നു.

താൻ ഏകയായി. അവളെ വളർത്തുന്നതിലും പഠിപ്പിക്കുന്നതിലുമായി ജീവിതം അർപ്പിച്ചു. വിഷ്ണുവിന്റെ ഇൻഷുറൻസ് തുകയായി നല്ലൊരു സമ്പാദ്യം തനിക്കായി വിഷ്ണു മുൻകരുതൽ എടുത്തിരുന്നു. എങ്കിലും ഒറ്റയ്ക്കു ജീവിക്കുന്നതിലുള്ള പരാധീനതകൾ അലട്ടിയിരുന്നു. കോളേജ് ഉദ്യോഗമായിരുന്നു ആത്മവേദന കഴുകിക്കളയാനുള്ള ഏക ഔഷധം.

വർഷങ്ങൾ നീങ്ങി. മകൾ തന്നെ ഒരേസമയം ജീവിത വസന്തവും ഭാരിച്ച ചുമതലയുമായിരുന്നു. താൻ ഒരിക്കലും അവളെ അമിത ലാളനകൊണ്ട് വഷളാക്കിയില്ല. അതേ സമയം സ്നേഹത്തിന്റെ അമൃതപാത്രം അവൾക്ക് പരിഗ്രഹിക്കാനായി തുറന്നുവച്ചു.

ഇപ്പോൾ തന്റെ പ്രാർത്ഥനകൾക്കും പ്രയത്നത്തിനും ഫലം ലഭിച്ചു. അവളാഗ്രഹിച്ചതുപോലെ ഉയർന്ന വിദ്യാഭ്യാസവും ഉയർന്ന ജോലിയും അതിനനുസരിച്ചുള്ള വൈവാഹിക ജീവിതവുമായി വിഹരിക്കുന്നു. താനാണെങ്കിൽ റിട്ടയറായി. തികച്ചും ഒറ്റക്കായി. രാജലക്ഷ്മി അടങ്ങാത്ത വിങ്ങലുമായിട്ടാണ് ജീവിച്ചിരുന്നത്. വിഷ്ണുവിന്റെ മരണം തനിക്ക് നേരത്തെ തന്നെ ചികിത്സിച്ച് ഒഴിവാക്കാമാരുന്നു എന്ന തോന്നൽ. അന്ന് അതിനെപ്പറ്റിയൊന്നും യാതൊരു മുൻധാരണയുമില്ലായിരുന്നു. വിഷ്ണുവിനെ മാത്രം കണ്ടുകൊണ്ടു ജീവിച്ചു. കോളേജ്, വീട്, കുറച്ചു സുഹൃത്തുക്കൾ എന്നതിലപ്പുറം മറ്റൊരു ലോകം ഉണ്ടായിരുന്നില്ല. സ്വർഗ്ഗതുല്യമായ വീടിനപ്പുറം എന്തു വേണം. പക്ഷെ ഒരു പ്രതിസന്ധി വന്നു വാതിൽക്കൽ മുട്ടിയപ്പോൾ താൻ അത് നേരിടാൻ അശക്തയായിപ്പോയി. റിട്ടയർമെന്റ് കഴിഞ്ഞപ്പോഴാണ് രാജലക്ഷ്മി അതിനെപ്പറ്റിയെല്ലാം സ്വതന്ത്രമായി ചിന്തിക്കാൻ തുടങ്ങിയത്. നീറുന്ന വിങ്ങലുകളിൽ നിന്ന് മോചനം നേടുവാൻ അവർ കർമ്മമാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചു.

കലാപരിപാടികൾ തീർന്നു എല്ലാവരും പോകാനായി എഴുന്നേറ്റു. താൻ സ്വപ്നലോകത്തിൽ നിന്നും ഉണർന്നു. രാജലക്ഷ്മി ബാഗും കുടയുമെടുത്ത് തൊട്ടടുത്തുള്ള ഓട്ടോസ്റ്റാന്റിലേയ്ക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ ലാന്റ്ഫോൺ അടിക്കുന്നു. ജോലിക്കാരിയെ കണ്ടില്ല. തന്റെ മൊബൈൽ ഫോൺ ഓഫാക്കിയത് ഓർമ്മ വന്നു. മോളായിരിക്കും. ഓടിപ്പോയി ഫോൺ എടുത്തു. 'അമ്മയ്ക്കൊരു ഗുഡ്ന്യൂസ്' അങ്ങേതലയ്ക്കിൽ നിന്നും മോളുടെ മണിയൊച്ച. 'എന്താണ്? അവർ ആകാംക്ഷയോടെ ചോദിച്ചു. 'അമ്മ ഗെസ്സ് ചെയ്യൂ.' അവളുടെ ശബ്ദത്തിൽ ആഹ്ളാദത്തിന്റെ പുളകച്ഛവി തുളുമ്പുന്നു. രാജലക്ഷ്മിയുടെ ഹൃദയമിടിപ്പ് കൂടി. 'ഒന്നു കാര്യം പറയു കുട്ടി. അമ്മയെ ഇങ്ങിനെ മുള്ളിന്മേൽ നിറുത്തല്ലേ.' 'അമ്മ ആഗ്രഹിച്ചതു തന്നെ. ഐ ആം പ്രഗ്നന്റ്.' രാജലക്ഷ്മി തല കറങ്ങാതിരിക്കാൻ കസേരയിൽ കൈയ്യൂന്നി. കുറച്ചു സമയത്തേയ്ക്കു സംസാരശേഷി നഷ്ടപ്പെട്ടു. വാക്കുകൾ വായിൽ നിന്ന് ചിന്നിച്ചിതറി വന്നു. 'എന്റെ പൊന്നു മോളേ അമ്മ വരട്ടെ നിന്റെ അടുത്തേയ്ക്ക്?' വിധു ചിരിച്ചു. 'തുടങ്ങിയിട്ടേ ഉള്ളു അമ്മേ. അമ്മ ഇങ്ങോട്ടു വന്നാൽ അമ്മയുടെ ശരണ്യയോ?.' പെട്ടെന്ന് ഒരു ഇടിമിന്നൽ പോലെ ആ ചിന്ത മനസ്സിലെത്തി. 'ശരണ്യ'യുടെ നടത്തിപ്പിന് താനായിരുന്നു ഇത്രനാൾ എല്ലാം അന്വേഷിച്ചിരുന്നത്. ഇപ്പോൾ അതു കൈവിടാനും വയ്യ. അവർ തപ്തഹൃദയത്തോടെ മകളോടു പറഞ്ഞു. 'മോളേ ഞാനാന്നാലോചിക്കട്ടെ നാളെ ഒരു പോംവഴി പറയാം.' 'അമ്മ പേടിക്കണ്ട

പതുക്കെ വഴി കണ്ടെത്താം. ഇപ്പോഴെക്കെ ഹോം നഴ്സുമാരെ കിട്ടും.' 'അതൊന്നും പറ്റില്ല. ഞാൻ തന്നെ വരും'. രാജലക്ഷ്മി തറപ്പിച്ചു പറഞ്ഞു. 'എന്നാൽ ശരിയമ്മേ നാളെ വിളിക്കാം. വിജയേട്ടൻ ഇന്നെന്നെ പുറത്തു കൊണ്ടുപോയി ഡിന്നർ തരുന്നുണ്ട്. ശരി ഓകെ.' രാജലക്ഷ്മി മനസ്സില്ലാമനസ്സോടെ ഫോൺ താഴെ വച്ചു.

അവർക്ക് ഭക്ഷണം ഒന്നും കഴിക്കാൻ തോന്നിയില്ല. ആകെ ഒരു വെപ്രാളം. മൂന്നു വർഷമായി കൊതിച്ചു കാത്തിരിക്കുന്നു. അവരുടെ ചിന്തകൾ വീണ്ടും പുറകോട്ടു പോയി. താൻ റിട്ടയറാകുന്നതിനും മുമ്പായിരുന്നു വിധുവിന്റെ കല്യാണം. വിഷ്ണുവിന്റെ പ്രോവിഡന്റ് ഫണ്ടും മറ്റു തുകകളും ഇൻഷുറൻസ് തുകയുമെല്ലാം കയ്യിലുണ്ടായിരുന്നതു കൊണ്ട് അവളെ മോടിയോടെ വിവാഹം കഴിച്ചു കൊടുക്കുവാൻ സാധിച്ചു. അവൾക്ക് ചേരുന്ന പുരുഷൻ. വിവാഹം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും കുഞ്ഞ് ജനിക്കാഞ്ഞപ്പോഴാണ് രാജലക്ഷ്മിക്ക് ആകാംക്ഷ വർദ്ധിക്കാൻ തുടങ്ങിയത്. അവർ മകളോട് നല്ലൊരു ഡോക്ടറെ തിരഞ്ഞെടുത്ത് കാണുവാൻ പറഞ്ഞിരുന്നു. അതിനുള്ള അന്വേഷണത്തിലായിരുന്നു കുറെ നാൾ. വല്ല ട്രീറ്റ്മെന്റ് സെന്ററിൽ പോയാൽ അവർ ഹോർമോൺ ചികിത്സയോ മറ്റോ ചെയ്താലോ. ഒന്നിലധികം കുഞ്ഞുണ്ടാവുന്നത് കേൾക്കാറുണ്ട്. അങ്ങിനെ പലവിധ ഭയങ്ങളും ആശങ്കകളുമായി കഴിഞ്ഞ് കൂടുകയായിരുന്നു. ഇന്നിതാ അവൾ യാതൊരു ചികിത്സാവിധിയുമില്ലാതെ ഒരമ്മയാകാൻ പോകുന്നു.

അത് അവളുടെ ഉദാരമനസ്സിന് ഈശ്വരൻ തന്ന കൃപയാണ്. രാജലക്ഷ്മിയുടെ ചിന്തകൾ വീണ്ടും പുറകോട്ടു പോയി. 'ചേച്ചി വന്നു ഭക്ഷണം കഴിക്കൂ' ജോലിക്കാരി വിളിച്ചു. 'ഇന്നെനിക്കു വേണ്ട കുട്ടി. നീ കഴിച്ചു കിടന്നോളൂ.' അവൾ അമ്മയുടെ ഭാവമാറ്റം കണ്ടു നിർബന്ധിയ്ക്കാതെ തിരിച്ചുപോയി. രാജലക്ഷ്മിയുടെ ഓർമ്മകളിൽ ആ രണ്ടു കുഞ്ഞിക്കൈകൾ നിറഞ്ഞു നിന്നു. വിഷ്ണുവിനെപ്പറ്റിയുള്ള ഓർമ്മകൾ അവരെ കർമ്മപഥത്തിലെത്തിച്ചപ്പോഴാണ് കാൻസർ രോഗികളെ പരിപാലിക്കുന്ന ഒരു ഹോസ്പിറ്റൽ കാണുവാനായി പോയത്. ഒരു കൊച്ചുകുഞ്ഞ് കുഞ്ഞടികൾ വച്ചു നടന്നു വന്ന് തന്റെ സാരിയിൽ പിടിച്ചു. കൗതുകത്തോടെ തല ഉയർത്തി തന്റെ മുഖത്തുനോക്കി. കീമോ തെറാപ്പി ചെയ്ത് മുടിയെല്ലാം പോയിരിക്കുന്നു. എന്നിട്ടും അവളുടെ കണ്ണുകളിൽ ആശയുടെ തിളക്കം. ഗഹനമായ രോഗപീഢ അനുഭവിച്ചത് അവളുടെ കുഞ്ഞുചിരിയിൽ കാണുവാനില്ല. രാജലക്ഷ്മി ആ കുഞ്ഞിനെ അണച്ചുപിടിച്ചു. അവളുടെ അച്ഛനും അമ്മയും വന്നു. രാജലക്ഷ്മി കയ്യിലുണ്ടായിരുന്ന രൂപ അവർക്കു കൊടുത്തു. 'മാഡം ഇതല്ല തരേണ്ടത്. ഞങ്ങൾക്ക് കുറച്ചു മരുന്നുകൾ എത്തിച്ചു തന്നാൽ പുണ്യം കിട്ടും.' ആ പിതാവ് അപേക്ഷിച്ചു. അവർക്കൊരു മറുപടി നൽകാനാവാതെ തിരിച്ചു പോന്നു.

ആ കുഞ്ഞിന്റെ പ്രത്യാശയാർന്ന മുഖം അവരുടെ ഉറക്കം കെടുത്തി. അവർ പിറ്റേന്നുപോയി ആ ആതുരാലയത്തിലെ ഡോക്ടറെ കണ്ടു. അദ്ദേഹം ട്രീറ്റ്മെന്റിന്റെ വിവിധ ശ്രേണികൾ വിവരിച്ചു. അതിൽ ആ കുഞ്ഞു പൈതൽ ആദ്യ ശ്രേണിയിലായിരുന്നു. ചികിത്സിച്ചാൽ പൂർണ്ണമായി മാറാവുന്ന സ്ഥിതി. പക്ഷെ അവളുടെ അച്ഛനുമമ്മയ്ക്കും അതിന്റെ ചിലവുകൾ താങ്ങുവാനുള്ള സാമ്പത്തിക സ്ഥിതിയില്ലായിരുന്നു. രാജലക്ഷ്മി തന്റെ കൈയ്യിലുള്ളതും പോരാത്തതിന് തന്റെ പഴയ വിദ്യാർത്ഥികളേയും അടുത്ത പരിചയക്കാരെയും ബന്ധപ്പെട്ട് അവരുടെ സഹായഹസ്തം സ്വീകരിച്ച് ഒരു തുകയുണ്ടാക്കാൻ ശ്രമിച്ചു. ചിലരെല്ലാം കൈയയച്ചു സഹായിച്ചു. മറ്റു ചിലർ ഒഴിവുകഴിവുകൾ പറഞ്ഞ് ഒഴിഞ്ഞുമാറി. രാജലക്ഷ്മി തന്റെ മകളോട് തന്റെ പ്രവൃത്തികൾ പറഞ്ഞിരുന്നു. അമ്മ ആരുടെ മുമ്പിലും കൈനീട്ടേണ്ട എന്ന് പറഞ്ഞ് അവൾ ഭാരിച്ച ഒരു തുക അയച്ചുകൊടുത്തു. രാജലക്ഷ്മി അത് എല്ലാം ചേർത്ത് ആ കുഞ്ഞിന്റെ അച്ഛനെ ഏല്പിച്ചു. അയാൾ അത് നിറമിഴികളോടെ സ്വീകരിച്ചു. വീഴ്ച വരാതെ രോഗനിവാരണത്തിനായി ശുശ്രൂഷ തുടങ്ങുവാൻ രാജലക്ഷ്മി നിർദ്ദേശിച്ചു.

തുടരും.....

മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് – 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**

# ഭൂമിക്കൊരു സങ്കീർത്തനം

സി.രാമചന്ദ്രൻ

## പ്രവേശിക

കരയോഗസൗഹൃദത്തിന്റെ കഴിഞ്ഞ ലക്കങ്ങളിൽ സൂര്യനെക്കുറിച്ചും അതിനെ ചുറ്റുന്ന ഭൂമിയടക്കമുള്ള എട്ടുഗ്രഹങ്ങളെക്കുറിച്ചും അതിനപ്പുറമുള്ള കുയിപ്പർബെൽറ്റ് ഊർട് ക്ലൗഡ് തുടങ്ങിയ പ്രദേശങ്ങളെക്കുറിച്ചുമാണല്ലോ പ്രതിപാദിച്ചത്. ഇത് നാം ഭൂമിയിൽ നിന്ന് പുറമേയ്ക്കു നോക്കുമ്പോഴത്തെ കാഴ്ച്ചയാണ്. അകമേയ്ക്കു കാണുവാൻ ഉപകരണങ്ങളും പ്രയോഗരീതികളും വ്യത്യസ്ഥമാണ്. ഭൂമി കുഴിച്ചും കുഴിക്കാതെയുമുള്ള പഠനമാർഗ്ഗങ്ങൾ അനവധിയാണ്. ഭൗമവിജ്ഞാനീയം എന്ന ശാസ്ത്രശാഖ താരതമ്യേന നൂതനവുമാണ്. ആദ്യകാല ഭൗമശാസ്ത്രജ്ഞന്മാർ മനുഷ്യശരീര ശാസ്ത്രജ്ഞന്മാരായിരുന്നു എന്നത് കൗതുകകരമാണ്. ശസ്ത്രക്രിയയും, എന്റോസ്ക്കോപ്പിയും, എക്സ്റേയും, അൾട്രാസോണിക്കും മറ്റുമായി ശരീരപ്രകൃതി വിശകലനം ചെയ്യുന്ന രീതി ഭൗമപഠനത്തിനും അനുയോജ്യമാണെന്ന ചിന്തയായിരിക്കാം ഇതിനുകാരണം. നമ്മുടെ അടുത്ത പര്യാലോചന ഭൂമിയെക്കുറിച്ചു തന്നെയാകാം. ഓഖി ദുരന്ത പശ്ചാത്തലത്തിൽ അതിനു കാലികമായ പ്രസക്തിയുമുണ്ടല്ലോ.

പുതിയ അറിവുകൾ നിലവിലുള്ള വിശ്വാസങ്ങളുമായി ഏറ്റുമുട്ടേണ്ടി വരുമ്പോൾ മതം പുതിയ വിജ്ഞാനങ്ങൾക്കു വിഘാതമാകുന്നതെങ്ങനെയെന്നു നാം കണ്ടു. ബ്രൂണോയെ ചുട്ടുകൊന്നതും ഗലീലിയോയെ തടവിലാക്കിയതും പുതിയ ആശയങ്ങൾ പ്രചരിപ്പിച്ചതിനാലാണ്. ഭൗമചലനങ്ങൾക്ക് ഇതു ബാധകമാകാഞ്ഞത് ഈ പുതിയ ശാസ്ത്രശാഖ രൂപം കൊണ്ടു വരുമ്പോഴേയ്ക്കും യാഥാസ്ഥികരുടെ പല്ലുകളേറെയും കൊഴിഞ്ഞിരുന്നതിനാലാണ്. മതപുസ്തകങ്ങളിലെ കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചു സാധൂകരിക്കത്തക്കവണ്ണമായിരിക്കണം കണ്ടുപിടിത്തങ്ങൾ എന്ന ശാഠ്യമായിരുന്നുവല്ലോ പ്രശ്നം. ഭൂമിയുമായി ബന്ധപ്പെട്ട ഇതിഹാസ കഥാപാത്രങ്ങളെ കാലത്തിന്റെ യവനികയ്ക്കു പിന്നിലേക്ക് ശാശ്വതമായി ഒഴിവാക്കുവാൻ ബന്ധപ്പെട്ടവരെല്ലാം തന്നെ നന്നെ വിഷമിക്കുകയും ചെയ്യുമല്ലോ.

മതദൈവചിന്തകരിലും ഇന്ന് ഒരു പരാഡിഗംഷിഫ്റ്റ് (നിലപാടുതറയിലെ വ്യതിയാനം) ദൃശ്യമാണ്. ശാസ്ത്രത്തേയും ശാസ്ത്രചിന്തകരെയും അവർ ഇന്ന് നേരിട്ടു ഭത്സിക്കുന്നില്ല. മറിച്ച് ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾക്കാധാരമായ തത്വങ്ങൾ പണ്ടേ തന്നെ തങ്ങളുടെ താളിയോലകളിൽ ഒളിഞ്ഞിരിപ്പുണ്ടായിരുന്നെന്നു തെളിയിക്കുവാനാണ് ഇന്നു തുനിയുന്നത്. നോഹയുടെ കാലത്തെ പ്രളയത്തിൽ നിന്നും പൊന്തി വന്നതാണ് ഇന്നു കാണുന്ന കരപ്രദേശം എന്നാണല്ലോ സെമിറ്റിക് വിശ്വാസം. അതുപോലെ എല്ലാ ജീവജാലങ്ങളേയും ദൈവം ഒറ്റയ്ക്കൊറ്റയ്ക്കു സൃഷ്ടിച്ചതാണെന്നായിരുന്നു മറ്റൊരു വിശ്വാസം. ഇത്തരം വിശ്വാസങ്ങളെല്ലാം തന്നെ അസംബന്ധമെന്നു സ്ഥാപിക്കുവാൻ പോന്നതായിരുന്നു ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങൾ.

ഭൂമിയുടെ പ്രായത്തെപ്പറ്റിയുള്ള ധാരണകളെക്കുറിച്ചും എടുത്തു പറയേണ്ടതുണ്ട്. ബൈബിളിലെ ഉല്പത്തി പുസ്തകത്തിലെ പാരമ്പര്യരേഖയും പുതിയ നിയമത്തിലെ അപ്പോസ്തലന്മാരുടെ വിവരങ്ങളും വിശകലനം ചെയ്തുകൊണ്ട് ഐറിഷ് ആർച്ച് ബിഷപ്പ് ജെയിംസ് ഉഷ്ഷർ എത്തിച്ചേർന്ന നിഗമനം ദൈവം ഭൂമിയുണ്ടാക്കിയത് ബി സി 4004 ഒക്ടോബർ 23-ാം തീയതി ഞായറാഴ്ചയാണെന്നാണ്. നോഹ പെട്ടകമുണ്ടാക്കി ജീവജാലങ്ങളെ പ്രളയത്തിൽ നിന്ന് രക്ഷിച്ചത് ബിസി 2394ലായിരുന്നുപോലും. ഫോസിലുകളുടേയും അണുപ്രസരണമുള്ള വസ്തുക്കളുടേയും മറ്റും പ്രായം ശാസ്ത്രീയമായി കണക്കാക്കുമ്പോൾ ആറായിരം വർഷകാലയളവ് തീരെ നിസ്സാരമാണ്.

ഭൂമിയെക്കുറിച്ചുള്ള ശാസ്ത്രീയ വിജ്ഞാനത്തിനു തുടക്കം കുറിച്ചത് നിക്കോളാസ് സ്റ്റീനോ എന്ന മനുഷ്യശരീരശാസ്ത്രജ്ഞനായിരുന്നു. ഡെൻമാർക്കുകാരനായ അദ്ദേഹം ഭൂമിയെക്കുറിച്ചു പഠിക്കുന്നതിന് ഇറ്റലിയിലേയ്ക്കു കുടിയേറി. ഫോസിലുകളുടെ പഠനത്തിലൂടെ ഭൗമശാസ്ത്രത്തിലെത്തിച്ചേർന്ന അദ്ദേഹം രചിച്ച പുസ്തകത്തിന്റെ തലക്കെട്ട് ഒരു

'ഖരവസ്തുവിനുള്ളിൽ മറ്റൊരു ഖരവസ്തുവുണ്ടാകുന്നതെങ്ങനെ' എന്ന വിചിത്രമായ ഒന്നായിരുന്നു.

പിന്നീട് ഊറലുകളേയും പാറകളേയും കുറിച്ചു പഠിച്ചത് ജർമ്മൻകാരനായ എബ്രഹാംവെർണർ ആയിരുന്നു. തന്റെ പ്രദേശമായ സാക്സണി എന്ന സ്ഥലത്തിനു പുറത്ത് ഒരിക്കലും സഞ്ചരിച്ചിട്ടില്ലാത്ത അദ്ദേഹം മൊത്തം ഭൂമിയെക്കുറിച്ചു ചിന്തിക്കുകയും പഠിക്കുകയും ചെയ്തു. എന്നത് കൗതുകമുണർത്തുന്നുണ്ടെങ്കിലും അതദ്ദേഹത്തിന്റെ പരിമിതിയുമായിരുന്നു. ഉരുണ്ട ഭൂമിയുടെ ഉൾഭാഗത്ത് ഉരുകിയ ദ്രാവകരൂപത്തിലുള്ള ധാതുക്കളാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ വാദഗതികളെ അനുകൂലിച്ചിരുന്നവർ നെപ്ട്യൂണിയന്മാർ എന്നും എതിർത്തവർ പ്ലൂട്ടോണിയൻമാർ എന്നും അറിയപ്പെട്ടിരുന്നു. ഇവരിൽ നിന്നും വിഭിന്നരായ വൊൾക്കാനിസ്റ്റുകൾ എന്ന മറ്റൊരു ഗ്രൂപ്പും രൂപപ്പെട്ടു വന്നു. അതിന്റെ ഉപജ്ഞാതാവായ ജെയിംസ് ഹട്ടനാണ് ഭൂവിജ്ഞാനീയത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. അദ്ദേഹം ഒരു രസികൻ കഥാപാത്രമായിരുന്നു. എഡിൻബറോയിൽ ജനിച്ച അദ്ദേഹം നിയമപഠനം പൂർത്തിയാക്കിയശേഷം വൈദ്യപഠനം ആരംഭിച്ചു. അതും കഴിഞ്ഞ് കുടുംബസ്വത്ത് ഭാഗിച്ചു കിട്ടിയ ഭൂപ്രദേശത്ത് കൃഷി ആരംഭിച്ചു. കൃഷിയിൽ ആധുനിക ശാസ്ത്രത്തിന്റെ അറിവുകൾ അദ്ദേഹം പ്രയോഗിച്ചു. പക്ഷെ അതിലും ഉറച്ചു നിൽക്കാതെ എല്ലാമുപേക്ഷിച്ച് പഠനത്തിലും പരീക്ഷണങ്ങളിലും മാത്രം വ്യാപൃതനായി. 1795ൽ അറുപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം തന്റെ ഗവേഷണഫലമായ 'ഭൂമിയുടെ സിദ്ധാന്തം', പല വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു.

വിഖ്യാത ജർമ്മൻ സാഹിത്യകാരനായിരുന്ന ഗൊയ്ഥെ ഒരു ഭൗമശാസ്ത്രജ്ഞനായിരുന്നു എന്ന് അധികമാർക്കുമറിയില്ല. അദ്ദേഹത്തിന്റെ 'ഫോസ്റ്റ്' എന്ന നാടകത്തിൽ ഭൗമശാസ്ത്രം വിഷയമാകുന്നുമുണ്ട്. അക്കാലത്തെ പ്രമാദമായ ശാസ്ത്ര വിഷയ ചർച്ചകളിലെല്ലാം അദ്ദേഹം തലയിട്ടിരുന്നു. പക്ഷെ അദ്ദേഹം പന്തയം കെട്ടിയതെല്ലാം തെറ്റായ കുതിരകളിലായിരുന്നു എന്നു മാത്രം.

ഭൂവിജ്ഞാനത്തിന് സമഗ്രമായ കാഴ്ചപ്പാടുണ്ടാക്കിയത് ഹട്ടനാണ്, കാലത്തിന്റെ അനന്തതയാണ് അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ എടുപ്പുവശം. പക്ഷെ ഇതംഗീകരിക്കപ്പെടുവാൻ സമയമെടുത്തു. അതിനൊരു കാരണം ഫ്രഞ്ച് വിപ്ലവമാണ്. ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം അതൊരഭിശപ്തകാലമായിരുന്നു. വിഖ്യാത ശാസ്ത്രജ്ഞനായിരുന്ന ആന്റണി ലവോയ്സിയറെ നിഷ്കരുണം ഗില്ലറ്റിൻ വധത്തിനു വിധേയമാക്കിയത് ഫ്രഞ്ച് വിപ്ലവത്തിലായിരുന്നുവല്ലോ.

കല്ക്കരിക്കും ഇരുമ്പിനും വേണ്ടിയുള്ള ഖനനം ഊർജ്ജിതമായതോടെ വിഷയവും സജീവമായി. 1807ൽ ലണ്ടനിൽ ജിയോളജിക്കൽ സൊസൈറ്റി രൂപം കൊണ്ടു. ഭൂസർവേയ്ക്കുവേണ്ടിയുള്ള ആദ്യ സംരംഭങ്ങളിലൊന്ന് ഇന്ത്യയിലേതാണ്.

ഭൂമി കുഴിച്ച് കൃത്രിമ കനാലുകളുണ്ടാക്കി ജലഗതാഗത സംവിധാനമുണ്ടാക്കുന്ന ഒരു പദ്ധതി യൂറോപ്പിൽ പൊതുവേയും ഇംഗ്ലണ്ടിലുമുണ്ടായിരുന്നു. അതിന്റെ സർവ്വെ വകുപ്പിൽ ജോലി ചെയ്തിരുന്ന വില്യംസ്മിത്താണ് ഭൂമിയുടെ ഉപരിതലത്തെയും അടിയിലുള്ള പാറകളുടെ അടുക്കുകളേയും കുറിച്ചു പഠിച്ച മറ്റൊരാൾ. അത് ശാസ്ത്രത്തിനു വലിയ മുതൽക്കൂട്ടായി. ചാൾസ് ഡാർവിനും ഭൂമിയെക്കുറിച്ച് പഠിച്ചയാളാണ്. അദ്ദേഹം ജീവിതത്തിൽ വഹിച്ച ഏക ഔദ്യോഗിക ചുമതല ലണ്ടനിലെ ജിയോളജിക്കൽ സൊസൈറ്റിയുടെ സെക്രട്ടറി പദമാണ്.

ചാൾസ് ലയൽ എന്ന ശാസ്ത്രജ്ഞൻ 1830ൽ 'ഭൂവിജ്ഞാനീയത്തിന്റെ തത്വങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ ആദ്യവാല്യം പ്രസിദ്ധീകരിച്ചതോടെയാണ് ഈ വിജ്ഞാനശാഖ ആധുനിക കാലത്തേയ്ക്കു കടക്കുന്നത്. ഈ ഗ്രന്ഥപരമ്പരയുടെ പന്ത്രണ്ടു പതിപ്പുകളിറങ്ങി. ചാൾസ് ഡാർവിൻ ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ട്. 'എന്റെ പുസ്തകങ്ങളുടെ പകുതിയും ലയലിന്റെ തലച്ചോറിൽ നിന്നും ഊർന്നു വീണതാണ്' നിയമം പഠിച്ചു വക്കീലായ ഒരാളായിരുന്നു ലയൽ. കാഴ്ചക്കുറവും കേൾവിക്കുറവും വിക്കലും മൂലം ആ പണി ഉപേക്ഷിച്ചുകൊണ്ടാണ് ഭൂവിജ്ഞാനത്തിലേയ്ക്കു തിരിഞ്ഞത്. ശാസ്ത്രത്തെ ദൈവശാസ്ത്രത്തിൽ നിന്നകറ്റുക എന്നൊരു ദൗത്യവും അദ്ദേഹം വഹിച്ചു.

പിന്നീട് ദിനോസറിന്റെ ഫോസിൽ കുഴിച്ചെടുക്കപ്പെട്ടത് ഭൂവിജ്ഞാനീയത്തിലെ മറ്റൊരു വലിയ സംഭവമായിരുന്നു. വടക്കേ അമേരിക്കയുടെ പടിഞ്ഞാറേ തീരത്തുള്ള മരുഭൂമികളിലെ ഊറൽപാറകൾ ഉരഗങ്ങളുടെയും മറ്റു നട്ടെല്ലുകളുടെയും ഫോസിലുകളുടെ കലവറയാണ്. ഇവിടെ പഠനം നടത്തിയ മറ്റൊരാൾ ചാൾസ് മാർഷ് ആയിരുന്നു. അവിടം മുഴുവൻ അലഞ്ഞു നടന്ന് സ്പെസിമനുകൾ ശേഖരിക്കുമ്പോൾ റെഡ് ഇൻഡ്യാക്കാരുടെ ആക്രമണങ്ങളിൽ നിന്നു രക്ഷതേടുവാൻ തോക്കും അനുയായികളും ആവശ്യമായി വന്നു. സ്വന്തം പോക്കറ്റിൽ നിന്നാണ് അതിനുള്ള ചിലവു വഹിച്ചത്. ഭൂവിജ്ഞാനീയത്തിൽ മറ്റൊരു മാറ്റമുണ്ടാകുന്നത് 1859ൽ പെൻസിൽവാനിയയിലെ ടുട്‌വിൽ എന്ന

**(ശേഷം 38-ാം പേജിൽ)**

## 5-ാം ചരമവാർഷികം

**20.02.2018**



**ഇല്ലിക്കൽ കൃഷ്ണമേനോൻ**

'എഴുത്തുള്ളിൽ ഹൗസ്'
ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം

## 8-ാം ചരമവാർഷികം

**07.02.2018**



**പ്രവീൺകുമാർ.സി. (അപ്പു)**

ശ്രീശക്തി
കിഴക്കേ ആലപ്പാട്ട് വീട്
കൊച്ചി-682016

## 10-ാം ചരമവാർഷികം

**17.02.2018**




**ഗോപാലകൃഷ്ണൻ.കെ**

കൃഷ്ണകൃപ
രവിപുരം റോഡ്
കൊച്ചി-16

## 31-ാം ചരമവാർഷികം

**05.02.2018**



**കോവിലകത്തുംപറമ്പിൽ ശ്രീകുമാരമേനോൻ**

സൺഗ്രേസ് അപ്പാർട്ട്മെന്റ്,
കാരക്കാട്ട് റോഡ്, എറണാകുളം സൗത്ത്

മക്കൾ: ചന്ദ്രൻ & രവി

# 3-ാം ചരമവാർഷികം

**12.02.2018**



**ഏ. ആർ. സതി**

**ആളാഴത്ത് ഹൗസ്**
**കടവന്ത്ര. പി. ഒ**
**കൊച്ചി. 682020**


## നിര്യാതരായ കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ.രാമചന്ദ്രൻ നായർ**
L/1971, ശ്രീഷൺമുഖപ്രിയ,
കർഷക റോഡ്,
വടുതല.പി.ഒ, എറണാകുളം-682023



**നാരായണ മേനോൻ.പി**
L/0451, ശ്രീശൈലം
മൊണാസ്ട്രി റോഡ്
കാരിക്കാമുറി, കൊച്ചി-682011



**ഗോപാലകൃഷ്ണമേനോൻ**
L/0389, ഇന്ദീവരം
മാമംഗലം.പി.ഒ
കൊച്ചി-25



**അംബിക നായർ**
L/3606, ഇന്ദു, ടൗൺ ഹാൾ റോഡ്
എറണാകുളം നോർത്ത്,
കൊച്ചി-682018

കവിത

# അറിയുന്നു

**ഡോ.ശാന്തകുമാരി.സി**

നീലാകാശത്തിൽ മുഗ്ധ
ചന്ദ്രിക തെളിയുമ്പോൾ
നീലസാഗരം കയർ-
ത്തുരുണ്ടു കയറുമ്പോൾ
ഭൂമിയിൽ വസന്തങ്ങൾ
പുഷ്പങ്ങളുതിർക്കുമ്പോൾ
വായുവിൽ ഗന്ധങ്ങൾ തൻ
രസങ്ങൾ പടരുമ്പോൾ
താമരക്കണ്ണാ കാലം
പോകുന്നതറിഞ്ഞില്ല
പ്ലാവുകൾ പൂത്തീടുമ്പോൾ
മാവുകളുണ്ണി മാങ്ങാ-
ക്കോലമോടാടീടുമ്പോൾ
മോഹങ്ങൾ തളിർക്കുമ്പോൾ
താമരക്കണ്ണാ കാലം
പോകുന്നതറിഞ്ഞില്ല
ബാലകൗമാരങ്ങളി-
ലാനന്ദം നുകർന്നപ്പോൾ
യൗവ്വനം മധുമാസ-
കാലമായ് മറഞ്ഞപ്പോൾ
വാർദ്ധക്യം ശരീരത്തി-
ലെത്തി നോവിച്ചീടുമ്പോൾ
താമക്കണ്ണാ കാലം-
പോകുന്നതറിയുന്നു.

**അത്യന്തബാലമതസീ കുസുമപ്രകാശം**
**ദിഗ്വാസസം കനകഭൂഷണ ഭൂഷിതാംഗം**
**വിസ്രസ്തകേശ, മരുണാധര, മായതാക്ഷം**
**കൃഷ്ണം നമാമി മനസാ വസുദേവ സൂനം**

***-ശ്രീകൃഷ്ണ കർണ്ണാമൃതം***

**തീരെ ബാലനായ, കായാമ്പൂവിന്റെ ശോഭയുള്ള, വസ്ത്രം ധരിക്കാത്ത, ശരീരത്തിൽ സ്വർണ്ണാഭരണങ്ങളണിഞ്ഞ, ചിതറിയ തലമുടിയോടു കൂടിയ, ചുവന്ന, നീലകണ്ണുള്ള, വസുദേവസൂനുവായ കൃഷ്ണനെ ഞാൻ നമിക്കുന്നു.**

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ :9895981809

**ശ്ലോകം 15**

ആദ്യൻ സർവ്വസനാതനൻ നിഖില
ലോകാചാര്യനാമ്നായസം-
വേദ്യൻ സജ്ജനഹൃൽസരോജ
കളഹംസം സോ/ഹമന്തശ്ചരൻ
വിദ്യാഗമ്യനമേയനാദിമമഹാജ്യോതിസ്വരൂപൻ
ഭവാ-
നുദ്യദ്ഭാനു കണക്കു നീക്കിടുകയെൻ മോഹാന്ധ
കാരം വിഭോ

**പദാർത്ഥം:**

ആദ്യൻ = ഏറ്റവും മുമ്പുണ്ടായവൻ
സർവ = മറ്റൊന്നില്ലാതെ എല്ലാം
സനാതനൻ = സന്+ആതനൻ
ആതനൻ = പരന്ന് അകത്തും പുറത്തും വ്യാപിക്കുന്നവൻ
സനാതൻ = ആതനത്വം സ്വഭാവമായുള്ളവൻ
നിഖില = സമ്പൂർണ്ണമായി എല്ലായിടവും
ലോകാചാര്യൻ = ലോകത്തിനും ധർമ്മാധർമ്മങ്ങൾ ഉപദേശിക്കുന്നവൻ
ആമ്നായ = തന്ത്രശാസ്ത്രം പാരമ്പര്യം
സംവേദ്യൻ = പൂർണ്ണമായും അറിയപ്പെടാൻ കഴിയുന്നവൻ
സജ്ജന = സത്തുക്കളായ ജനങ്ങൾ
ഹൃൽ = ഹൃദയ
സരോജ = പൊയ്കയിൽ ജനിച്ച
കളഹംസം = അരയന്നം
സോ/ഹം = അത് ഞാനാകുന്നു
അന്തശ്ചരൻ = അകത്ത് ചരിക്കുന്നവൻ
വിദ്യാഗമ്യൻ = വിദ്യകൊണ്ട് അറിയപ്പെടാവുന്നവൻ
അമേയൻ = അളക്കാൻ കഴിയാത്തവൻ
ആദിമമഹാജ്യോതിസ്വരൂപൻ = ആദ്യം ഉണ്ടായ പ്രകാശം സ്വരൂപമായവൻ
ഭവാൻ = അങ്ങ്
ഉദ്യദ്ഭാനു കണക്ക് = ഉദിച്ചുയരുന്ന സൂര്യനെപോലെ
മോഹാന്ധകാരം = അറിവില്ലായ്മയാകുന്ന ഇരുട്ട്.

**ശ്ലോകാർത്ഥം:**

ആദ്യമുണ്ടായവനും, എല്ലാത്തിന്റെയും അകത്തും പുറത്തും വ്യാപിക്കുന്നവനും, എല്ലാ ലോകങ്ങൾക്കും ധർമ്മാധർമ്മങ്ങൾ ഉപദേശിക്കുന്നവനും, തന്ത്രസമ്പ്രദായങ്ങളിലൂടെ പൂർണ്ണമായും അറിയപ്പെടാൻ കഴിയുന്നവനും, സത്തുക്കളായിരിക്കുന്ന ജനങ്ങളുടെ ഹൃദയമാകുന്ന പൊയ്കയിൽ ജനിച്ച അരയന്നമായിരിക്കുന്നവനും, അത് ഞാനാകുന്നു എന്ന ഭാവം അകത്ത് വിലസുന്നവനും, വിദ്യകൊണ്ടറിയപ്പെടാവുന്നവനും, അളക്കാൻ കഴിയാത്തവനും, ആദ്യം ഉണ്ടായ പ്രകാശം സ്വരൂപമായവനും, ആയ സർവ്വവ്യാപി, അങ്ങ്, ഉദിച്ചുയരുന്ന സൂര്യനെപോലെ എന്റെ അറിവില്ലായ്മയാകുന്ന ഇരുട്ട് നീക്കണേ.

**വ്യാഖ്യാ:**

ആദ്യൻ. അക്ഷരത്തിൽ അ പോലെ ആദ്യം ഉണ്ടായിരുന്ന സത്. പ്രണവമായ ഓങ്കാരവും ഉത്ഭവിക്കുന്നത് 'അ'യിൽ തന്നെ! കാരണം കാര്യപൂർവമായതുകൊണ്ട് അകാരണൻ. ആദി, തുടക്കത്തിലെ. അന്.ശ്വാസം, ജീവിതം. ഏറ്റവും ആദ്യത്തെ ശ്വാസം, ജീവൻ. വൈയാകരണികമതമനുസരിച്ച് 'പശ്യകൻ' 'കശ്യപൻ' ആകുന്നതുപോലെ 'സിംഹാസനേശ്വരി' എന്ന നാമത്തിലെ 'സിംഹം' 'ഹിംസ'യെ പ്രതിനിധാനം ചെയ്യുന്നു എന്ന് ഭാസുരാനന്ദനാഥൻ. അതുപോലെ 'ആദി+അന്' എന്ന പദം 'അന്+ആദി'എന്നാവുമ്പോൾ 'അനാദി'തുടക്കമില്ലാത്ത എന്നും അർത്ഥം കല്പിക്കാം. 'അനന്തൻ'ആണെന്ന് അന്യത്ര പരാമർശങ്ങളുള്ളതുകൊണ്ട്, 'അനാദ്യന്തൻ' അല്ലെങ്കിൽ 'ആദ്യന്തവിഹീനൻ' എന്നുമുള്ള അർത്ഥം വന്നുകൂടി. സനാതനൻ, അകത്തും പുറത്തും വ്യാപിക്കുക എന്നത് സ്വഭാവം ആയവൻ. 'തദന്തരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യത.' എന്ന് ശ്രുതി സർവ ഒന്നും ബാക്കിവക്കാതെ എല്ലാത്തിന്റെയും ആദ്യനായതുകൊണ്ട് അവനാണല്ലോ എല്ലാത്തിനും കാരണം. മറ്റെല്ലാം അവനിൽ നിന്നുണ്ടാവണം. അവൻ രൂപാന്തരം പ്രാപിച്ച്, എല്ലാത്തിന്റെയും അകത്തും പുറത്തും ഉണ്ടാവണം.

നിഖിലലോകാചാര്യൻ. നിഖില. സമ്പൂർണ്ണമായ, എല്ലാ. ലോക. ഭൂലോകം മുതൽ സത്യലോകം വരെ സപ്തലോകങ്ങളും. ലോകം 'തല'ങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. 'ചതുർദശലോകങ്ങൾ'അതലാദിപാതാളാന്ത സപ്തലോകങ്ങളും. അങ്ങനെ പതിനാലുലോകങ്ങളും. അതിനു തന്നെയാണ് ഗുരു 'നിഖില'എന്നു കൂടി ചേർത്തത്. അല്ലെങ്കിൽ 'ലോകാചാര്യൻ'എന്നു പറഞ്ഞാലും ഏഴു ലോകങ്ങളെയും പെടുത്താം. തലങ്ങളെ കൂടി 'നിഖില'ശബ്ദം കൊണ്ട് ഉൾക്കൊള്ളിച്ചു.

ആചാര്യൻ 'ഉപനീയ തു യ: ശിഷ്യം വേദമദ്ധ്യാപയേദ്വിജ: സങ്കൽപം സരഹസ്യം ച തമാചാര്യം പ്രചക്ഷതേ' (മനു:2.140) യാതൊരു ദ്വിജൻ (രണ്ടു

പ്രാവശ്യം ജനിച്ചവൻ) ശിഷ്യനെ ഉപനയിച്ച് വേദങ്ങൾ ആചാരങ്ങളോടും, രഹസ്യങ്ങളോടും കൂടി അധ്യാപനം ചെയ്യുന്നു. അവൻ ആചാര്യൻ എന്ന് പ്രസിദ്ധൻ. 'ദ്വിജപംക്തി'എന്ന് വശിന്യാദികൾ ഉദ്ഘോഷിക്കുന്ന പല്ലുകൾ പോലെ ആദ്യം പഞ്ചകോശസമന്വിതനായി നരജന്മവും, പിന്നീട് സ്വയം ഗുരുവാൽ 'അടുത്തു ചേർക്കപ്പെട്ടവനായി' കർമ്മം കൊണ്ട് രണ്ടാം ജന്മമെടുത്തവൻ ദ്വിജൻ. ശിഷ്യൻ. 'രിപുണാപി....യാവദാപൂതസംപ്ലവം' (കൂളാർണ്ണവം:11.102). മുമ്പു പറഞ്ഞപേലെയുള്ള ദ്വിജൻ ഇപ്പറഞ്ഞപോലെയുള്ള ശിഷ്യന്. 'അധ്യാപനം'അധി+ആപനം. മുകളിൽ നിന്ന് എത്തിപ്പിടിക്കുക. കര കയറ്റുക.

വേദം അറിവ്. 'സങ്കൽപം' ആചാരങ്ങളോടു കൂടി. 'സരഹസ്യം.' രഹസ്യത്തോടു കൂടി. കുശിഷ്യന്മാരും അനർഹശിഷ്യന്മാരും അറിയാൻ പാടില്ലാത്ത കാര്യങ്ങളോടു കൂടി. ഓട്ടപ്പാത്രത്തിൽ ഒഴിക്കാൻ പാടില്ലാത്ത അമൃതു കൂടി ഒഴിച്ചു കൊടുത്തുകൊണ്ട് ഇരിക്കുന്നവൻ ആചാര്യൻ. പതിനാലുലോകങ്ങൾക്കും അങ്ങനെയുള്ള ആചാര്യനാണ് 'നിഖിലലോകാചാര്യൻ'ആമ്നായ സംവേദ്യൻ. വേദ്യൻ. അറിയപ്പെടാവുന്നവൻ. കുരുടൻ ആനയെ അറിയുന്നുണ്ട്. അത് തൂണാണ്, മുറമാണ്, വിശറിയാണ് എന്നിങ്ങനെ. ആന കുരുടന് വേദ്യൻ ആണ്. അതുകൊണ്ടാണ് ഗുരു 'സംവേദ്യൻ'സമ്യക്കായി വേദ്യൻ. എല്ലാ പ്രകാരത്തിലും അറിയപ്പെടാവുന്നവൻ എന്ന് പറഞ്ഞത്. ഒരൊറ്റ കുരുടൻ, ആന, മുറവും, വിശറിയും, തൂണും, കയറും എല്ലാം ആണെന്നറിയുന്നതുപോലെ. അതെങ്ങിനെ? ആമ്നായ സംവേദ്യൻ. ആമ്നായങ്ങളിലൂടെ പൂർണ്ണാമായും അറിയപ്പെടാൻ കഴിയുന്നവൻ. ആമ്നായങ്ങൾ അഞ്ചെണ്ണം. പൂർവം, ദക്ഷിണം, പശ്ചിമം, ഉത്തരം, ഊർദ്ധ്വം. ഈ അഞ്ചാമ്നായങ്ങളിൽ നിന്നുത്ഭവിക്കുന്ന വിവിധ തന്ത്രശാഖകളിലൂടെ 'സംവേദ്യൻ.' 'ആമ്നായെ,'എന്ന് ഗുരു പറഞ്ഞില്ല. ഏതെങ്കിലും ഒരു ആമ്നായം കൊണ്ടു തന്നെ അങ്ങ് സംവേദ്യനാണ്. അവനവന്റെ ആമ്നായം അറിഞ്ഞ്, 'സമ്പ്രദായ വിശ്വാസാഭ്യാം' (പ.ക.സൂ:1.9) പിന്തുടരുന്നവന് നീ സംവേദ്യൻ.

സജ്ജന. സത്തുക്കളായ ജനങ്ങൾ. സത് തന്നെ ചിത്തും ആനന്ദവും. അതു തന്നെ ബ്രഹ്മം. ജനം എപ്പോൾ സ്വയം 'സത്' ആകും? അറിയപ്പെടുന്നത് പ്രമേയം, ജ്ഞേയം ബ്രഹ്മം. അറിയുന്നവൻ പ്രമാതാ, ജ്ഞാതാ ബ്രഹ്മം. അറിയാനുതകുന്ന മാർഗ്ഗം, പ്രമാണം ബ്രഹ്മം. അറിവ്, പ്രജ്ഞാ, ജ്ഞാനം ബ്രഹ്മം. ഇങ്ങനെ 'സർവ്വം ഖല്വിദം ബ്രഹ്മ എന്ന അറിവുണ്ടാകുന്ന നിമിഷം വിഷയവും വിഷയിയും, ജ്ഞാതാവും ജ്ഞേയവും, പ്രമാതാവും പ്രമേയവും, ജനവും സത്തും ഒന്നാകുന്നു. ബ്രഹ്മത്തെ അറിയുന്നവൻ സ്വയം ബ്രഹ്മാമാവുന്നു. 'ബ്രഹ്മജ്ഞാനീ തു ബ്രാഹ്മണ:'അങ്ങനെയുള്ള ബ്രാഹ്മണർ. അല്ലാതെ, നമ്പൂരിയുടെയോ, അയ്യരുടെയോ, അയ്യങ്കാരുടെയോ, പട്ടേരിയുടെയോ, ഓതിക്കന്റെയോ മകനായി പിറന്നാൽ പോരാ. സ്വയം 'സത' ആയ ജനം.

'ബ്രഹ്മക്ഷത്രിയവൈശ്യശൂദ്രാ: ഇതി ചത്വാരോ വർണ്ണാസ്തേഷാം വർണ്ണാനാം ബ്രാഹ്മണ ഏവ പ്രധാന ഇതി വേദവചനാനുരൂപം സ്മൃതിഭിരപ്യുക്തം. തത്ര ചോദ്യമസ്തി കോ വാ ബ്രാഹ്മണോ നാമ, കിം ജീവ: കിം ദേഹ: കിം ജാതി: കിം ജ്ഞാനം കിം കർമ്മ: കിം ധാർമ്മിക: ഇതി...യ:കശ്ചിദാത്മാനമദ്വിതീയം, ജാതിഗുണക്രിയാഹീനം, ഷഡൂർമ്മിഷഡ്ഭാവേത്യാദി സർവദോഷരഹിതം സത്യജ്ഞാനാനന്ദാനന്തരൂപം സ്വയം നിർവികല്പമശേഷകല്പാധാരമശേഷഭൂതാന്തര്യാമിത്വേന വർത്തമാനമന്തർ ബഹിശ്ചാകാശവദനുസ്യൂതാഖണ്ഡാനന്ദസ്വഭാമപ്രമേയമനുഭവൈകവേദ്യമപ്രോക്ഷതയാഭാസമാനം...യ: സ ഏവ ബ്രാഹ്മണ ഇതി ശ്രുതിസ്മൃതി പുരാണേതിഹാസാനാമഭിപ്രായ.....' (വജ്രസൂചികോപനിഷത്) അങ്ങനെയുള്ള ജനം സജ്ജനം.

ഹൃത്സരോജകളഹംസം. (1) ഹൃദയമാകുന്ന പൊയ്കയിൽ ജനിച്ച, മധുരമായി, മൃദുവായി, അസ്പഷ്ടമായി, പാടുന്ന ഹംസം, ഹംസം, പാലും വെള്ളവും ചേർന്ന മിശ്രിതത്തിൽ നിന്ന് പാലിനെ മാത്രം വേർതിരിച്ചെടുക്കാൻ കഴിവുള്ള പക്ഷി. വെള്ള നിറം. അതു തന്നെ ഗുരുവിന്റെ ലക്ഷണങ്ങളും. 'ശ്വേതം ശ്വേത വിലേപമാല്യവസനം..' വെള്ള നിറം, വെള്ള ലേപനങ്ങളണിഞ്ഞ്, വെള്ള മാലചാർത്തി, വെള്ള വസ്ത്രം ധരിച്ച്, അവിദ്യയിൽ നിന്നും വിദ്യയെ തിരിച്ചെടുക്കാൻ. അജ്ഞാനത്തിൽ നിന്ന് വിജ്ഞാനത്തെ തിരിച്ചെടുക്കാൻ കഴിവുള്ള ഗുരു. (2) ഹൃദയമാകുന്ന താമര. നിജബോധരൂപനായ ഗുരുവിന്റെ ആവാസസ്ഥാനം പറയപ്പെട്ടിട്ടുണ്ട്:

ഹൃദംബുജേ കർണ്ണികമദ്ധ്യസംസ്ഥം
സിംഹാസനേ സംസ്ഥിത ദിവ്യമൂർത്തിം
ധ്യായേത് ഗുരും ചന്ദ്രശിലാപ്രകാശം
ചിത്പുസ്തകാഭീതി വരം ദധാനം
ശ്വേതാംബരം ശ്വേതവിലേപമാല്യം
മുക്താവിഭൂഷം മുദിദം ദ്വിനേത്രം
വാമാങ്കപീഠസ്ഥിത ദിവ്യശക്തിം
മന്ദസ്മിതം പൂർണ്ണകൃപാനിധാനം
ആനന്ദമാനന്ദകരം പ്രസന്നം
ജ്ഞാനസ്വരൂപം നിജബോധരൂപം
യോഗീന്ദ്രമീഡ്യം ഭവരോഗവൈദ്യം
ശ്രീമദ്ഗുരും നിത്യമഹം സ്മരാമി (ഗുരുഗീത:2.4)

കളഹംസം. കള. അവ്യക്തം, മൃദു. ഹംസം. ശ്രീപ്രാസാദപരാ മന്ത്രം. ശിവാദികൃമിപര്യന്തം പ്രാണിനാം പ്രാണവർത്മനാ നിശ്വാസോച്ഛ്വാസരൂപേണ മന്ത്രോയം വർത്തതെ പ്രിയേ (കുളാർണ്ണവം:3.50).സ്പഷ്ടമല്ലാത്ത

ഒരു മന്ത്രമാണ് ശ്രീപ്രാസാദപരാ. അതുകൊണ്ടുതന്നെയാണ് ഋഷി ഹംസവും. ഛന്ദസ് അവ്യക്തഗായത്രിയും ആവുന്നത്. 'ഹംസം' തന്നെ സൃഷ്ട്യാത്മകമാണ്. സ്വയം ബ്രഹ്മമാണെന്ന പ്രജ്ഞാനം ലഭിച്ച ജനങ്ങളുടെ, ഹൃദയമാകുന്ന താമരയിൽ സ്ഥിതി ചെയ്യുന്ന സ്വന്തം ബോധരൂപമായ ഗുരു ചൊല്ലിക്കൊടുക്കുന്ന ശ്രീപ്രാസാദപരാമന്ത്രം (3) 'ചിന്തയാമി ഹൃദിചിന്മയം വപൂർനാദബിന്ദുമണിപീഠമണ്ഡലം'(പാദുകാപഞ്ചകം.3) നാദബിന്ദുക്കൾക്കും ശിവ:ശക്തികൾക്കും ശുക്ലരക്തങ്ങൾക്കും ഹംസത്തിനും താദാത്മ്യം. രഹസ്യാർത്ഥം ഗുരുമുഖത്തു നിന്നറിയണം. (4) കളഹംസം. 'ലളയോരഭേദ' കലഹംസം. ഹംസം സൃഷ്ടികർതൃത്വകം.

സർവ്വകർതൃത്വസാമർത്ഥ്യമുള്ള ജീവൻ വിവിധ പ്രാപഞ്ചിക വസ്തുക്കൾ സൃഷ്ടിക്കുന്നതുകൊണ്ടുണ്ടാകുന്ന സങ്കുചിതത്വം 'കല' പ്രാപഞ്ചിക വസ്തുക്കളുടെ ഉച്ഛ്വാസമായി ജീവനെ നിലനിർത്തുന്ന സാമർത്ഥ്യം. സോഹമന്തശ്ചരൻ: (1) 'സ:+അഹം=സോ/ഹം' അവൻ ഞാനാണ് എന്ന അറിവ്. അകത്ത് വിലസുന്നവൻ. (2) 'സോഹം' സംഹാരദ്യോതകമായ പരാപ്രാസാദമന്ത്രം. സംഹാരം മോക്ഷാന്തം. 'അന്ത:' അവസാനത്തിലേക്ക് നയിക്കുന്ന മന്ത്രം. അതിൽ ചരിക്കുന്നവൻ. സജ്ജനഹൃത്സരോജ. സ്വയം ബ്രഹ്മമാണെന്ന പ്രജ്ഞാനം ലഭിച്ച ജനങ്ങളുടെ ഹൃദയത്തിലെ താമര. കളഹംസം സോ/ഹം ശിവൻ മുതൽ കൃമിവരെയുള്ള പ്രാപഞ്ചിക 'ജഗത്യാംജഗത്'ആയിരിക്കുന്ന പ്രാണികൾ അകത്തേക്കു വലിക്കുന്ന ശ്വാസം 'സോഹം'പുറത്തേക്ക് വിടുന്ന ശ്വാസം 'ഹംസ.'മുപ്പത്താറു തത്വങ്ങളിൽ എട്ടാമത്തെ തത്വമായ, സർവകർതൃത്വത്തിനെ യത്കിഞ്ചിത് കർതൃത്വം കൊണ്ട് പരിമിതമാക്കുന്ന കല തന്നെ 'ഹംസംസോഹം' എന്ന മന്ത്രം. അന്തശ്ചരൻ. (1) സംഹാരത്തിലേക്ക് നയിക്കുന്നവൻ. (2) അകത്ത് വിലസുന്നവൻ.

വിദ്യാഗമ്യൻ. വിദ്യകൊണ്ട് മാത്രം അറിയപ്പെടാൻ കഴിയുന്നവൻ. അമേയൻ, അളക്കാൻ കഴിയാത്തവൻ യാതൊരു ' 'മാനം' കൊണ്ടും അറിയാൻ കഴിയാത്ത, സ്വാനുഭൂതികൊണ്ട് മാത്രം അറിയപ്പെടാൻ കഴിയുന്നവൻ.

ആദിമ മഹാജ്യോതിസ്വരൂപൻ. 'സകലഭുവനോദയസ്ഥിതിലയമയലീലാവിനോദനോദ്യുക്ത:!.

അന്തർലീനവിമർശ: പാതു മഹേശ:പ്രകാശമാത്രതനു:// (കാമകലാവിലാസ:1.1.) പ്രകാശം മാത്രം, ജ്യോതിസ് മാത്രം. തനു: സ്വരൂപമായവൻ. ഉദ്യദ്ഭാനു എങ്ങനെ ഇരുട്ട് നീക്കുന്നു. അതുപോലെ എന്റെ മോഹമാകുന്ന ഇരുട്ട് നീക്കണമേ വിഭോ.

---

## ഭൂമിക്കൊരു...

**(33-ാം പേജിൽ നിന്ന് തുടർച്ച)**

സ്ഥലത്ത് എണ്ണക്കിണർ കുഴിക്കവെയാണ്.

ഭൂമിയുടെ പ്രായത്തെക്കുറിച്ച് ലയൽ, ഡാർവിൻ എന്നിവർക്കുണ്ടായിരുന്ന ധാരണയെ പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായിരുന്ന ലോർഡ് കെൽവിൻ ചോദ്യം ചെയ്യുകയും അതുവെറും അഞ്ചുകോടി വർഷങ്ങൾ മാത്രമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഡാർവിന് ഇതു വലിയ തലവേദനയുണ്ടാക്കി. കാരണം ജീവജാലങ്ങളുടെ ഉത്ഭവത്തിനും പരിണാമത്തിനും ഈ കാലയളവ് തീരെ പോരാ. അതുകൊണ്ട് ഡാർവിന്റെ സിദ്ധാന്തത്തെത്തന്നെ പരോക്ഷമായി അത് വെല്ലുവിളിക്കുന്നതായിരുന്നു. എന്നാൽ റൂഥർഫോർഡ് പ്രഭു എന്ന മറ്റൊരു ശാസ്ത്രപ്രതിഭയാണ് റേഡിയോ ആക്ടിവിറ്റിയുടെ സഹായത്തോടെ ഭൂമിയുടെ പ്രായം 460 കോടി വർഷങ്ങളാണെന്ന് കണ്ടെത്തിയത്. ഇന്ന് അത് ശാസ്ത്ര ലോകം അംഗീകരിച്ചു കഴിഞ്ഞു. ഡാർവിനും രക്ഷപെട്ടു.

ഇരുപതാം നൂറ്റാണ്ടിൽ ഭൂവിജ്ഞാനീയത്തിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതിലേറ്റവും പ്രധാനം 1912ൽ അൽഫ്രെഡ് വെഗ്നർ മുന്നോട്ടു വച്ച പ്ലേറ്റ്ടക് ട്രോണിക്സ് സിദ്ധാന്തമാണ്. കരയെല്ലാം ഒരുകാലത്ത് ഒന്നിച്ചായിരുന്നു എന്നും അവ പിരിഞ്ഞു വിടർന്നാണ് ഇന്നത്തെ വൻകരകളുണ്ടായതെന്നായിരുന്നു അതിന്റെ സാരാംശം. വൻകരകളെ യോജിപ്പിച്ചാൽ അതിന്റെ വക്കുകളെല്ലാം തന്നെ യോജിപ്പോടെ ഒന്നാകുമെന്ന് ആകൃതിയിൽ നിന്നു മനസ്സിലാകുമത്രെ. എന്നാൽ അന്നുണ്ടായിരുന്ന ശാസ്ത്രജ്ഞന്മാരായ ശാസ്ത്രജ്ഞന്മാരെല്ലാം അതിനെ എതിർത്തു. വൻകരകളെ തള്ളിനീക്കാൻ വേണ്ടുമുള്ള ഊർജ്ജമെവിടുന്ന് എന്നായിരുന്നു ചോദ്യം. പക്ഷെ ക്രമേണ തെളിവുകളുടെ പെരുമഴയായിരുന്നു. സമുദ്രശാസ്ത്രത്തിൽ നിന്നുമായിരുന്നു ഇതിലധികവും. ഭൗമശാസ്ത്രത്തിലെ ഒരു പരാഡിഗംഷിഫ്റ്റിന് (നിലപാടുതറയിലെ വ്യതിയാനം) ഇതു വഴി തെളിച്ചു. ഈ നിലപാടു തറയിൽ നിന്നുകൊണ്ട് പർവ്വതങ്ങളുടെ ഉല്പത്തി, അഗ്നിപർവ്വതങ്ങളുടെ സ്വഭാവം, ഭൂകമ്പങ്ങളുടെ കാരണം, സുനാമികളുടെ രഹസ്യം തുടങ്ങിയവയെല്ലാം വിശദീകരിക്കുവാനാകും. ഭൂവിജ്ഞാനീയത്തിന് ഒരു കാലത്തുമുണ്ടായിട്ടില്ലായിരുന്ന മാന്യത ലഭിച്ചത് ഇതോടെയാണ്.

(വരുംലക്കങ്ങളിൽ തുടരുന്ന കുറിപ്പുകളിലൂടെ, ഇനിയുമൊരു ജന്മം കൂടി ഇവിടെ വേണമെന്നു നാമാഗ്രഹിക്കുന്ന ഭൂമിയെക്കുറിച്ചുള്ള ശാസ്ത്രീയമായ കൂടുതൽ വിവരങ്ങൾ നൽകുവാൻ ശ്രമിക്കാം.)

*****

# വിശേഷ ദിവസങ്ങൾ

## 2018 ഫെബ്രുവരി 17 മുതൽ മാർച്ച് 15 വരെ

| | | |
|---|---|---|
| ഫെബ്രുവരി | 17 | ശ്രീരാമകൃഷ്ണ ജയന്തി |
| ’’ | 18 | കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം ആരംഭം |
| ’’ | 19 | ഛത്രപതി ശിവാജി ജയന്തി |
| ’’ | 21 | പൂന്താനദിനം |
| ’’ | 22 | കുംഭ ഭരണി |
| ’’ | 23 | ചോറ്റാനിക്കര കൊടിയേറ്റ് |
| ’’ | 25 | കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം സമാപനം, മന്നം ചരമദിനം |
| ’’ | 26 | തിരുനാവായ ഏകാദശി, മരട് ഭഗവതി ക്ഷേത്രത്തിൽ താലപ്പൊലി |
| ’’ | 27 | ഗുരുവായൂർ കൊടിയേറ്റ്, ഗുരുവായൂർ ആനയോട്ടം, ഉത്രാളിക്കാവ് പൂരം |
| മാർച്ച് | 1 | ചോറ്റാനിക്കര മകം, ചെനകത്തൂർ പൂരം |
| ’’ | 2 | ഹോളി, ആറ്റുകാൽ പൊങ്കാല, മണ്ണാർക്കാട് പൂരം |
| ’’ | 3 | തൃപ്പൂണിത്തുറ ഉത്രം തിരുനാൾ ഉത്സവം, ചോറ്റാനിക്കര ആറാട്ട് |
| ’’ | 6 | ഗുരുവായൂർ ഉത്സവബലി |
| ’’ | 7 | തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ പറയുത്സവ കൊടിയേറ്റ് |
| ’’ | 8 | ലോകവനിതാ ദിനം, ഗുരുവായൂർ ആറാട്ട് |
| ’’ | 9 | വൈക്കത്തഷ്ടമി |
| ’’ | 10 | കൊല്ലൂർ മൂകാംബിക രഥോൽസവം |
| ’’ | 14 | തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ പറയുത്സവ ആറാട്ട് |
| ’’ | 15 | തിരുനക്കര കൊടിയേറ്റ് |

ESTD. 1925

EKNM POLY CLINIC

നിങ്ങളുടെ ആരോഗ്യം പതിവായി നിരീക്ഷിക്കൂ.
ആരോഗ്യത്തോടെയിരിക്കൂ.





നിങ്ങൾക്ക് വേണ്ടി പ്രത്യേകം
തയ്യാറാക്കിയ
ഹെൽത്ത് ടെസ്റ്റ്
പാക്കേജുകൾ

Ernakulam Karayogam Navathi Memorial Poly Clinic
Door No. 62/725A, Diwans Road, Kochi- 682 016, Ph: 0484 2366160, Fax: 0484 2369589
E-mail: ekmkgm@gmail.com, web: www.ernakulamkarayogam.com

Working Hours: 7.00a.m. to 7.00 p.m. | Sunday : 7.00a.m. to 12.00 noon

# ആരോഗ്യവും നല്ല ശീലങ്ങളും

എ.ശിവസുബ്രഹ്മണ്യം (ഫോൺ:9847034732)

## ധമനി രോഗങ്ങൾ

രക്താതിസമ്മർദ്ദം മൂലമുണ്ടാകുന്ന അമിത ഭാരം ഏല്ക്കേണ്ടി വരുന്നത് ഹൃദയം മാത്രമല്ല, ധമനികളും കൂടിയാണ്. ഇത് ശരീരത്തിലെ എല്ലാ ധമനികളിലും ഘടനാ പരിവർത്തനങ്ങൾ വരുത്തുന്നു. ധമനി ഭിത്തികൾ കൂടുതൽ കട്ടിയാവുകയും അവയുടെ വികാസ സങ്കോച ക്ഷമത മന്ദീഭവിക്കുകയും ചെയ്യുന്നു. ഇത് കൊറോണറി ധമനികളിൽ സംഭവിക്കുമ്പോൾ ഹൃദയാഘാതവും ഹൃദയസ്തംഭനവും ഉണ്ടാവാം.

രക്താതിസമ്മർദ്ദമുള്ളവരിൽ പക്ഷാഘാതം വന്ന് മരണം സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മസ്തിഷ്ക്കത്തിലെ ചെറിയ ധമനികൾ പൊട്ടി രക്തസ്രാവമുണ്ടാകുവാനുള്ള സാധ്യത 62 ശതമാനം ആണ്. പക്ഷാഘാതം വന്ന് ശരീരം തളരുകയോ, മരണം സംഭവിക്കുകയോ ചെയ്യുന്നു.

രക്താതിസമ്മർദ്ദമുള്ളവരിൽ ധമനികൾ സഞ്ചിപോലെ വികസിച്ച് അവ പൊട്ടി രക്തസ്രാവം ഉണ്ടാവുന്ന രോഗാവസ്ഥയായ അനൂറിസം ഉണ്ടാവാം. പ്രധാന ധമനിയായ അയോർട്ടയിൽപ്പോലും ഇതുണ്ടാവുന്നു. രക്തസ്രാവം മിക്കപ്പോഴും അപകടകരമാവുകയും ചെയ്യുന്നു.

അമിത രക്തസമ്മർദ്ദം തലച്ചോറിനെ ബാധിച്ച് ഉണ്ടാവുന്ന ഹൈപ്പർ ടെൻസീവ് എൻസെഫലോപ്പോതി (Hypertensive encephalopathy) യുണ്ടായാൽ രോഗി പിച്ചും പേയും പറയുകയും പെട്ടെന്ന് അബോധാവസ്ഥയിലാവുകയും ചെയ്യുന്നു.

വൃക്കരോഗങ്ങൾ, നേത്രരോഗങ്ങൾ എന്നിവ രക്താതിസമ്മർദ്ദം കൂടിയിരുന്നാൽ ഉണ്ടാവാം. അധികമർദ്ദം കാരണം കണ്ണിന്റെ അകത്തുള്ള ചെറിയ ധമനികൾ പൊട്ടുകയും തന്മൂലം ഉണ്ടാവുന്ന രക്തസ്രാവം കാഴ്ചത്തകരാറിനു കാരണമാവുകയും ചെയ്യുന്നു.

രക്താതി സമ്മർദ്ദം യഥാസമയം കണ്ടുപിടിക്കാതിരിക്കുകയോ യഥാവിധി ചികിത്സിക്കാതിരിക്കുകയോ ചെയ്യുമ്പോഴാണ് പക്ഷാഘാതം, ഹൃദയാഘാതം പെട്ടെന്നുള്ള മരണം, വൃക്കപരാജയം, കാഴ്ചത്തകരാറ് തുടങ്ങിയ സങ്കീർണ്ണതകൾ ഉണ്ടാവുന്നത്.

## ലക്ഷണങ്ങൾ

രക്താതിസമ്മർദ്ദത്തിന് വ്യക്തമായ ലക്ഷണങ്ങളൊന്നുമില്ലെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. പത്തു പതിനഞ്ചു വർഷത്തോളം അങ്ങനെ തുടരാം. ചിലരിൽ ചില ലക്ഷണങ്ങൾ രക്താതിസമ്മർദ്ദത്തിന്റെ സൂചനകളാവാം. അവ തലവേദന, തലകറക്കം, ഉറക്കക്കുറവ്, പെട്ടെന്ന് ദേഷ്യംവരുക, സുഖമില്ലയെന്ന തോന്നൽ, ശ്രദ്ധക്കുറവ്, തലയ്ക്ക് ഭാരം, കഴുത്തിന് വേദന എന്നിവയാണ്.

## പ്രതിരോധത്തിന് മുൻതൂക്കം

ജീവിത-ഭക്ഷണക്രമീകരണങ്ങളാണ് പ്രതിരോധത്തിന്റെയും ചികിത്സയുടെയും അടിസ്ഥാനപ്രമാണങ്ങൾ.

നമുക്ക് ദിവസേന രണ്ടോ മൂന്നോ ഗ്രാം ഉപ്പിന്റെ ആവശ്യമേയുള്ളൂ. എന്നാൽ നമ്മൾ അത് അഞ്ച്, ആറ് ഗ്രാമായിട്ടാണ് സാധാരണ ഉപയോഗിക്കാറ്. അതു നിയന്ത്രിക്കുക. കൂടാതെ പാക്ക് ചെയ്ത ചിപ്സ്, ഫ്രെയിഡ് ഫുഡ്സ് മുതലായവയിൽ കൂടുതൽ രുചിക്ക് വേണ്ടി ഉപ്പ് ധാരാളമായി ചേർക്കുന്നു. അവ മനസ്സിലാക്കി ശരിക്കു നിയന്ത്രിക്കുക.

## മദ്യവും മറ്റു ലഹരി വസ്തുക്കളുടേയും വർജ്ജനത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

മനുഷ്യ രാശിയുടെ പുരോഗമനവും ജീവിത നിലവാരവും ഓരോ കാലഘട്ടത്തിലേയും ശാസ്ത്രീയ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് ഇലക്ട്രിസിറ്റി, പെട്രോൾ, ഡീസൽ ഇവ കണ്ടുപിടിച്ചതു മുതൽ ലോകം മുഴുവൻ ഏതാനും മണിക്കൂറുകൊണ്ട് ചുറ്റിക്കറങ്ങാൻ കഴിയുന്നു, എന്തിനു പറയുന്നു മംഗൾയാനിലൂടെ ചൊവ്വയിൽ വരെ മനുഷ്യൻ ബന്ധം സ്ഥാപിച്ചിരിക്കുകയാണല്ലോ. ഇത്തരം കണ്ടുപിടുത്തങ്ങളുടെ ഗുണങ്ങൾ നാം ജീവിതത്തിൽ ഉടനീളം പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയാണല്ലോ.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ സമൂഹത്തിലെ ഒരു ചെറിയ ശതമാനം ജനങ്ങൾ മാത്രമാണ് ശരിയായ വിദ്യാഭ്യാസം നേടി അതുവഴി തന്റേയും കുടുംബത്തിന്റേയും ജീവിതനിലവാരം ഉയർത്താൻ ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാന പരമായ കാരണം മദ്യത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടേയും അമിത ഉപയോഗമാണ്. സമൂഹത്തിലെ എല്ലാത്തരക്കാരും അതിനു അടിമകളായിട്ടുണ്ടെങ്കിലും താഴെ തട്ടിലുള്ള കുടുംബങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയുമാണ് കൂടുതലും ബാധിക്കുന്നത്. അവരുടെ മക്കൾക്ക് പണമില്ലായ്മ മൂലം കൂടുതൽ ഉയരാനോ കുടുംബത്തിന്റെ ജീവിതനിലവാരം ഉയർ

ത്താനോ കഴിയുന്നില്ല. എന്നാൽ മുൻതലമുറയിലുള്ള മുതിർന്നവർക്ക് ഇപ്പോഴത്തെ ചെറുപ്പക്കാരെപ്പോലെ വളരെ ചെറുപ്പത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും മദ്യത്തിന്റെയും മറ്റു ലഹരികളുടേയും ദോഷഫലങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സാഹചര്യം ഉണ്ടായിരുന്നില്ല. ഈ വർത്തമാനകാല സാധ്യതകൾ പാഴാക്കാൻ ബുദ്ധിയുള്ള പുതുതലമുറ ഒരിക്കലും അനുവദിക്കരുത്. വിവരസാങ്കേതിക വിദ്യയിലൂടെ ഏത് വിഷയത്തെക്കുറിച്ചുമുള്ള എല്ലാ ഗുണവശങ്ങളും ദോഷവശങ്ങളും കമ്പ്യൂട്ടർ, മൊബൈൽ ഫോണുകൾ മുഖേന പോലും നമ്മുടെ വിരൽത്തുമ്പിൽ ലഭിക്കുന്നു. ഇന്റർനെറ്റിലൂടെ മദ്യത്തിനേയും മയക്കുമരുന്നിനേയും കുറിച്ചുള്ള എല്ലാ ദോഷവശങ്ങളും എളുപ്പത്തിൽ സ്വായത്തമാക്കാൻ സാധിക്കുന്നു. അവ എങ്ങനെ നമ്മുടെ ജീവിതത്തെ ആരോഗ്യപരമായും സാമ്പത്തികമായും നശിപ്പിക്കുന്നു എന്നും മനസ്സിലാക്കാനും സാധിക്കുന്നു. പുതുതലമുറയിലെ വിദ്യാർത്ഥികൾ ഇത്തരം കാര്യങ്ങൾ ശാസ്ത്രീയമായി പഠിച്ച് ജീവിതത്തിൽ മദ്യം, മയക്കുമരുന്ന് പുകയില മുതലായവ വർജ്ജിക്കാമെന്ന് പ്രതിജ്ഞയെടുക്കണം. മുതിർന്നവരെ ദോഷഫലങ്ങൾ പറഞ്ഞു മനസ്സിലാക്കി അവരെ ബോധവൽക്കരിക്കുകയും മാനസ്സാന്തരപ്പെടുത്തുകയും ചെയ്യാം. വിദ്യാഭ്യാസം കേവലം ഒരു ജോലി ലഭിക്കാൻ മാത്രമുള്ളതല്ലല്ലോ. അതിലൂടെ ലഭിക്കുന്ന മഹത്തായ അറിവുകൾ ജീവിതകാലം മുഴുവൻ നമ്മുടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ളതാണ്. ചെറിയ പ്രായത്തിൽ തന്നെ വിദ്യാഭ്യാസത്തിലൂടെ മനസ്സിൽത്തറയ്ക്കുന്ന നല്ല മൂല്യങ്ങളും ശീലങ്ങളും ജീവിതത്തിലുടനീളം നാം പ്രാവർത്തികമാക്കും, ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ പഴഞ്ചൊല്ല്, ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം.

## ലഹരി പദാർത്ഥ ഉപയോഗം-പ്രത്യാഘാതങ്ങൾ

ഒരു ലഹരി പദാർത്ഥവും പ്രത്യാഘാതങ്ങളുണ്ടാക്കാതെ പോകുന്നില്ല. മദ്യവും മയക്കുമരുന്നും പുകയിലയും ഉപയോഗിക്കുന്നതിന്റെ ദോഷഫലങ്ങൾ നിരവധിയാണ്. ശാരീരികവും മാനസികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ ഇതുവഴിയുണ്ടാകുന്നു. ലഹരി പദാർത്ഥങ്ങളുപയോഗിച്ചു തുടങ്ങുന്നവരിൽ ഭൂരിഭാഗം പേരും അതിന് കീഴ്പ്പെടുന്നു. ലഹരി പദാർത്ഥവിധേയത്വം സങ്കീർണ്ണവും ഗുരുതരവുമായ രോഗമായി മാറുന്നു. ഉദാ:ആൾക്കഹോളിക് ഡിമെൻഷ്യ, ഹാലൂസിനേഷൻസ്, ഡെല്യൂഷൻസ് ഇത്തരം രോഗങ്ങൾ എളുപ്പം ചികിത്സിച്ച് ഭേദപ്പെടുത്താവുന്നവയല്ല. ശരീരത്തിലെ പ്രധാന ആന്തരികാവയവങ്ങളെ ലഹരിപദാർത്ഥം ബാധിക്കുന്നു. കരൾ, കിഡ്നി, ഹൃദയം, തലച്ചോറ്, ആമാശയം എന്നീ പ്രധാന ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ മദ്യവും മയക്കുമരുന്നും തകരാറിലാക്കുന്നു. ചിലരിൽ സാവധാനത്തിലും മറ്റ് ചിലരിൽ പെട്ടെന്നും ശാരീരിക പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. മാത്രമല്ല ഇവയുടെ ചികിത്സയ്ക്കുവേണ്ടി വളരെ ഭാരിച്ച തുകകൾ ചെലവാക്കുകയും അവരുടെ കുടുംബങ്ങൾ സാമ്പത്തികമായി തകരുകയും ചെയ്യുവാൻ സാധ്യതയേറുന്നു.

## ശാരീരിക പ്രത്യാഘാതങ്ങൾ

മദ്യത്തിന്റെ ദോഷഫലങ്ങൾ:-

### ദഹനേന്ദ്രിയ വ്യൂഹം

മദ്യം ചെറിയ അളവിൽ ഉപയോഗിക്കുമ്പോൾ ആമാശയത്തിലെ അമ്ലത്തിന്റെ ഉത്പാദനം വർദ്ധിക്കുകയും വിശപ്പ് കൂടുകയും ചെയ്യുന്നു.

മദ്യം ആമാശയത്തിലെ മൃദുലമായ മ്യൂക്കസ് പാളികളിൽ മുറിവുണ്ടാക്കും, വയറിൽ അൾസർ രോഗം ഉണ്ടാകുവാനും ഉള്ളത് വർദ്ധിക്കുവാനും ഇത് ഇടവരുത്തുന്നു.

ആമാശയത്തിലും അന്നനാളത്തിലും രക്തസ്രാവം, ഛർദ്ദി എന്നിവയും മദ്യപാനം മൂലം ഉണ്ടാകാം.

മദ്യം അന്നനാളത്തിന്റെ ആരംഭത്തിലും അവസാനത്തിലുമുള്ള സ്ഫിംങ്ടറുകളുടെ നിയന്ത്രണത്തിൽ ക്രമക്കേടുകളുണ്ടാക്കുകയും നെഞ്ചെരിച്ചിലിന് ഇടയാക്കുകയും ചെയ്യുന്നു ദഹനക്കുറവ് ഉണ്ടാക്കുന്നു.

### ഹൃദയം

രക്തസമ്മർദ്ദം വർദ്ധിപ്പിക്കുന്നു.

രക്തക്കുഴലുകളെ വികസിപ്പിക്കുകയും തന്മൂലം ത്വക്കിലേയ്ക്ക് രക്തയോട്ടം വർദ്ധിക്കുകയും ചെയ്യുന്നു.

മദ്യം ഹൃദയത്തിന്റെ (പ്രത്യേകിച്ചും ഇടതു വെൻട്രിക്കിളിന്റെ) പ്രവർത്തനത്തെ മന്ദഗതിയിലാക്കുന്നു.

മദ്യപിക്കുന്നവരിൽ ഹൃദയാഘാതം ഉണ്ടാകുന്നത് അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞെന്നുവരില്ല. ഹൃദയാഘാതം മൂലമുള്ള വേദന അനുഭവവേദ്യമാകുന്നതിലുള്ള കുറവുമൂലമാണങ്ങനെ സംഭവിക്കുന്നത്.

കാർഡിയോ മയോപ്പതി : ഹൃദയ പേശികളുടെ ശക്തി കുറയുന്നു.

### ശ്വാസകോശം

ശ്വാസകോശത്തിന്റെ പ്രവർത്തനം മന്ദഗതിയിലാകുന്നു.

ഓക്കാനവും ഛർദ്ദിയും ചിലപ്പോൾ ആഹാര ശകലങ്ങൾ ശ്വാസനാളത്തിലേയ്ക്ക് പ്രവേശിക്കാൻ ഇടവരുത്തുകയും തന്മൂലം ന്യൂമോണിയ (ആസ്പിരേഷൻ ന്യൂമോണിയ) ഉണ്ടാവുകയും ചെയ്യുന്നു.

### പേശികൾ

ആൽക്കഹോളിക് മയോപ്പതി: മദ്യപാനം മൂലമുണ്ടാകുന്ന ഈ രോഗം പേശികളെ തകരാറിലാക്കുക

യും ശക്തി കുറയ്ക്കുകയും ചെയ്യുന്നു.

**നാഡിവ്യവസ്ഥ**

ഓർമ്മക്കുറവ്

ഡിമെൻഷ്യ

പെരിഫറൽ ന്യൂറോപ്പതി

സെറിബല്ലത്തിന് ക്ഷതം

വെർനിക്കെ കോർസക്കോഫ് സിൻഡ്രോം

**രക്തം**

വിളർച്ച

ശ്വേത രക്താണുക്കളുടെയും പ്ലേറ്റ്ലറ്റുകളുടെയും കുറവ് (ഇതുമൂലം അണുബാധ, രക്തസ്രാവം എന്നിവയ്ക്കുള്ള സാധ്യത വർദ്ധിക്കുന്നു.

**കരൾ**

മദ്യം ഓക്സീകരിക്കപ്പെടുന്നത് കരളിൽ വച്ചാണ്. അതിനാൽ മദ്യപാനം കരളിന്റെ പ്രവർത്തനഭാരം വർദ്ധിപ്പിക്കുകയും വിവിധ രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. കരൾ വീക്കം, സീറോസിസ്, മഞ്ഞപ്പിത്തം എന്നിവയാണ് പ്രധാനമായും മദ്യം മൂലമുണ്ടാകുന്ന കരൾ രോഗങ്ങൾ. മദ്യപാനത്തിന്റെ ആദ്യഘട്ടങ്ങളിൽ കൊഴുപ്പ് കരളിൽ അടിഞ്ഞു കൂടി കരൾവീക്കം ഉണ്ടാകുന്നു. മദ്യം ഉപേക്ഷിക്കുകയാണെങ്കിൽ കരളിന്റെ ആരോഗ്യം ഈ ഘട്ടത്തിൽ വീണ്ടെടുക്കാൻ കഴിയും. എന്നാൽ മദ്യപാനം തുടരുന്ന പക്ഷം കരളിലെ കോശങ്ങൾ നശിച്ച് സിറോസിസ് രോഗമായി മാറുന്നു. സിറോസിസ് ബാധിച്ചു കഴിഞ്ഞാൽ കരളിനെ സാധാരണ ആരോഗ്യത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരുവാൻ സാധ്യമല്ല. സിറോസിസ് ബാധിച്ചു കഴിഞ്ഞയാൾ മദ്യം ഉപേക്ഷിക്കുകയും ആധുനിക വൈദ്യശാസ്ത്ര ചികിത്സ തേടുകയും ചെയ്താൽ വലിയ ബുദ്ധിമുട്ടുകളില്ലാതെ ജീവിതദൈർഘ്യം താരതമേന്യ വർദ്ധിപ്പിക്കുവാൻ സാധിക്കും. മദ്യം ഉപയോഗിക്കുന്നതുകൊണ്ട് ശരീരത്തിനുണ്ടാകുന്ന (പ്രത്യേകിച്ചും കരളിന്) ദോഷങ്ങളെ വേണ്ടവിധത്തിൽ പ്രതിരോധിക്കാൻ കഴിയുന്ന ശാസ്ത്രീയമായ പ്രതിവിധികളൊന്നും ഇന്ന് നിലവിലില്ല. മറിച്ചുള്ള പ്രചാരണങ്ങൾ ദുഷ്ടലാക്കോടു കൂടിയ കച്ചവട ലക്ഷ്യങ്ങൾ മാത്രമാണെന്ന് ഓർക്കുക. മദ്യപാനം കൊണ്ടുള്ള ദുരന്തം ഒഴിവാക്കുവാൻ മദ്യപാനം ഒഴിവാക്കുകയാണ് ഏക മാർഗ്ഗം. വായ് അന്നനാളം, വൻകുടൽ, കരൾ, എന്നിവിടങ്ങളിൽ കാൻസർ ഉണ്ടാക്കാൻ മദ്യം കാരണമാകുന്നു. മദ്യപിക്കുന്ന സ്ത്രീകൾക്ക് സ്തനങ്ങളിൽ കാൻസർ സാധ്യത കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സ്ഥിരമായ മദ്യപാനം തയാമിൻ പിരിഡോക്സിൻ, വിറ്റാമിൻ എഫോളിക് ആസിഡ്, അസ്കോർബിക് ആസിഡ് എന്നിവയുടെ അളവ് ശരീരത്തിൽ കുറയാനിടയാക്കുന്നു. രക്തത്തിലെ പഞ്ചസാര, കാൽസ്യം മെഗ്നീഷ്യം എന്നിവ കുറയാനും മദ്യപാനം കാരണമാകാം. മേൽപറഞ്ഞ ഘടകങ്ങളുടെ കുറവ് വിവിധതരം രോഗങ്ങൾക്കും മറ്റു പ്രശ്നങ്ങൾക്കും കാരണമാകുന്നു.

അസ്ഥികളുടെ തേയ്മാനം, ഫീറ്റൽ ആൾക്കഹോൾ സിൻഡ്രോം (മദ്യപാനികളായ സ്ത്രീകൾക്കുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് വരുന്ന രോഗം) എന്നീ അവസ്ഥകൾക്കും റോഡപകടങ്ങൾക്കും മദ്യപാനം ഇടവരുത്തും. കൂടാതെ ക്ഷയരോഗം, സോറിയാസിസ് എന്നിവയിൽ നിന്നും മുക്തി നേടുന്നതിനും മദ്യപാനം തടസ്സമാകാറുണ്ട്.

**മയക്കുമരുന്നിന്റെ ദോഷഫലങ്ങൾ**

ഓക്കാനം, ഛർദ്ദി

വിശപ്പില്ലായ്മ

ശ്വാസതടസ്സം

ഹൃദയമിടിപ്പ് കുറയുക

രക്തസമ്മർദ്ദം കുറഞ്ഞുപോകുക

ചൊറിച്ചിൽ

ലൈംഗികശേഷിക്കുറവ്

ബോധക്ഷയം

അപസ്മാരം

**പുകയിലയുടെ ദോഷങ്ങൾ**

വിട്ടുമാറാത്ത ചുമ

രക്ത ചംക്രമണം, രക്തസമ്മർദ്ദം തുടങ്ങിയവയിലെ പ്രശ്നങ്ങൾ ഹൃദ്രോഗമായി പരിണമിക്കുന്നു.

നാവ്, വായ, തൊണ്ട, സ്വനപേടകം, ശ്വാസകോശം, അന്നനാളം, ആമാശയം, പാൻക്രിയാസ്, കരൾ എന്നീ അവയവങ്ങളെ കാൻസർ ബാധിക്കാനിടയുണ്ട്.

ശ്വാസകോശരോഗങ്ങൾ : ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുടങ്ങിയവ. ക്ഷയരോഗമുണ്ടാകാനുള്ള സാധ്യത കൂടുതൽ.

വായ്ക്കുള്ളിലെ രോഗങ്ങൾ: പെരിയോഡോൺഡൈറ്റിസ്, പല്ലുകളിലെ പോടുകൾ, വായ്നാറ്റം, പല്ലുകളിലെ നിറംമാറ്റം, അണുബാധ തുടങ്ങിയവ.

പ്രത്യുൽപ്പാദനശേഷി കുറയ്ക്കുകയും പുരുഷന്മാരുടെ ലൈംഗിക ശേഷി കുറയ്ക്കുകയും ചെയ്യുന്നു. പുകവലിക്കാരായ സ്ത്രീകളുടെ കുട്ടികൾക്ക് ജന്മനാ ആരോഗ്യക്കുറവ് കാണുന്നുണ്ട്.

മദ്യവും മയക്കുമരുന്നും ശാരീരികവ്യവസ്ഥയെ ആകമാനം തകരാറിലാക്കുന്നു. പ്രധാന അവയവങ്ങളെയെല്ലാം ബാധിക്കുന്നതുകൊണ്ട് ആരോഗ്യകരമായ പ്രശ്നങ്ങൾ സദാ അഭിമുഖീകരിക്കേണ്ടിവരുന്നു. മനുഷ്യനു വരുന്ന ഏത് രോഗവും മദ്യത്തിനും മയക്കുമരു

ന്നിനും കീഴ്പ്പെട്ടവരിൽ സങ്കീർണ്ണവും ഗുരുതരവുമാകും. ലഹരി പദാർത്ഥ വിധേയത്വം അകാലമരണത്തിന് വഴിയൊരുക്കുന്നു.

### മാനസിക പ്രത്യാഘാതങ്ങൾ

ലഹരി പദാർത്ഥങ്ങളുപയോഗിക്കുമ്പോൾ മാനസികതലങ്ങളിൽ മാറ്റങ്ങളുണ്ടാവുന്നു. ഉത്കണ്ഠ, കോപം, ഭയം എന്നിവ അധികമാകുന്നു. വൈകാരിക പ്രകടനത്തിലുള്ള അസ്ഥിരത, നിയന്ത്രണമില്ലായ്മ, പ്രവചനാതീതസ്വഭാവം എന്നിവ ഈ വ്യക്തികളിൽ സാധാരണമാണ്. വൈകാരിക തലങ്ങളിലെ മാറ്റം പെരുമാറ്റത്തെ സ്വാധീനിക്കുകയും അസ്വാഭാവികമാക്കുകയും ചെയ്യുന്നു. ഇന്ന് അധികരിച്ചു വരുന്ന വിവാഹമോചനങ്ങൾക്കും കുട്ടികളിലെ പഠന പെരുമാറ്റ വൈകല്യങ്ങൾക്കും പിന്നിലുള്ള കാരണങ്ങൾ ഇതാണ്.

ഈ ദു:ശ്ശീലങ്ങൾക്ക് അടിമപ്പെട്ട പെൺകുട്ടികളും സ്ത്രീകളും ലൈംഗിക ചൂഷണത്തിന് ഇരയായിത്തീരുന്നു എന്ന വസ്തുത കൂടി മനസ്സിലാക്കുക.

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, കുട്ടികൾക്കും സ്ത്രീകൾക്കും നേരെ നടത്തുന്ന ലൈഗിംക അതിക്രമങ്ങളും പീഢനങ്ങളും ലഹരികളുടെ സ്വാധീനത്തിലാണ് ചെയ്യുന്നത്.

ബീച്ച് തിയേറ്റർ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ പൊതു ഇടങ്ങളിലും, ബസ്, ബോട്ട്, ട്രെയിൻ തുടങ്ങിയ പൊതുവാഹനങ്ങളിലും തൊഴിൽ സ്ഥാപനങ്ങളിലും അപൂർവ്വമായെങ്കിലും കലാലയങ്ങളിലും വീടുകളിലും സംഭവിക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരിൽ ഭൂരിഭാഗവും മദ്യപാനികളോ, മയക്കുമരുന്നിന് അടിമപ്പെട്ടവരോ ആണ്.

### രോഗങ്ങൾ

മദ്യവും മറ്റുലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുക വഴി മദ്യപനും അദ്ദേഹത്തിന്റെ കുടുംബവും നിരവധി രോഗങ്ങൾക്ക് കീഴ്പ്പെടുന്നു. ഭർത്താവിന്റെ മദ്യപാനം നിമിത്തം ഭാര്യയും മക്കളും മാനസിക രോഗികളാകാറുണ്ട്. കുടുംബനാഥന്റെ പുകവലി കുടുംബാംഗങ്ങളെയും രോഗസ്ഥരാക്കും. കുടുംബനാഥൻ രോഗശയ്യയിലായാൽ വരുമാനമാർഗ്ഗം മുടങ്ങും. ഇത് വീടിന്റെ സുസ്ഥിതിയെയും സുരക്ഷിതത്വത്തെയും ബാധിക്കും. ഇങ്ങനെയാണ് ചില സ്ത്രീകളും കുട്ടികളും ജീവിതത്തിന്റെ പുറംപോക്കുകളിൽ എത്തിച്ചേരുന്നതും ദരിദ്രരുടേയും നിരാലംബരുടേയും കോളനികൾ രൂപപ്പെടുന്നതും. ജീവിക്കാൻ വേണ്ടി അവർ മയക്കുമരുന്നു വിൽപ്പന അനാശാസ്യജീവിതം എന്നിവ സ്വീകരിക്കുമ്പോൾ അത് മൊത്തം സമൂഹത്തിനു തന്നെ ഭീഷണിയായി മാറുന്നു. എയ്ഡ്സ് പോലുള്ള മാരകാവസ്ഥകളും മറ്റും വ്യാപിക്കാൻ ഇത് ഇടയാക്കുന്നു.

ലഹരി വസ്തുക്കളെപ്പോലെ ഇത്രയേറെ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മറ്റൊന്നും ലോകത്തിലില്ല. അതുകൊണ്ട് ആരോഗ്യം, സംസ്കാരം, സമ്പത്ത്, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരി വസ്തുക്കളെ കണിശമായും വർജിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമായി തന്നെ ഏറ്റെടുത്തേ മതിയാകൂ.

ഗാന്ധിസൂക്തം

## ജീവനും ദൈവവും

ഞാനൊരു അദ്വൈതിയാണ്. എന്നാൽ ദ്വൈതഭാവത്തെ അംഗീകരിക്കുന്നതിനും എനിക്കു വിഷമമില്ല. എന്നും മാറിക്കൊണ്ടിരിക്കുന്ന ലോകം അയഥാർത്ഥമാണ്. സ്ഥിരതയില്ലതിന്. മാറുന്ന ലോകത്തിൽ മാറാത്ത ചിലതുണ്ട്. സ്ഥിരവും യഥാർത്ഥവുമായവ. എന്നെ ഒരു അനേകാന്തവാദിയെന്നോ സ്യാദവാദിയെന്നോ വിളിക്കുന്നതിൽ എതിർപ്പില്ല. പക്ഷേ പണ്ഡിതനായ ഒരു സ്യാദവാദിയല്ല. അങ്ങനെയൊരാളുമായി വാദപ്രതിവാദം ചെയ്യാനും ഞാനാളല്ല. എന്റെ വീക്ഷണത്തിൽ ഞാൻ ശരിയാണ്; എന്നാൽ എന്റെ വിമർശകരുടെ വീക്ഷണകോണിൽ പലപ്പോഴും എനിക്കു പിഴപറ്റുന്നു. സ്വന്തം വീക്ഷണകോണുകളിൽ ഞങ്ങളിരുവരും ' ശരി' യാകുന്നു.അതിനാൽ എന്റെ വിമർശകരുടെ ഉദ്ദേശശുദ്ധിയിൽ എനിക്കു തെല്ലും ശങ്കയില്ല. ആനയെ കണ്ട ഏഴു കുരുടന്മാരും അവരവരുടെ നിലയിൽ ശരിയായ വിവരണമാണു നൽകിയത്. മറ്റുള്ളവരുടെ വീക്ഷണത്തിൽ അതു ശരിയായിരുന്നില്ല. ആനയെ ശരിക്കറിയാവുന്നവരുടെ വീക്ഷണത്തിൽ അവയൊക്കെ പാതി ശരിയും പാതി തെറ്റുമായും വന്നുകൂടി. സത്യത്തിന്റെ വിഭിന്ന ഭാവങ്ങളെപ്പറ്റിയുള്ള ഈ തത്ത്വം എനിക്കിഷ്ടമായി. ഈ തത്ത്വമാണ് മുസ്ലീമിനേയും ക്രിസ്ത്യാനിയേയും അവരവരുടെ വ്യത്യസ്ഥവീക്ഷണകോണുകളിലൂടെ പഠിക്കാൻ എന്നെ സഹായിച്ചത്. പണ്ടൊക്കെ വിമർശകരുടെ അജ്ഞതയിൽ ഞാനസ്വസ്ഥനാവുമായിരുന്നു. എന്നാൽ ഇന്ന് അവരോട് എനിക്കിഷ്ടമാണ്. കാരണം ഇന്ന് അവരെന്നെ കാണുന്നതെങ്ങനെയെന്ന് എനിക്കറിയാൻ കഴിയുന്നു. ഈ ലോകത്തെയാകെ എനിക്കു സ്നേഹിക്കാനാവുന്നു. എന്റെ അനേകാന്തവാദം സത്യം, അഹിംസ എന്നീ രണ്ടു സിദ്ധാന്തങ്ങളുടെ ഫലമാണ്.

യംഗ് ഇൻഡ്യ.21-1-1926, പുറം 30

# പാതഞ്ജല യോഗദർശനം

(കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

അഭ്യാസത്തെപ്പറ്റിയുള്ള ചർച്ച കഴിഞ്ഞു. ഇനി എന്താണ് വൈരാഗ്യമെന്നു നിർവ്വചിക്കുന്നു.

15. ദുഷ്ട ആനുശ്രവിക വിഷയ വിതുഷ്ണസ്യ
വശീകാര സംജ്ഞാ വൈരാഗ്യം.

കണ്ടതും (ദൃഷ്ടം) കേട്ടതും (ആനുശ്രവികം) ആയ വിഷയങ്ങളിൽ ദാഹം ഇല്ലാത്തവന് (വിതുഷ്ണസ്യ) വശീകാരമെന്നു പേരുള്ള (സംജ്ഞാ) വൈരാഗ്യം കൈവരും.

ഇന്ദ്രീയങ്ങളെക്കൊണ്ട് അനുഭവിക്കുന്ന വസ്തുക്കളാണ് വിഷയങ്ങൾ. അവ രണ്ടു തരം. ദൃഷ്ടം, ആനുശ്രവികം, ദൃഷ്ടം എന്നാൽ കണ്ടത്, കാണപ്പെട്ടത് സൗന്ദര്യമുള്ള വസ്തുക്കൾ നാം കണ്ണുകൊണ്ടു കാണുന്നു. എന്നാൽ പാട്ടു കേൾക്കുന്നതും സുഗന്ധവസ്തുക്കൾ മണക്കുന്നതും രുചികരമായ ഭക്ഷണം ആസ്വദിക്കുന്നതും, മൃദുവായ വസ്തുക്കൾ സ്പർശിക്കുന്നതും ഒക്കെ 'ദൃഷ്ടം' എന്ന വിഭാഗത്തിൽ പെടുത്തണം. സ്ത്രീ അന്നപാനം, ഐശ്വര്യവസ്തുക്കൾ മുതലായവയെല്ലാം ഇതിൽപെടും.

നാം മറ്റുള്ളവരിൽ നിന്നും ശാസ്ത്രങ്ങളിൽ നിന്നും വേദങ്ങളിൽ നിന്നും ഒക്കെ സ്വർഗ്ഗം, സിദ്ധികൾ, മുതലായവയെപ്പറ്റി കേട്ടിട്ടുണ്ട്. അവിടങ്ങളിലുള്ള സുഖത്തെപ്പറ്റി നമ്മുടെ മനസ്സിൽ സങ്കല്പങ്ങളും ഉണ്ട്. അവയൊക്കെ ആനുശ്രവിക വിഷയങ്ങളിൽപെടും. ശ്രവിക്കുക എന്നാൽ കേൾക്കുക, മറ്റുള്ളവരിൽ നിന്ന് അറിയുക എന്നർത്ഥം. ഇവ രണ്ടും മനസ്സിൽ ഓളങ്ങൾ സൃഷ്ടിക്കും. നമ്മെ ലക്ഷ്യത്തിൽ നിന്നകറ്റും. ഇവയിൽ താല്പര്യം വെച്ചുകൊണ്ടിരുന്നാൽ, സാധന നടക്കില്ല. തൃഷ്ണ എന്നാൽ ദാഹം എന്നാണ് വാച്യാർഥം. അതു തന്നെ രാഗം. തൃഷ്ണ നശിച്ചാൽ (വിഗതമായാൽ) വിതൃഷ്ണ. അപ്പോൾ രാഗം ഇല്ലാതാവും (വിഗതമാവും). 'വിരാഗം' എന്ന ഈ അവസ്ഥ തന്നെ വൈരാഗ്യം. ഈ വൈരാഗ്യത്തിന് 'വശീകാര വൈരാഗ്യം' എന്നും പേരുണ്ട്. മലയാളത്തിൽ വൈരാഗ്യം എന്നാൽ ദേഷ്യമെന്നും പകയെന്നുമൊക്കെ അർഥം പറയുന്നുണ്ട്. അങ്ങനെ ഒരർഥത്തിന് ഇവിടെ പ്രസക്തിയില്ലെന്നു കൂടി ഓർക്കണം.

വൈരാഗ്യത്തെ അതിന്റെ തീവ്രതയനുസരിച്ച് രണ്ടായി തിരിച്ചിരിക്കുന്നു. പരവൈരാഗ്യം, അപരവൈരാഗ്യം. അപരവൈരാഗ്യത്തെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്തത്. അതിലും നാലു വിധമുണ്ട്.

**1. യതമാനം:-** യത്നം, പരിശ്രമം നടന്നുകൊണ്ടിരിക്കുന്നതാണ് യതമാനം. രാഗം, ദ്വേഷം മുതലായ ദോഷങ്ങൾ മനസ്സിലിരിക്കുന്നു. അതാണ് ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തെ സ്വാധീനിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ മനസ്സിലാക്കി രാഗദ്വേഷാദികളെ നിയന്ത്രിക്കാൻ നടത്തുന്ന നിരന്തര പരിശ്രമമാണ് യതമാന സംജ്ഞാവൈരാഗ്യത്തിന്റെ ലക്ഷണം.

**2. വ്യതിരേകം:-**വേർതിരിച്ചറിയുന്നതാണ് വ്യതിരേകം. എന്റെ ചിത്തത്തിലെ ഇന്ന ഇന്ന ദോഷങ്ങൾ പരിശ്രമത്തിലൂടെ (യതമാനം) നീക്കാൻ പറ്റി. ഇനിയും ഇത്രയും ബാക്കി കിടപ്പുണ്ട് എന്ന് വേർതിരിച്ചറിയുന്ന അവസ്ഥയാണ് വ്യതിരേക സംജ്ഞാവൈരാഗ്യം. പരിശ്രമം തുടങ്ങുകയും ചെയ്യും.

**3. ഏകേന്ദ്രിയം:-** ബാഹ്യഇന്ദ്രിയങ്ങളുടെ പ്രവർത്തനം അവയുടെ വിഷയങ്ങളുമായുള്ള ചേർച്ച നിലച്ച അവസ്ഥ വന്നാലും ശേഷിച്ച ഒരിന്ദ്രിയം അതായത് മനസ്സ് പൂർണ്ണമായും ശുദ്ധമാവാതെ വരാം. സൂക്ഷ്മരൂപത്തിൽ ദോഷങ്ങൾ ഉണ്ടാവാം. വിഷയ സമ്പർക്കം വന്നാൽ പുറത്തു വന്നെന്നും വരാം. ഇതാണ് ഏകേന്ദ്രിയ സംജ്ഞാവൈരാഗ്യം.

**4. വശീകാരസംജ്ഞാ:-** ദൃഷ്ടവും ആനുശ്രവികവുമായ വിഷയങ്ങളിൽ ഒട്ടും ശ്രദ്ധയില്ലാത്ത അവസ്ഥയാണ് ഇത്. വശീകാരം എന്നാൽ വശത്തിലാവുകയെന്നർഥമെടുക്കണം. പൂർണമായ നിയന്ത്രണമെന്നർഥം. ഇവിടെ ഇന്ദ്രിയ മനസ്സുകൾ വിഷയത്തിനു വശപ്പെടുന്നില്ല. മറിച്ച് വിഷയങ്ങൾ മനസ്സിനു വശപ്പെടുന്നു.

സുഖത്തിന്റെ പിൻപറ്റാനുള്ള മനസ്സിന്റെ പിടപ്പാണ് രാഗം. ഭക്ഷണം ജീവൻ നിലനിർത്താൻ ആവശ്യമാണ്. അതറിഞ്ഞാണ് ഭക്ഷണം കഴിക്കേണ്ടത്. എന്നാൽ ഭക്ഷണം ആസ്വാദനത്തിന് മാത്രമാവുമ്പോൾ രാഗമാണ് വരുന്നത്. വിരാഗതയാണ് നേടേണ്ടത്. അതാണ്, വിഷയത്തോടുള്ള ദാഹം ഇല്ലാതാവലാണ് വൈരാഗ്യമെന്നു പറഞ്ഞത്. വാസ്തവത്തിൽ വിഷയത്തിന് രാഗദ്വേഷമില്ല. അതുള്ളത്

(ശേഷം 50-ാം പേജിൽ)

# കൃഷിഗീത-
# കാർഷിക വിജ്ഞാനത്തിലെ നിധി



പ്രൊഫസർ:പി.അംബുജാക്ഷി, ഫോ:9447577652

ഇനി തലപ്പിള്ളിയിലേക്ക് വരാം. തലപ്പിള്ളിപ്പാണ്ടിയും ചെറുപാണ്ടിയും, വെങ്കുറിഞ്ഞിയും കരിങ്കുറിഞ്ഞിയും സംശയം കൂടാതെ വിതയ്ക്കാം. കുട്ടിയും വലിയ കുട്ടിയും പറിച്ചുനടേണ്ടവയാണ്. ആനക്കൊമ്പനും തുളുനാട്ടിലെ വിത്തായ വിരിപ്പും പറമ്പുകൃഷിക്കും കരപ്പുറം കൃഷിക്കും ചേർന്നതാണ്. കടലിനും കായലിനും ഇടക്കുള്ള ഉയർന്ന പ്രദേശമാണ് കരപ്പുറം. ഇടനാടിനു ചേർന്ന മറ്റു വിത്തുകൾ ചെറ്റാര്യൻ, മണലാര്യൻ, കുറുക്കുറുവ എന്നിവയും, മുണ്ടകൻ വിളയ്ക്ക് അയിനിയുമാണ്. അതിയനും ചെറിയ അതിയനും കരപ്പുറം കൃഷിക്ക് പൂർണ്ണ വിശ്വാസത്തോടെ സ്വീകരിക്കാം.

'കുട്ടനാട്ടിൽ വിതയ്ക്കുന്ന വിത്തുകൾ
ഒട്ടൊട്ടിന്നു പറയുന്നു കേട്ടാലും'

എന്ന് കൃഷി ഗീതാകാരൻ നമ്മെ കുട്ടനാട്ടിലേക്ക് കൊണ്ടുപോകുന്നു. പൊക്കാളി, ചെറുപൊക്കാളി എന്നിവ സന്ദർഭാനുസരണം വിതക്കാം. കൂരവിത്ത് നല്ല വിളവു തരും. കരിക്കൻ വിത്തിന് മൂപ്പ് കുറവാണ്. പെട്ടെന്ന് വിളയും. കുറ്റാര്യൻ, ചുവന്നാര്യൻ കുറുവ എന്നിവയും കുട്ടനാടിന് ഏറ്റവും യോജിച്ചതാണ്.

'ഭാഷിതങ്ങളാം ഏതർഹിവിത്തുകൾ
ഈഷൽ കൂടാതെ കുട്ടനാട്ടൂഴിയിൽ'

എന്നാണ് കുട്ടനാടൻ കൃഷിയെക്കുറിച്ചുള്ള ഭാഗം അവസാനിക്കുന്നത്. തുടർന്നു വേണാനാടെന്ന വേണാടാണ്. ഇവിടെ പാണ്ടി വിത്തിനാണ് പ്രാധാന്യം. കാടക്കഴുത്തനും നല്ലതാണ്. പൊടി വിതയ്ക്ക് ചേർന്നത് കൊളവാഴയാണ്. ജലസമൃദ്ധിയുള്ളിടത്തെ വെള്ളക്കുട്ടാടനും തണുത്ത പ്രദേശത്ത് സീതഭോഗവും വിതയ്ക്കാം. നല്ല പോലെ ഉഴുത് പൊടി വിതയായി വിതയ്ക്കാവുന്ന വിത്തുകളാണ് ഉഴുതുവിരട്ട്. ഇടക്കുറുവ എന്നിവ. വേണാട്, പാണ്ടി പ്രദേശങ്ങളിൽ മേൽപറഞ്ഞ വിത്തുകൾ നല്ല ഫലം തരുന്നു.

പരദേശത്തിലെ വിത്തുകളെപ്പറ്റിയും കൃഷി ഗീതാകാരൻ പറയുന്നുണ്ട്. വേണാടിന്റെ സമീപ പ്രദേശങ്ങളിൽ ദാരിദ്രമകറ്റുന്നത് കാറ് എന്ന വിത്താണ്. വശാനം എന്ന വിത്തും പ്രസിദ്ധമാണ്. രാജാക്കന്മാർക്ക് ഇഷ്ടപ്പെട്ട വിത്തുകളാണ് ചമ്പാവ്, മുളകുചമ്പാവ്, ചീരകച്ചമ്പാവ് എന്നിവ. ഇവ മൂന്നു പൂവൽ കൃഷി ചെയ്യാവുന്നതാണ്. കൽക്കന്മായനും നിവലിയും കർഷകരെ ഏറെ സന്തോഷിപ്പിക്കുന്നു. മൂപ്പുകുറഞ്ഞ പൂങ്കാരു രണ്ടു പൂവലും കൃഷി ചെയ്യാം. സ്വർണ്ണം പോലെയുള്ള നെല്ലാണ് കുങ്കുമച്ചെമ്പാവ്. വെള്ളംകാരുവും മേളംകാരുവും നല്ല തള്ളലോടെ വളരുന്നു. വീരന്മാരായ രാജാക്കൻമാർ കൊതിക്കുന്നത് പുഴുകുചമ്പാവാണ്. അതുപോലെ തന്നെയാണ് ചെമ്പളയും പൂമ്പളയും. മടക്കാരു കൃഷിചെയ്താൽ യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാവില്ല. നിവേദ്യത്തിന് കൂടുതലായും ഉപയോഗിക്കുന്നത് ഈർക്കിലച്ചമ്പാവാണ്.

കേരളത്തിലേയും സമീപപ്രദേശങ്ങളിലേയും നെൽവിത്തുകളെ പരിചയപ്പെടുത്തിയ ഗീതാകാരൻ നമ്മെ കാശ്മീരിലേക്ക് കൊണ്ടുപോകുന്നു.

'ഉത്തരദിശി കാശ്മീരദേശത്തു
മത്തവിത്തതുമെത്രയുമത്ഭുതം
ഒരിക്കൽ വിതച്ചാലിതുവത്സരെ
കരുത്തോടെ വിളയുന്നിതു മൂവട്ടം'

ഒരിക്കൽ വിതച്ചാൽ മൂന്നുവട്ടം വിളയുന്ന മത്തവിത്തും പന്ത്രണ്ടുപ്രാവശ്യം വിളയുന്ന വ്യാഴവട്ടവിത്തുമൊക്കെയാണത്രെ കാശ്മീരത്തിലെ നെൽവിത്തുകൾ. കൊയ്തെടുത്ത നെൽക്കുറ്റിയിൽ നിന്ന് തന്നെ പൊട്ടിച്ചിനച്ചു വരുന്ന നെല്ലിനങ്ങൾ ഗ്രന്ഥകാരനെത്തന്നെ അത്ഭുതപ്പെടുത്തുന്നു.

'വ്യാഴവട്ടം വിളയുന്നിതുതന്നെ
ചൂഴവും മുപ്പത്താറുപരിവൃത്തി
പിന്നെയുമൊരിക്കൽ വിതച്ചാലതു
തന്നെപോരുമൊരു പന്തീരാണ്ടേക്കും
തണ്ണിൻമേൽ നിന്നു പൊട്ടി വിളയുന്ന-
തെന്നെ കഷ്ടമിതെത്രയുമദ്ഭുതം'

ഇതൊരു അതിശയോക്തിയോ, അദ്ഭുതമോ? ആ വിത്തിൽ നിന്ന് മുപ്പത്തിയാറുവട്ടം വിളവെടുക്കാമോ? നമ്മൾ സംശയിക്കുന്നു. കണ്ടും കൊണ്ടും അറിയാത്ത പല സത്യങ്ങളും നമ്മൾ അവിശ്വസിക്കുന്നു. ഒരുപിടി വിത്തെടുത്ത് ഒന്നു നോക്കിയ ശേഷം ഉറപ്പു വരുത്താൻവേണ്ടി ഒന്നു കടിച്ചു നോക്കി, വിത്തിനെ തിരിച്ചറിഞ്ഞിരുന്ന നമ്മുടെ കാരണവന്മാരെ നമുക്ക് മറക്കാനോ അവിശ്വസിക്കാനോ പറ്റില്ല. ആ അനുഭവ സമ്പത്തിന്റെ മുമ്പിൽ നമുക്കു നമിക്കാം. അദ്ഭുതാദാരങ്ങളോടെ.

## നെല്ലിതര വിളവുകൾ

മലയാളമണ്ണിൽ നവധാന്യങ്ങളിൽ ചിലത് നന്നായി വിളയുന്നു എന്ന് കൃഷിഗീതാകാരൻ പറയുന്നു. നെല്ല് ഗോതമ്പ്, കടല, എള്ള്, തുവര, ഉഴുന്ന്, മുതിര, പയറ്, ചെറുപയറ് എന്നിവയാണ് നവധാന്യങ്ങൾ എന്നഭിപ്രായമുണ്ട്. എന്നാൽ അഷ്ടാദശ ധാന്യത്തിൽപ്പെടുന്ന യവം, തിന, അമര, കുരുമുളക്, കടുക്, വരക്, ചാമ എന്നിവയിൽ ചിലതെല്ലാം ഇവിടെ പരാമർശിക്കുന്നുമുണ്ട്. പരദേശങ്ങളിൽ ഇവ പരക്കെ കൃഷിചെയ്യുന്നുണ്ട്.

എള്ളിന്റേയും മറ്റു കാട്ടുവിത്തുകളുടേയും കഥ ഇങ്ങനെ തുടങ്ങുന്നു. ഏറ്റവും പ്രസിദ്ധം കാരെള്ളു തന്നെ. തീരപ്രദേശങ്ങളിൽ പട്ടെള്ളിനാണ് പ്രിയം. പിന്നെ നാട്ടിൽ പ്രസിദ്ധമായത് പനിക്കുടുപ്പനും കുട്ടനാടനുമാണ്. തുളുനാടിന് യോജിച്ചത് ഗോശാണ്ഡി എന്ന ഇനം തന്നെ. പാടങ്ങളിൽ വയലെള്ളാണ് വിതയ്ക്കുന്നത്. കാണാൻ ഭംഗിയുള്ള ഇനമാണ് വെള്ളെള്ള്. വലിയെള്ളും ചെറിയെള്ളും തലയ്ക്ക് നല്ലതാണ്. അവ ഔഷധഗുണമേറും. ഇത്രയുമാണ് എള്ളു പുരാണം.

തിന, ഉഴുന്ന്, പയറ്, പൊറുംകാളിപ്പയർ, തുവര, ചെറിയ തുവര, ചുവന്നകോതമ്പംകൊറ്റ എന്നീ തുവരയിനങ്ങൾ, വെങ്കടുക്, കരിങ്കടുക്, കാടക്കണ്ണിച്ചോളം, കമ്പം എന്നിവയെപ്പറ്റി ശ്രദ്ധിച്ച് കേൾക്കാൻ കൃഷിഗീതാകാരൻ നമ്മെ ഓർമ്മിപ്പിക്കുന്നു. മുത്തുച്ചോളം, അരിച്ചോളം എന്നിവ ശങ്ക കൂടാതെ കൃഷി ചെയ്യാം. വെള്ളച്ചോളത്തിന് ഉമി കൂടുതലാണ്. കരിഞ്ചോളവും ചെഞ്ചോളവും, വെള്ളടമ്പുചോളവും നല്ല പുഷ്ടിയോടെ വളരും, കുറവക്കമ്പിയും, കുതിരവാലനും മൂപ്പ് കുറവാണ്.

നല്ല വിളവു തരുന്നതാണ് വരകം (പുളിയമര), ചീരകം, കരിഞ്ചീരകെദ വെഞ്ചീരകം, വെള്ളവെങ്കായം (വെളുത്തുള്ളി), ഈരവെങ്കായം (ചുവന്നുള്ളി) നല്ല വിളവുതരുന്ന ഉലുവ, വെള്ളുലുവ എന്നിവയും മലയാള മണ്ണിന് ചേർന്നതാണ്. ചാമ, ചെറുചാമ, കൊതിപ്പിക്കുന്ന അയമോദകം എന്നിവയും മലയാളത്തിന് ചേർന്നതാണ്.

അമരയ്ക്ക, പുളിയനമരയ്ക്ക, ചുവന്ന അമരയ്ക്ക, ആട്ടുകൊമ്പനമരയ്ക്ക, വെള്ളമരയ്ക്ക, നല്ല പുഷ്ടിയുള്ള മുണ്ടനമരയ്ക്ക വട്ടിനിറയെ വിളവുതരുന്ന വട്ടനമരയ്ക്ക, പൊള്ളമരയ്ക്ക, മുള്ളനമരയ്ക്ക, വള്ളിയായി പടരുന്ന ചിറ്റമരയ്ക്ക എന്നിവയാണ് അമരക്കൂട്ടം.

പരുത്തിച്ചെടിയും ഇവിടത്തെ മണ്ണിനു ചേർന്നതാണത്രെ. എന്നാൽ പരുത്തിയെപ്പറ്റി സൂചന മാത്രമേയുള്ളു. പേരുകേട്ട കല്പപ്പരുത്തി, കേടില്ലാത്ത മലമ്പരുത്തി, ഈടുകുറഞ്ഞ നൂലുള്ള മറ്റൊരിനം പരുത്തി എന്നിങ്ങനെ മൂന്നിനങ്ങളാണ് ഈ മണ്ണിന് ചേരുന്നതത്രെ. കടല, ചെറുകടല, ഹോമം എന്ന രണ്ടുവിധമാണ്.

ഇനി മറ്റുള്ള വിളവുകളുടെ പേരും ഇനങ്ങളും പറയുന്നു. ശ്രദ്ധയോടെ വായിക്കണം എന്ന ഒരു മുഖവുരയോടെ മനുഷ്യർക്ക് ഏറ്റവും പ്രിയപ്പെട്ട ചേനയ്ക്ക് ചെറുചേന എന്നൊരു വകഭേദമുണ്ട്. കിഴങ്ങ്, ചെറുകിഴങ്ങ്, വലിയ വള്ളിക്കിഴങ്ങ്, പടരുന്ന ആശ്ചര്യകരമായ മുക്കിഴങ്ങ് എന്നിവയാണ് കിഴങ്ങുവർഗം. ചേമ്പിനങ്ങൾ ധാരാളമുണ്ട്. ഏറ്റവും പരന്നുവളരുന്ന വലിയ കരിഞ്ചേമ്പ്, ധാരാളം കിഴങ്ങുള്ള വള്ളിച്ചേമ്പ്, തൊലിക്ക് കനമേറിയ പറങ്കിച്ചേമ്പ്, മലരാമൻ, പേഴ, കുഴിച്ചേമ്പ്, നനച്ചേമ്പ്, കോഴിക്കാലൻ, ചുറ്റുവകൻ, ഉരുണ്ടമാരക്കണ്ടൻ എന്നിവയാണ് ചേമ്പിനങ്ങൾ.

കൂർക്ക, ചെറുകൂർക്ക, കാവിത്ത് (കാച്ചിൽ), പീർത്തകല്ലൻ (ചീർപ്പൻ കിഴങ്ങ്), പാൽനീണ്ടി, മലയിഞ്ചി, ഇഞ്ചി എന്നിവയും മലിവാൻ, വയനാടൻചെറുകൊടി എന്നീ മഞ്ഞളിനങ്ങളും ഇവിടെ കൃഷി ചെയ്യാം.

വാഴപ്പഴത്തിലൊതുങ്ങുന്നതാണ് പഴപാഠം. എത്ര തരം വാഴകളാണുള്ളത്! പഴങ്ങളുടെ രാജാവാണ് ദിവ്യമായ കദളി. കദളി, പൂവൻ, പൂവൻകദളി എന്നീ മൂന്നുതരം പഴങ്ങൾ. ദേവബ്രാഹ്മണ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. കുന്നൻ, വണ്ണൻ, ഇരുമുടിക്കുന്നൻ, മേന്മയുള്ള കാളി, ഏറനാടൻ, ചിങ്ങൻ, അത്ഭുതകരമായ നേന്ത്രൻ, ആറ്റുനേന്ത്ര, കണ്ണൻ, പൊണ്ണൻ, അയൽനാടുകളിൽ കാണുന്ന നാടൻ എന്നു പേരുകേട്ട ഒരിനം പരന്നകായ, നീറൻ, ധാരാളം കറയുള്ള കുരുവാഴയ്ക്ക എന്നിവയാണ് മറ്റിനം വാഴകൾ. രസതാളി നല്ല രുചിയുള്ള പഴമാണ്. പഴത്തിന്റെ ഉള്ളിൽ കടുപ്പമുള്ള ശിലാഖണ്ഡങ്ങൾ കാണുമെ

ങ്കിലും മലവാഴയും നല്ലതാണ്.

പച്ചക്കറികളെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത്. ഇതിൽ ആദ്യം കുമ്പളത്തെക്കുറിച്ചാണ് പറയുന്നത്. രുചിയേറിയ മത്തനേയും കുമ്പളക്കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു. ഒരിയ്ക്കലും നരയ്ക്കാത്തതാണ് ചുരുക്കുമ്പളങ്ങ. വെള്ളരിക്കയും ചവത്തെ, ചവത്തേയ്ക്ക എന്നിങ്ങനെ രണ്ടിനം നല്ല നീരുള്ള കക്കരിയും ഉണ്ട്. വെങ്കുമ്മട്ടിക്ക, കുറമത്തൂക്ക എന്ന് രണ്ടുതരം കുമ്മട്ടിക്കയാണുള്ളത്. ചെറിയ മുണ്ടൻകയ്പക്ക, നീണ്ട കൊണ്ടക്കയ്പക്ക, എന്ന് കയ്പക്ക രണ്ടുവിധം ഉണ്ട്. വേപ്പടേലങ്ങ, വലിപ്പമുള്ള കൊണ്ടപ്പടേലങ്ങ, ചെറിയ മുണ്ടൻ പടേലങ്ങ, നല്ല ഭംഗിയുള്ള, വെളുത്ത കൊങ്ങപ്പടേലങ്ങ എന്ന് പലതരം പടവലങ്ങയുണ്ട്. കോവയ്ക്കയും ചെറുകോവയ്ക്കയും പെരുംകോവയ്ക്ക, വെള്ളക്കോവയ്ക്ക എന്ന് മൂന്നിനങ്ങൾ കാണുന്നു. പ്രസിദ്ധമായ ചെറുനാരങ്ങ, മാതളനാരങ്ങ, വടുകപ്പുളി, ചന്തമുള്ള വല്ലിനാരങ്ങ, ഇല്ലിനാരങ്ങ എന്നീ നാരകവർഗ്ഗവും മലയാള മണ്ണിന് ചേർന്നതാണ്.

മുളകുംതൊണ്ടി, കയ്പുള്ള നീണ്ട കയ്പൻ മുളക്, ധാരാളം കായുള്ള ചെറുമുളക്, വലിയ കാട്ടുമുളക് കൂടാതെ എരിവേറിയ ചീന മുളക് എന്നീ മുളകിനങ്ങൾ ഉണ്ടല്ലോ. നീളമേറിയ കയ്പൻ മുളകിനെ അസ്മാകംബാണം. അതായത് രാമബാണം എന്നാണ് പറയുന്നത്. ചെറുകയ്പൻ മുളകും, പുള്ളിയില്ലാത്ത വലിയ കൊണ്ടമുളകും നീണ്ട കയ്പൻ മുളകും നീറ്റലേറെയുള്ള മുണ്ടൻകയ്പൻ മുളകും കൃഷി ചെയ്യാവുന്നതാണ്.

ചെറുതേങ്ങ, പരദേശത്തുള്ള വെള്ളത്തേങ്ങ എന്ന് രണ്ടുവിധമാണ് തെങ്ങിനങ്ങൾ. ഗൗരിപാത്രം എന്ന മറ്റൊരിനം പരദേശത്ത് ദുർലഭമാണ്. അതിന് കന്നിക്കൂരൻ, കുടംഭക്കുടവൻ എന്ന് രണ്ടു ഭേദങ്ങളുണ്ട്.

പലതരത്തിലുള്ള വഴുതിനങ്ങകളേയും കൃഷിഗീതാകാരൻ പരിചയപ്പെടുത്തുന്നു. മുള്ളുള്ള വഴുതിന ഇനങ്ങളിൽ ചെറുമുള്ളിക്ക, വലിയാട്ടുമൊലിച്ചി, വെള്ളിമുള്ളൻ, നീളമുള്ള മുള്ളൻ വഴുതിന, ഇടിച്ചക്കയുടെ വലിപ്പമുള്ള പിണ്ടി വഴുതിന, വാട്ടമില്ലാത്ത കൊട്ടക്കാടൻ വഴുതിന, ചന്തമുള്ള കോഴിക്കോടൻ വഴുതിന, മുണ്ടൻപന്നി വഴുതിന, ധാരാളം വിത്തുള്ള വരിനീണ്ടൻ തെങ്ങൻ വഴുതിന, ഒരുമുഴം നീളമുള്ള ആലങ്ങാടൻ വഴുതിന എന്നിവയാണ് പ്രധാനം. മറുനാട്ടിൽ നുരപൂർവ്വം വഴുതിന, ആനക്കൊമ്പുപോലുള്ള ചേനത്തണ്ടൻ വഴുതിന എന്നിവയും പ്രചാരത്തിലുണ്ട്.

ബദരിക്കരിമ്പ്, ധാരാളമായി കാണുന്ന നായ്ക്കരിമ്പ്, നല്ല മധുരമുള്ള രസദാളി, നീരുള്ള സുരക്കരിമ്പ്, കറുത്ത നീലക്കരിമ്പ്, പാൽ നിറമുള്ള വെള്ളക്കരിമ്പ് എന്നിവയാണ് കൃഷി ചെയ്യാവുന്ന കരിമ്പിനങ്ങൾ.

ധൂമപത്രങ്ങൾ എന്ന ഓമനപ്പേരിലാണ് പുകയിലയെ കൃഷിഗീതാകാരൻ പരിചയപ്പെടുത്തുന്നത്. കൊതിപ്പിക്കുന്ന കാപ്പാരി, മാനേരി, വടക്കൻ, മദനാന്തകൻ, ചാപ്പാടൻ, കടുപ്പമുള്ള പച്ചപ്പൂകേല, രസിപ്പിക്കുന്ന പടിഞ്ഞാറൻ, കിഴക്കൻ എന്നിങ്ങനെ ഒന്നിനൊന്നു മെച്ചപ്പെട്ട പുകയിലയിനങ്ങൾ ആണ് മലയാളമണ്ണിന് ചേരുന്നത്.

വെറ്റിലയുടെ വിവരണമാണ് അടുത്തത്. തെക്കൻ വെറ്റില, മേൻമയുള്ള മുക്കണ്ണി വെറ്റില, കോഴിക്കോടൻ വെറ്റില, ചോഴമണ്ഡലം വെറ്റില എന്നിവ നല്ലയിനങ്ങളാണ്. ദമ്പതിമാർ ഇഷ്ടപ്പെടുന്നത് അപ്പഴക്കോടൻ വെറ്റിലയാണ്. പഴുത്താലും രുചിയുള്ളതാണ് കുഴിക്കാട്ടിരി വെറ്റില. കൊല്ലവെറ്റില പല്ലിന്മേൽ കറയുണ്ടാക്കുന്നു. ചെറിയ വള്ളിമേലുണ്ടാകുന്ന ഞാലി വെറ്റിലകൾ ധാരാളമായി കാണാം. കൊടിവെറ്റിലയും പരക്കെയുണ്ട്. വെള്ളനാട്ടിൽ ഉള്ള വെള്ള വെറ്റില പ്രസിദ്ധമാണ്. നല്ല ഉയരത്തിലുള്ള കൊങ്ങണിവെറ്റില ഭംഗിയുള്ളതാണ്. കുറ്റമില്ലാത്തതാണ് നാമഘപ്പതിവെറ്റില, നുള്ളിയെടുത്ത് ഒരുമാസം സൂക്ഷിച്ചാലും ചേലത്തെ വെറ്റില കേടാവയില്ല. വെള്ളനൂരിലെ വെറ്റിലയാണ് വെള്ളവെറ്റില. നല്ല ചൂവ്വുരെവെറ്റിലയാണ് കന്യകമാർക്കിഷ്ടം. മൂത്ത വെറ്റിലകൾ ഉപയോഗിക്കാൻ പറ്റില്ല എന്ന് മനസ്സിലാക്കണം.

ഇനി അടയ്ക്കയാണ്. തുളുനാടൻ അടയ്ക്കയുടെ കാമ്പ് വെളുത്തിട്ടാണ്. കോഴിക്കോടനടയ്ക്ക പഴുത്തുപറിച്ചാലും പിഴയ്ക്കില്ല. രാമനാടൻ അടക്കയ്ക്ക് നെല്ലിക്കയുടെ ആകൃതിയാണ്. വെള്ളനാട്ടിൽ തൊണ്ട് കനമില്ലാത്ത പരന്ന ഒരുതരം അടയ്ക്കയാണുള്ളത്. ഇടനാടൻ അടയ്ക്ക കൂർത്ത ഇനമാണ്. പണ്ടുപണ്ടേ പ്രസിദ്ധമാണ് ആര്യങ്കനടയ്ക്കയും പുത്താരടക്കയും.

തന്നെ സമീപിച്ച ബ്രാഹ്മണരോട് പരശുരാമൻ ഈ മലയാള മണ്ണിനുചേർന്ന വിത്തുകളെക്കുറിച്ച് ഇങ്ങനെ വിസ്തരിച്ച് പറഞ്ഞ് കൊടുത്തു.

'ഇങ്ങിനെ ഭൂമിദേവന്മാർക്കായ്ക്കൊണ്ട്

മങ്ങാതെ ബീജഭേദമരുൾ ചെയ്തു'

എന്നാണ്, ഭാർഗവീയ ചരിതത്തിന്റെ ഒന്നാം പാദം അവസാനിക്കുന്നത്.

# ശ്വാസോച്ഛ്വാസം

ഡോ.പാർവ്വതി.കെ.എസ്.

ശരീരത്തിലെ കോശങ്ങളുടെ പ്രവർത്തനത്തിനു ഭക്ഷണത്തെപ്പോലെ തന്നെ അത്യന്താപേക്ഷിതമാണ് ഓക്സിജൻ. ഉപാപചയത്തിനു വേണ്ട ഓക്സിജൻ ശരീരത്തിലെല്ലായിടത്തും എത്തിക്കുന്നതും കാർബൺഡൈഓക്സൈഡിനെ അതുണ്ടായ സ്ഥലത്തു നിന്നു നീക്കം ചെയ്യുന്നതും രക്തമാണ്. ധമനികളിലൊഴുകുന്ന രക്തം ഓക്സിജനെ വ്യത്യസ്ത മേഖലകളിൽ എത്തിക്കുമ്പോൾ സിരകളിലെ രക്തം കാർബൺഡൈഓക്സൈഡിനെ കോശങ്ങളിൽ നിന്നും നീക്കം ചെയ്യുന്നു. ഇതാണ് കോശതലത്തിലുള്ള ശ്വാസോച്ഛ്വാസം (Tissue respiration). ഇതിനു രക്തം സദാ ചുറ്റിക്കറങ്ങണം. അതിനാണ് രക്തചംക്രമണ വ്യവസ്ഥ സംവിധാനം ചെയ്തിരിക്കുന്നത്. അതേ സമയം ഒഴുകിക്കൊണ്ടിരിക്കുന്ന രക്തത്തിൽ ഓക്സിജൻ കലർത്തുകയും അതിൽ നിന്ന് കാർബൺ ഡൈ ഓക്സൈഡ് ഒഴിവാക്കുകയും വേണം. അതാണ് ശ്വാസകോശങ്ങളുടെ ജോലി.

കൂടുതൽ ഓക്സിജനും, വളരെ കുറച്ചു മാത്രം കാർബൺഡൈ ഓക്സൈഡും അടങ്ങിയ അന്തരീക്ഷ വായുവിനെ ഉൾക്കൊണ്ട് കുറഞ്ഞ ശതമാനം ഓക്സിജനും വളരെ കൂടുതൽ കാർബൺഡൈ ഓക്സൈഡും അടങ്ങിയ വായുവിനെ ശ്വാസകോശങ്ങളിൽ നിന്നു പുറന്തള്ളുന്ന പ്രക്രിയയാണ് ശ്വാസോച്ഛ്വാസം. വായു ശ്വാസകോശങ്ങളിലേക്കു പ്രവേശിക്കുന്നതു നാസാരന്ധ്രങ്ങൾ വഴിയാണ്, വായിൽ കൂടിയും ശ്വസിക്കാം. പക്ഷേ ഇതു അനാരോഗ്യകരമായ ഒരു നടപടിയാണ്. വായുവിൽ ഉള്ള പൊടിപടലത്തെ തടഞ്ഞു നിർത്താൻ പ്രാപ്തിയുള്ള ധാരാളം ചെറിയ രോമങ്ങൾ മൂക്കിനകത്തുണ്ട്. മാത്രമല്ല മൂക്കിന്റെ ചുറ്റുപാടുമുള്ള എല്ലുകളുടെ ഉള്ളറകളിൽ ഉള്ള ചൂടുകാറ്റിനു അകത്തേക്കു പോകുന്ന വായുവിന്റെ താപനില കൂട്ടാൻ കഴിവുണ്ട്. തണുപ്പുള്ളപ്പോൾ അതു വളരെ പ്രയോജനപ്രദമാണ്. വായിൽ കൂടി ശ്വസിക്കുന്ന സമ്പ്രദായം ഭക്ഷണ ക്രമത്തിലും ദഹനപ്രക്രിയയിലും കാര്യമായ പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

## ശ്വസനപ്രക്രിയ

ശരീരത്തിനുള്ളിലേക്ക് കടക്കുന്ന വായു, മൂക്കിന്റേയും വായയുടേയും പൊതുവഴിയായ നാസാഗ്രസനിയിലേക്കാണ് (Nasopharynx) പ്രവേശിക്കുന്നത്. അവിടെ നിന്നു ശ്വാസനാളിയിൽ (Trachea) എത്തുന്നു. ഉപാസ്ഥി (Cartilage) വളയങ്ങൾ കൊണ്ടു തീർത്ത ശ്വാസനാളി എല്ലായ്പ്പോഴും തുറന്നിരിക്കും. ശബ്ദം സൃഷ്ടിക്കുന്ന സ്വരയന്ത്രം (Larynx) ഇതിന്റെ മീതെയാണുള്ളത്. ശ്വാസനാളിയിലൂടെ ശക്തിയായി പുറന്തള്ളപ്പെടുന്ന വായു സ്വരയന്ത്രത്തിലെ ശബ്ദം സൃഷ്ടിക്കുന്ന തന്തുക്കളെ (Vocal Cords) അടുപ്പിക്കുകയും അകറ്റുകയും ചെയ്യുമ്പോൾ ശബ്ദം സൃഷ്ടിക്കപ്പെടുന്നു. ശ്വാസനാളി അതിന്റെ കീഴ്ഭാഗത്ത് രണ്ടായി പിരിയുകയും അതിലെ ഓരോ ശാഖയും ഓരോ ശ്വാസകോശത്തിൽ എത്തിചേരുകയും ചെയ്യുന്നു. ഭാഗം പിരിഞ്ഞ ശ്വാസനാളിയുടെ ശാഖകളെയാണ് ശ്വസനികൾ (Bronchus) എന്ന് വിളിക്കുന്നത്. ശ്വസനികൾ ശാഖോപശാഖകളായി പിരിയുകയും അവയെ അവയിലെ ഏറ്റവും അന്തിമങ്ങളായ ഭാഗങ്ങളിൽ എപ്പിത്തീലിയ സെല്ലുകളെ കൊണ്ടു നിർമ്മിച്ച സഞ്ചികളിൽ അവസാനിക്കുകയും ചെയ്യുന്നു. ശ്വാസോച്ഛ്വാസ ക്ഷമങ്ങളായ, ഈ അന്തിമയുണിറ്റുകളായ ആൽവിയോളസ്സുകൾ ഒന്നിച്ചു കാണുമ്പോൾ ഒരു മുന്തിരി കുലയുടെ പ്രതീതിയാണ് സൃഷ്ടിക്കുന്നത്.

## ആൽവിയോളസ്സുകൾ

ആൽവിയോളസ്സുകളുടെ ചുവരുകൾ വളരെ ലോലമാണ്. ഒറ്റവരി പരന്ന എപിത്തീലിയ സെല്ലുകൾ കൊണ്ടാണ് നിർമ്മിക്കപെട്ടിരിക്കുന്നത്. ഇവയുടെ വളരെ അടുത്തായി ചെറിയ കാപ്പില്ലറികൾ സ്ഥിതി ചെയ്യുന്നു. അങ്ങനെ ശ്വാസകോശങ്ങളുടെ ഉള്ളറകളിൽ സ്ഥിതി ചെയ്യുന്ന വായുവിനേയും, രക്തത്തേയും വേർതിരിക്കുന്നതു വെറും രണ്ടു വരി സെല്ലുകൾ മാത്രമാണ്. ആൽവിയോളസ്സുകളുടെ സംവിധാനം കൊണ്ട് വായുവും രക്തവും തമ്മിലുള്ള ആ ദാനപ്രദാനത്തിനു വളരെ വിശാലമായ ഒരു മേഖല ലഭ്യമാകുന്നുണ്ട്. വായുവിനെ അനവരതം മാറ്റി കൊണ്ടിരിക്കണമെന്നു മാത്രം. ശ്വാസകോശത്തിന്റെ

ജോലിയും അത് തന്നെയാണ്.

ശ്വാസോച്ഛ്വാസം നടക്കുന്നതിന് ശ്വാസകോശങ്ങളുടെ വ്യാപ്തി ക്രമപ്രകാരം വ്യത്യാസപ്പെടുത്തണം. വ്യാപ്തം വർദ്ധിക്കുമ്പോൾ മർദ്ദം കുറയും. അപ്പോൾ പുറമേയുള്ള വായു ഉള്ളിലേയ്ക്ക് പ്രവേശിക്കും. വ്യാപ്തം കുറയുമ്പോൾ മർദ്ദം വർദ്ധിക്കുകയും വായു പുറത്തേയ്ക്കു പ്രവേശിക്കുകയും ചെയ്യും. മർദ്ദവും വ്യാപ്തിയും തമ്മിലുള്ള ബന്ധമാണ് ബോയൽ നിയമം. ഭാഗിക മർദ്ദത്തേയും, ദ്രവങ്ങൾ അലിയുന്ന വാതകങ്ങളെപ്പറ്റിയും വ്യക്തമായ സിദ്ധാന്തങ്ങളുണ്ട്. ഏതായാലും വാതകങ്ങൾ ശ്വാസകോശങ്ങളിൽ നിന്നു രക്തത്തിലേക്ക് കൈമാറുന്നതിന്റെ അടിസ്ഥാന ഘടകം, ശ്വാസകോശങ്ങളുടെ വ്യാപ്തത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ്.

ശ്വാസകോശങ്ങളുടെ പുറം രണ്ടു മടക്കു പ്ലൂറ കൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ മടക്കുകൾക്ക് നാമമാത്രമായ ഒരു ഇടം മാത്രമേ ഉള്ളു. മാത്രമല്ല പ്ലൂറയുടെ ബഹിർ ഭാഗം നെഞ്ചിന്റെ ചട്ടക്കൂടിന്റെ ഉൾഭാഗത്തോടു പറ്റിച്ചേർന്നു കിടക്കുകയാണ്. തന്മൂലം നെഞ്ചിന്റെ ചട്ടക്കൂടിന്റെ ഗതിവിഗതികൾക്കനുയോജ്യമായി ശ്വാസകോശങ്ങളും വലുതാവുകയും ചുരുങ്ങുകയും ചെയ്യും.

ട്രേക്കിയ (trachea) രണ്ടായി വിഭജിച്ച് വലതും ഇടതും ആയ ശ്വസനികൾ (Bronchus) ആയിത്തീരുമ്പോൾ വലത്തെ ശ്വസനി മൂന്നായി വിഭജിക്കുന്നു. ഇവ മൂന്ന് ശ്വാസകോശ ലോബുകളിൽ പ്രവേശിക്കുന്നു. ഇടത്തെ ശ്വസിനി രണ്ടായി വിഭജിച്ച് രണ്ട് ശ്വാസകോശലോബുകളിൽ പ്രവേശിക്കുന്നു. ഈ ലോബുകളിൽ പ്രവേശിക്കുന്ന ശ്വാസനാളം വീണ്ടും വിഭജിച്ച് ചെറിയ ശ്വസനിയായി ഓരോ വിഭാഗങ്ങളിലും പ്രവേശിക്കുന്നു. വലതുവശത്തുള്ള ശ്വാസകോശം വലുതായതിനാൽ അതിന് പത്ത് വിഭാഗങ്ങളും ഇടതു വശത്തെ ശ്വാസകോശം ചെറുതായതിനാൽ അതിന് ഒൻപത് വിഭാഗങ്ങളും ഉണ്ട്. ഓരോ വിഭാഗത്തിനും അതിന്റേതായുള്ള രക്തക്കുഴലുകൾ, ലസികകൾ, നാഡികൾ എന്നിവയുള്ളതുകൊണ്ട് ഇവ ഓരോന്നും സ്വതന്ത്രമായ വിഭാഗങ്ങളാണ്.

കഴുത്ത് മുതൽ വയറുവരെയുള്ള ഭാഗമാണ് നെഞ്ച്. ശ്വാസകോശങ്ങളെ പൊതിഞ്ഞ് പ്ലൂറയും അതിനെ പൊതിഞ്ഞ് നെഞ്ചെല്ലുകൾ, പേശീകൾ പലതരം കലകൾ എന്നിവയും അതിനെ പൊതിഞ്ഞ് ത്വക്കുമുണ്ട് ഇതിന്റെ ചട്ടക്കൂട് നെഞ്ചെല്ലുകളാണ്. നട്ടെല്ലിൽ നിന്ന് നെഞ്ചെല്ലുകൾ ഉണ്ടായി സ്റ്റേണത്തിൽ (sternum) ചേരുന്നു. ആകെ പന്ത്രണ്ടു ജോഡി റിബ്ബുകളുണ്ട് (rib).ഇവയിൽ പത്തുജോഡിയും സ്റ്റേണത്തിൽ ചേരുന്നു. ബാക്കി രണ്ടു ജോഡികൾ സ്റ്റേണത്തിൽ യോജിക്കാതെ വെറുതെ കിടക്കുന്നു. ഇവയ്ക്ക് നീളം കുറവാണ്. ഇവയെ ഫ്ളോട്ടിങ്ങ് റിബ് (floating rib) എന്നു വിളിക്കുന്നു.

ശ്വാസകോശത്തിന്റെ പ്രവർത്തന യൂണിറ്റുകളായ എപിത്തിലിയ നിർമ്മിത സഞ്ചികളാണ് ആൽവിയോളസ്സുകൾ. ഏതാണ്ട് 30 കോടി ആൽവിയോളസ്സുകൾ ഓരോ ശ്വാസകോശത്തിലും ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. വാതകവിനിമയം നടക്കുന്നത് ഇവയിലാണ്.

ശ്വാസകോശങ്ങളെ ആവരണം ചെയ്തുള്ള സ്തരത്തെ വിസറൽ പ്ലൂറ (visceral pleura) എന്ന് പറയുന്നു. നെഞ്ചിനുള്ളിൽ നെഞ്ചെല്ല് മീഡിയാസ്റ്റൈയിനം ഡയഫ്രം എന്നിവയെ പൊതിഞ്ഞുള്ള സ്തരത്തെ പറയിറ്റൽ പ്ലൂറയെന്നും പറയുന്നു. ഇതു രണ്ടും തുടർച്ചയായുള്ള സ്തരമാണ്. അങ്ങനെ ശ്വാസകോശങ്ങളെ പൊതിഞ്ഞ് ഒരു ഇരട്ട സ്തരമാണുള്ളത്. ഇതിനെ പൊതുവെ പ്ലൂറ എന്നു പറയുന്നു. പ്ലൂറയുടെ രണ്ടു ഭിത്തികൾക്കുമിടയിൽ ശ്വാസകോശങ്ങളുടെ സങ്കോചവികാസങ്ങൾക്ക് സ്നിഗ്ദ്ധത നൽകുന്ന ഒരുതരം ദ്രാവകം ഉണ്ട്.

ഡയഫ്രം കട്ടിയുള്ളതും ശക്തിയുള്ളതുമായ ഒരു പേശിയാണ്. ഉദരാശയത്തേയും (abdomen) ഔരാശയ (chest) ത്തേയും വേർതിരിക്കുന്ന ഒരു പേശിഭിത്തിയാണിത്. ഇത് ശ്വസനപ്രക്രിയയിൽ സുപ്രധാന പങ്കുവഹിക്കുന്നു.

കോശങ്ങളിലും കലകളിലുമുള്ള മലിന വസ്തുക്കളെ നീക്കം ചെയ്യുന്നത് ലസികാവ്യൂഹം (Lymphatic system) ആണ്. ശ്വാസകോശത്തിലും നെഞ്ചിലും ധാരാളം ലസികകളും ഗ്രന്ഥികളുമുണ്ട്. ശ്വാസകോശത്തിൽ രോഗമുണ്ടാകുമ്പോൾ ലസിക ഗ്രന്ഥികൾ വലുതാകുന്നു. ട്രക്കിയക്കും (trachea) ശ്വാസനാളങ്ങൾക്കും ശുദ്ധരക്തം നൽകുന്നത് ബ്രോങ്കിയൽ ധമനികൾ ആണ്. ഇവ ടെർമിനൽ ശ്വസിനികൾ വരെ കാണപ്പെടുന്നു.

ശ്വാസനാളങ്ങളുടേയും ശ്വാസകോശത്തിന്റേയും ശരിയായ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത് ആട്ടോണോമിക്ക് നാഡിവ്യൂഹമാണ്. ഇവ മൂന്ന് തരത്തിലുണ്ട്. ഉള്ളിലോട്ടു വരുന്ന തന്തുക്കൾ വേഗസ്സിലും, കരോട്ടിഡ് സൈനസ്സ്, കരോട്ടിഡ് ബോഡി എന്നിവയിലെ തന്തുക്കൾ ഗ്ലോഡ്സോഫാരിയൻജിയൽ നാഡിയിലും സ്ഥിതി ചെയ്യുന്നു. അയോർട്ടിക് ബോഡി (aortic body), അയോർട്ടിക് ആർച്ച് എന്നിവയിലെ തന്തുക്കൾ ഗ്ലോസ്സോഫാരൻജിയൽ നാഡിയിലും സ്ഥിതി ചെയ്യുന്നു. അയോർട്ടിക് ആർച്ച് എന്നിവയിലെ നാഡീതന്തുക്കൾ വേഗസ്സിലാണ് (vagus).

മേൽപ്പറഞ്ഞ തന്തുക്കൾ മൂലമാണ് ചുമ, ശരിയായ ശ്വസനം മുതലായവ നടക്കുന്നത്.

പാരസിമ്പതറ്റിക് ഇഫരന്റ് തന്തുക്കൾ വേഗസ്സ് നാഡിയിലാണുള്ളത്. ഈ നാഡീ തന്തുക്കളെ ഉത്തേജിപ്പിച്ചാൽ പേശികളുടെ സങ്കോചം, ശ്വാസനാളത്തിൽ അധിക ദ്രാവകമുണ്ടാകുക, രക്തക്കുഴലുകളുടെ വികാസം എന്നിവ നടക്കുന്നു.

സിമ്പതറ്റിക് ഇഫരന്റ് തന്തുക്കൾ തൊറാസിക് ഗാംഗ്ലിയയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഈ തന്തുക്കൾ പൾമനറി പ്ലക്സസുകൾ മുഖാന്തരം ശ്വാസകോശത്തിൽ പ്രവേശിക്കുന്നു. ഈ തന്തുക്കളെ ഉത്തേജിപ്പിക്കുകയാണെങ്കിൽ ശ്വാസനാളപേശികളുടെ വികാസം, ശ്വാസനാളങ്ങളിൽ അധിക ദ്രാവകമുണ്ടാകാതെ തടയുക, രക്തക്കുഴലുകളുടെ വികാസം മുതലായവ സംഭവിക്കുന്നു.

നിരവധി വാതകങ്ങൾ ചേർന്ന വായു ഭൂമിയുടെ ഉപരിതലത്തിൽ ഒരാവണം പോലെ പൊതിഞ്ഞാണ് കിടക്കുന്നത്. വായുവിൽ എഴുപത്തിയെട്ട് ശതമാനം നൈട്രജനാണ്. ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഓക്സിജൻ ഇരുപത്തിയൊന്ന് ശതമാനത്തോളം വരും. ബാക്കി ഒരു ശതമാനത്തിൽ വിരളമായി കാണുന്ന വാതകങ്ങളും 03% കാർബൺ ഡൈയോക്സൈഡും ആണുള്ളത്. നാം ശ്വസിക്കുന്ന അന്തരീക്ഷ വായുവിൽ ഓരോ ക്യൂബിക് അടിയിലും ഏകദേശം 300 ലക്ഷം അന്യപദാർത്ഥങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതു കൂടാതെ നാം ശ്വസിക്കുന്ന വായുവിൽ ജലാംശം, പൊടി, രോഗാണുക്കൾ, പൂപ്പലിന്റെ സ്പോറുകൾ എന്നിങ്ങനെ ധാരാളം അന്യപദാർത്ഥങ്ങളും അന്തരീക്ഷമലിനീകരണത്തിനിടയാക്കുന്ന രാസവസ്തുക്കൾ, പലതരം പൊടികൾ, പുക മുതലായവയും കാണപ്പെടുന്നു. ഇവയെല്ലാം തന്നെ ആരോഗ്യത്തിന് ഹാനികരങ്ങളായ വസ്തുക്കളാണ്.

---

**പാതഞ്ജല യോഗദർശനം**

(44-ാം പേജിൽ നിന്ന് തുടർച്ച)

മനസ്സിനാണ്. അത് മനസ്സിനെ ക്ഷീണിപ്പിക്കുകയും ചെയ്യും. വൈരാഗ്യമാണ് ശക്തി. രാഗം പുറത്തേക്കുള്ള ആകർഷണമാണ്. ഏകാഗ്രതയിൽ നിന്നുള്ള വ്യതിചലനമാണ്. അവർക്ക് കാട്ടിലായാലും ബീച്ചിലായാലും ഏകാഗ്രത കിട്ടില്ല എന്നാൽ തൃഷ്ണ ഇല്ലാതായാൽ, ആഗ്രഹങ്ങളില്ലാതായാൽ മനസ്സു ശാന്തമാവും.

പ്രമേഹമുള്ളവന് ഡോക്ടർ ഗുളിക കൊടുക്കും. പഞ്ചസാര കഴിക്കരുതെന്നും പറയും. ഇവിടെ ഗുളിക കഴിക്കുന്നത് അഭ്യാസവും പഞ്ചസാര കഴിക്കാതിരിക്കുന്നത് വൈരാഗ്യവുമാണ്. ഇതു രണ്ടും ഉണ്ടെങ്കിലേ ചിത്തവൃത്തി നിരോധം സംഭവിക്കൂ.

ഭർത്തൃഹരി വിലപിക്കുന്നുണ്ട്. 'ഭോഗാനഭുക്താ:,' വയമേവ ഭുക്താ, 'ഭോഗങ്ങളല്ല ഭുജിക്കപ്പെട്ടത്, ഞാനാണ്' എന്ന്. ഭോഗം അനുഭവിക്കുമ്പോൾ തന്റെ ഇന്ദ്രിയങ്ങളും വീര്യവുമാണ് നശിക്കുന്നത് എന്നു തിരിച്ചറിയേണ്ടതുണ്ട്.

******

---

# എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2018 ഫെബ്രുവരി/മാർച്ച് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 15.02.2018 | ശ്രീമതി.സുമതി ശ്രീകുമാർ | ഡോ.ജി.മാധവൻ നായർ | പറക്കും തളികയും അന്യഗ്രഹജീവികളും | 956 |
| 22.02.2018 | സപ്താഹമാകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല | | | |
| 01.03.2018 | Know Each Other | ശ്രീമതി കല്പകവല്ലി | ഐതിഹ്യമാല | 957 |
| 08.03.2018 | പ്രൊഫ.സുമംഗലാ ദേവി | ഡോ.സുന്ദരി ജി മേനോൻ | WHAT IS MIND? HOWTO CONQUER THE MIND? | 958 |

# ഐതിഹ്യമാല

**കല്പകം സോമരാജൻ**

വാമൊഴിയിൽ കൂടി സാമാന്യജനത്തിന് പകർന്നു കിട്ടിയിട്ടുള്ള ചരിത്രസ്പർശമുള്ള അറിവുകളാണ് ഐതിഹ്യങ്ങൾ. പഴങ്കഥ, പഴഞ്ചൊല്ലുകൾ, പഴമ്പാട്ടുകൾ, കെട്ടുകഥകൾ ഇങ്ങനെ പല രീതികളിലായി പൗരാണിക മനുഷ്യന്റെ മനസ്സുകളിൽ അനുഭവസമ്പത്തും ഭാവനാ വിലാസവും കൂടികലർന്ന് ജന്യമാകുന്ന കഥാകല്പനകളാണ് ഈ ഐതിഹ്യങ്ങളിൽ വിരാചിക്കുന്നത്. ഇവയിൽ തന്നെ പരശ്ശതം വർഷങ്ങളായി വളരെ ശ്രേഷ്ഠവും സ്ഫുടവുമായി മനുഷ്യസമൂഹം കൈമാറി കൈമാറി മനസ്സിൽ സ്ഥിര പ്രതിഷ്ഠിതങ്ങളായിട്ടുള്ള കഥകൾ ഐതിഹ്യ പദവിയെ അലങ്കരിച്ച് എന്നും നിലനില്ക്കുന്നു.

'ഇത' എന്നാൽ ഇപ്രകാരം 'ഹ' പ്രസിദ്ധം. ഈ ശബ്ദങ്ങളിൽ നിന്നാണ് ഇതിഹാസവും ഐതിഹ്യവും ഉണ്ടായിരിക്കുന്നതെന്ന് അഭിജ്ഞമതം. എന്നാൽ ഐതിഹ്യകഥകൾക്ക് സാധുതയില്ല. മിക്കവാറും എല്ലാം തന്നെ സങ്കല്പ സൃഷ്ടികൾ ആയിരിക്കും. ഐതിഹ്യങ്ങളിൽ യുക്തിഭംഗങ്ങൾ ധാരാളം കാണാം. ഇവ അത്യുക്തിജഡിലങ്ങൾ ആയിരിക്കാം. പക്ഷെ ഒരു കാര്യം സുനിശ്ചിതമാണ്. അക്കാലത്തെ മതപരവും സാമൂഹികവും സാമുദായീകവുമായ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും വിശ്വാസങ്ങളുടേയും ഒരേകദേശ രൂപം ഇത്തരം കഥകളിൽ നിറഞ്ഞു നില്ക്കുന്നു. മാത്രമല്ല ഇവ ചരിത്രസത്യങ്ങളോട് തോൾ ചേർന്നു തന്നെ നില്ക്കുന്നു. സൂക്ഷ്മവും സത്യസന്ധവുമായ ചരിത്രം ലഭിക്കാത്തിടത്തോളം കാലം ഐതിഹ്യ കഥകളുടെ പ്രാധാന്യം ഏറുകയും ചെയ്യുന്നു.

ചരിത്രാതീത കാലത്തെ പല പ്രമുഖ സംഭവവികാസങ്ങളും ഐതിഹ്യകഥകളിലൂടെയാണ് നമുക്കു ലഭിക്കുന്നത്. ചരിത്രരചനയിലും ഐതിഹ്യകഥകളുടെ പ്രാമാണ്യം അവഗണിക്കുവാൻ പറ്റാത്ത രീതിയിലാണെന്നും കാണാം. ഐതിഹ്യത്തെ 'പാരമ്പര്യോപദേശം' എന്നാണ് അമരകോശത്തിൽ വ്യവച്ഛേദിച്ച് കാണുന്നത്. നമ്മുടെ രീതിയിൽ ചിന്തിക്കുമ്പോൾ ഐതിഹ്യത്തിന് ആധികാരിക ഭാവം തന്നെ കല്പിച്ചുകൊടുത്തിരിക്കുന്നു എന്നു ചുരുക്കം. പ്രമുഖരായ നമ്മുടെ പല കവികളും നാടകാചാര്യന്മാരും അന്നന്നു പ്രചാരത്തിലിരുന്ന ഐതിഹാസിക കഥകളെ തങ്ങളുടെ രചനകളിൽ വളരെ പ്രാധാന്യത്തോടെ അവലംബിച്ചിരിക്കുന്നതായി കാണാം.

നാട്ടുചരിത്രങ്ങളെപ്പറ്റി ചിന്തിച്ചാൽ തന്നെ ബഹുമുഖങ്ങളായ ഐതിഹ്യകഥകളാൽ സമ്പുഷ്ടമായിരുന്നു മലയാളക്കര എന്നു കാണാം. നാടിന്റെ പല ഭാഗങ്ങളിലായി പല നാട്ടാരചന്മാർ, അവരെ ചുറ്റിപ്പറ്റിയുള്ള ഭരണവൃന്ദങ്ങൾ, പരിചാരകന്മാർ, പടയാളികൾ, പൗരപ്രമുഖന്മാർ, സാമാന്യജനങ്ങൾ തുടങ്ങി അനേകരുടെ ചരിത്രങ്ങൾ ഐതിഹ്യജടിലങ്ങളായി അരങ്ങേറിയിരിക്കുന്നു. ചരിത്രപ്രസിദ്ധമായ അനേകം ക്ഷേത്രങ്ങൾ, വലുപ്പചെറുപ്പഭേദമെന്യേ കേരളത്തിലങ്ങോളമിങ്ങോളം കാണാം. വൈദേശിക മതങ്ങളുടെ അധിനിവേശത്തിനു ശേഷം അവരുടെ ആരാധനാലയങ്ങളും ഇവിടെ നിരവധിയാണ്. അതുപോലെ വിവിധ സമുദായങ്ങൾ, അവരൊക്കെ ആചരിച്ചു വന്ന ജീവിതചര്യകൾ എന്നിവയെല്ലാം മലയാളത്തെ സംബന്ധിച്ചിടത്തോളം വിഭിന്നങ്ങൾ ആയിരുന്നു. സ്ഥലനാമങ്ങൾ അവയുടെ കാലോചിതമായ പ്രാധാന്യം എന്നിവയെല്ലാം വളരെ നിർണ്ണായകമാണ്. അതുപോലെ ചരിത്രസ്മാരകങ്ങളായ സ്ഥാപനങ്ങൾ അവയുടെയെല്ലാം ഉപജ്ഞാതാക്കളായ പ്രമുഖ വ്യക്തികൾ സാമൂഹ്യപരിഷ്ക്കർത്താക്കൾ, അവരുടെ സാമൂഹ്യഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങി പ്രാചീന ചരിത്രം ചിന്തിച്ചാൽ വളരെ സമ്പുഷ്ടമായൊരു കാലമാണ് മലയാളകരക്കുള്ളത്. അതുപോലെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയുടെ കാര്യത്തിലും മലയാളം മുൻപന്തിയിൽ തന്നെയാണ്. എന്നാൽ ഇവയെല്ലാം ആധികാരികമായ ചരിത്രനിർമ്മിതികൾ ആണോ എന്നത് ചിന്തനീയമാണ്. ഈ സന്ദർഭത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന ഐതിഹ്യങ്ങളെ ആശ്രയിക്കാതെ തരമില്ല എന്നു വരുന്നു. ഐതിഹ്യങ്ങളുടെ സത്യാംശത്തെക്കുറിച്ച് ചിന്തിക്കുന്നത് ഈ സന്ദർഭത്തിലാണ്. സത്യവും ഭാവനയും കൂടി കലർന്നൊരു മിശ്രിതഭാവമാണ് ഐതിഹ്യത്തിനെന്ന് ഈ സമയം ബോധ്യമാകുന്നു. എന്നാൽ യുക്തിയും അനുമാനവും വച്ച്

അപഗ്രഥനം ചെയ്യുമ്പോൾ ഐതിഹ്യത്തിൽ നിന്നു കിട്ടുന്ന അറിവുകൾ അനുസ്മരണീയങ്ങളും സ്തുത്യർഹങ്ങളുമാണ്. ചരിത്രാംശങ്ങളായി ഇവയെ അംഗീകരിക്കുവാൻ ജനം നിർബന്ധിതരായി തീരുന്നു.

ശ്രീ.കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല'യാണ് മലയാളത്തിനു ലഭിച്ചിട്ടുള്ള ഐതിഹ്യഗ്രന്ഥങ്ങളിൽ ഏറ്റവും പ്രമുഖമായിട്ടുള്ളത്. ഇത്രയും വസ്തുനിഷ്ട പ്രാധാന്യത്തോടെ ഈ ശാഖയിൽ ഇതുപോലെ മറ്റൊരു കൃതി മലയാളത്തിൽ ഇല്ല തന്നെ. പണ്ഡിത പാമര ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളെയും രസിപ്പിക്കുന്നതിന് ഈ ലളിതബൃഹത്ഗ്രന്ഥത്തിനു കഴിയും എന്നത് നിസ്തർക്കമായ കാര്യമാണ്. ലളിതസുന്ദരമായ ഗ്രാമ്യഭാഷയിൽ ചരാചര കഥാപാത്രങ്ങളെ അണിനിരത്തിയുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥരചനാപാടവത്തിനു മുന്നിൽ നമുക്ക് നമ്രശിരസ്ക്കരാകാം. തുടരും......

# എറണാകുളം കരയോഗം
# പി.എസ്. ഗോപിനാഥൻ നായർ അവാർഡ് - 2018

കേരള നദീ സംരക്ഷണ സമിതി സ്ഥാപക അദ്ധ്യക്ഷനായിരുന്ന 'പി.എസ്. ഗോപിനാഥൻ നായർ എറണാകുളം കരയോഗവുമായി ചേർന്ന് 2008 മുതൽ ഏർപ്പെടുത്തിയതാണ്' എറണാകുളം കരയോഗം-പി.എസ്. ഗോപിനാഥൻ നായർ അവാർഡ്. പി.എസ്.ഗോപിനാഥൻ നായർ 'ഭൂമിക്കുപനി, ജലം ജീവജലം' തുടങ്ങിയ അനവധി ആധികാരിക പരിസ്ഥിതി ശാസ്ത്ര കൃതികളുടെ രചയിതാവുമാണ്. അദ്ദേഹത്തിൻെറ പേരിലാണ് സംസ്ഥാനതലത്തലുള്ള ഈ പരിസ്ഥിതി സംരക്ഷണ അവാർഡ്.

